# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2018/82222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 16 / Issue 4
April 2025

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

FAMILY RENEWAL YEAR
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)

Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645

വാല്യം 16 ഏപ്രിൽ 2025 ലക്കം 4

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ


ഈസ്റ്റർ മംഗളങ്ങൾ

# ഉള്ളടക്കം


സർക്കുലർ ........ 5
സർക്കുലർ ........ 9
രൂപതാ കച്ചേരി വാർത്തകൾ ........ 13
ഗാഗുൽത്ത 2k25 ........ 15
ഓഡിറ്റിംഗ് ........ 16
വൈദിക സമിതി റിപ്പോർട്ട് ........ 22
കുടുംബകൂട്ടായ്മ - പഠനവിഷയം ........ 24
മതബോധനരംഗം ........ 31
ചെറുപുഷ്പ മിഷൻലീഗ് ........ 35
തിരുബാലസഖ്യം ........ 40
പ്രവാസി അപ്പൊസ്തലേറ്റ് ........ 41
Department of Youth Ministry ........ 42
കെ.സി.വൈ.എം ........ 44
കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ........ 50
കുടുംബപ്രേഷിതത്വം ........ 53
സീയോൻ വാർത്തകൾ ........ 64
സാമൂഹ്യ സേവനരംഗം (WSSS) ........ 65
ജീവസ് & കെ.എൽ.എം ........ 70
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 72
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ........ 75
ബയോവിൻ അഗ്രോ റിസർച്ച് ........ 78
റേഡിയോ മാറ്റൊലി ........ 81
Mary Matha Arts & Science College ........ 84
ഫെഡാർ ഫൗണ്ടേഷൻ ........ 88
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ........ 89
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 90
ബിഷപ്സ് പ്രോഗ്രാം ........ 97

# സർക്കുലർ

***Prot. No.30361/* 2025**
*Circular No.2 /2025*

## പഞ്ചാബ് മിഷൻ

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

ഫരീദാബാദ് രൂപതയുടെ കീഴിൽ നമ്മൾ പഞ്ചാബിൽ ചെയ്യുന്ന പ്രേഷിത പ്രവർത്തനങ്ങളെപ്പറ്റി മാർച്ച് മാസത്തെ ബുള്ളറ്റിനിൽ എഴുതിയിരുന്നത് നിങ്ങൾ വായിച്ചു കാണുമല്ലോ. ആ പ്രവർത്തനത്തിൽ നമ്മൾ പങ്കാളികളാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും എഴുതിയിരുന്നു. പങ്ക് വയ്ക്കപ്പെടാത്ത വിശ്വാസം വിശ്വാസമെന്ന പേരിന് അർഹമല്ല എന്നു നാം തിരിച്ചറിയണം. വിശ്വാസം പങ്ക് വയ്ക്കുന്നതിൽ എങ്ങനെയൊക്കെ പങ്കാളികളാകാം എന്ന് രൂപതയിലെ പല തലങ്ങളിൽ ആലോചിക്കുകയുണ്ടായി. താഴെപ്പറയുന്ന കാര്യങ്ങളാണ് ആ ചർച്ചകളിൽ ഉരുത്തിരിഞ്ഞ് വന്നത്.

മുമ്പ് അറിയിച്ചിരുന്നതുപോലെ ഏറ്റവും അടിയന്തരമായ ആവശ്യം നമ്മുടെ വൈദികർ ശുശ്രൂഷ ചെയ്യുന്ന രണ്ട് സ്ഥലങ്ങളിലും ഉള്ള നമ്മുടെ കത്തോലിക്കാ സഹോദരങ്ങൾക്ക് ഒരുമിച്ച് കൂടി പ്രാർത്ഥിക്കാനുള്ള പ്രാർത്ഥനാലയവും അവിടെ ശുശ്രൂഷ ചെയ്യുന്നവർക്ക് താമസിക്കാനുള്ള സൗകര്യവും ഒരുക്കുക എന്നതാണ്. ഇതിനായി രണ്ട് സ്ഥലത്തും കൂടി ഏകദേശം എൺപത് ലക്ഷം രൂപ ആവശ്യമായി വരും എന്നതാണ് പ്രാഥമിക കണക്ക്. ഈ തുക ഇപ്രാവശ്യത്തെ സ്നേഹനിധി വഴി ഇടവകകളിൽ നിന്ന് കണ്ടെത്താൻ കഴിയും എന്ന ആശയമാണ് എല്ലാവരും തന്നെ പങ്ക് വച്ചത്. കുടുംബങ്ങളിൽ എത്തിക്കാനുള്ള കത്തിൽ ഈ കാര്യം പ്രത്യേകം പരാമർശിക്കുന്നതാണ്. കത്തുകൾ യഥാസമയം കുടുംബങ്ങളിൽ എത്തിക്കാനും അത് തിരികെ വാങ്ങാനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

മൂന്ന് വൈദികർക്കും അവരുടെ രണ്ട് പ്രാദേശിക അൽമായ സഹകാരികൾക്കും അലവൻസ് കൊടുക്കാനും കെട്ടിടവാടക മുതലായവ കൊടുക്കാനും മാസാമാസം വേണ്ടി വരുന്ന തുകയായ ഏകദേശം ഒന്നരലക്ഷം രൂപ ഓരോ മാസവും സമാഹരിക്കുക എന്നതാണ് രണ്ടാമത്തെ ആവശ്യം. വർഷത്തിൽ ഒരു മാസത്തെ ചെലവ് ഓരോ ഫൊറോനായിലെയും ഇടവകകൾ ഒന്നിച്ച് വഹിക്കുക എന്നതാണ്

ഇതു സംബന്ധമായി ഉയർന്ന് വന്ന നിർദ്ദേശം. അധികമായി വരുന്ന ചെലവുകൾക്ക് നീലഗിരി റീജിയനിലെ ഇടവകകൾ തരുന്ന വിഹിതവും ഉപയോഗിക്കാം. ഈ വരുന്ന മെയ് മാസം മുതൽ ഓരോ ഫൊറോനയും ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ഇതിനായി സഹായിക്കേണ്ടതാണ്. ഓരോ ഫൊറോനയും ഏത് മാസമാണ് ഈ തുക പഞ്ചാബ് മിഷനുവേണ്ടി നൽകേണ്ടത് എന്ന് ഉടനെ അറിയിക്കുന്നതാണ്.

തുക കണ്ടെത്താൻ ഇടവകയിൽ വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. എങ്കിലും ഏറ്റവും അനുയോജ്യമായത് പൊതുവായി ഒരു ഞായറാഴ്ച സ്തോത്ര കാഴ്ച ഇതിനായി സ്വീകരിക്കുക എന്നതാണ് പൊതുവെ എല്ലാവരും അഭിപ്രായപ്പെട്ടത്. സ്തോത്രകാഴ്ച എടുക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഒന്നോ രണ്ടോ ഞായറാഴ്ചകളിൽ ഇക്കാര്യത്തെപ്പറ്റി വ്യക്തമായി പള്ളിയിൽ അറിയിക്കുകയും ഇടവകാംഗങ്ങളെ ഒരുക്കുകയും ചെയ്താൽ ആവശ്യത്തിനുള്ള തുക കിട്ടും എന്നാണെന്റെ വിശ്വാസം. തികയാതെ വന്നാൽ ഇടവകയുടെ പൊതുഫണ്ടിൽ നിന്ന് കൂടി എടുക്കുന്നതിൽ തെറ്റില്ല.

ലഭ്യമാകുന്ന തുക അതാത് ഇടവകകളിൽ നിന്ന് പഞ്ചാബിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അയച്ചു കൊടുക്കുന്നതാണ് ഉത്തമം. ഈ നിയോഗത്തിന് സമാഹരിക്കുന്ന തുക മറ്റ് ചെലവുകൾക്ക് ഉപയോഗിക്കരുത്. അക്കൗണ്ട് വിവരങ്ങൾ ഈ ബുള്ളറ്റിനിൽ അന്യത്ര ചേർത്തിട്ടുണ്ട്. ആരെങ്കിലും അവരുടെ സംഭാവനകൾ നേരിട്ട് പഞ്ചാബിലേക്ക് അയച്ചു കൊടുക്കാൻ താത്പര്യപ്പെടുന്നെങ്കിൽ അങ്ങനെയുമാകാം. യഥാവിധി പണം കൈപ്പറ്റിയതിന്റെ രസീത് അവർക്ക് ലഭിക്കുന്നതാണ്.

പണം അയക്കുമ്പോൾ തന്നെ **+919946256465** (ഫാ. റ്റിബിൻ ചക്കുളത്തിൽ) എന്ന നമ്പറിലേക്ക് പണം അയക്കുന്ന ആളിന്റെ അല്ലെങ്കിൽ ഇടവകയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേരും വിലാസവും ഈമെയിൽ, വാട്ട്സ്ആപ്പ് നമ്പർ തുടങ്ങിയ വിവരങ്ങളും അറിയിക്കേണ്ടതാണ്. അല്ലെങ്കിൽ കണക്കെഴുതാനും രസീത് അയക്കാനും സാധിക്കുകയില്ല.

കഴിഞ്ഞ രണ്ട് വർഷങ്ങളായി ഇടവകയിലെ മതബോധന വിദ്യാർത്ഥികൾ മാസം തോറും പത്തുരൂപ വീതം സമാഹരിച്ച് പഞ്ചാബിലേക്ക് കൊടുക്കുന്ന ഒരു പദ്ധതിയും നിലവിലുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ ചെലവുകൾ നിർവഹിക്കുന്നതിനായി ആ തുക വലിയൊരു സഹായമായിരുന്നു. അതിൽ സഹകരിച്ച കുട്ടികൾ, മാതാപിതാക്കൾ, പ്രധാനാധ്യാപകർ, മറ്റ് അധ്യാപകർ,

അതിനെല്ലാം പ്രചോദനമായി നിന്ന രൂപതാ മതബോധന ഡയറക്ടർ, രൂപതാ ടീമംഗങ്ങൾ, ബഹുമാനപ്പെട്ട വികാരിയച്ചന്മാർ എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കുകയും അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

നിർഭാഗ്യവശാൽ, അറുപത് ഇടവകകളിൽ നിന്ന് മാത്രമാണ് ഇങ്ങനെ കുട്ടികളുടെ സംഭാവനകൾ ഇതുവരെ സ്വീകരിച്ചത്. ഈ വർഷവും തുടർന്ന് വരുന്ന വർഷങ്ങളിലും എല്ലാ ഇടവകകളിലെയും കുട്ടികൾ സന്മനസ്സോടെ തരുന്ന തുക സമാഹരിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മതാദ്ധ്യാപകരേയും കുട്ടികളേയും പ്രോത്സാഹിപ്പിക്കണം. ഇതിലൂടെ കുട്ടികളുടെ പ്രേഷിതാവബോധം വളരാനും ഭാവിയിൽ പ്രേഷിത പ്രവർത്തനത്തിനും പ്രചോദനമാകും.

കുട്ടികളിൽ നിന്ന് സമാഹരിക്കുന്ന തുക ഇടവകയുടെ കണക്കിൽ ചേർക്കേണ്ടതില്ല. ബഹുമാനപ്പെട്ട പ്രധാനാധ്യാപകർ അത് രൂപതയുടെ മതബോധന ഓഫീസിൽ എത്തിക്കുകയും അവിടെ നിന്ന് അയച്ചു കൊടുക്കുകയും ചെയ്യുന്നതാണ്.

മിഷൻലീഗുകാരും അവരുടേതായ രീതിയിൽ സഹകരിക്കുന്നുണ്ട്. പ്രാർത്ഥനാലയ നിർമ്മാണത്തിനാണ് അവർ സമാഹരിക്കുന്നത്. മിഷൻലീഗിന്റെ രൂപതാ ഡയറക്ടറെയും ടീമംഗങ്ങളെയും എല്ലാ മിഷൻലീഗ് പ്രവർത്തകരെയും നന്ദിയോടെ അനുസ്മരിക്കുന്നു. അഭിനന്ദനങ്ങൾ നേരുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാരുടെയും മറ്റ് എല്ലാ വികാരിയച്ചന്മാരുടെയും സഹായവും സഹകരണവും സന്മനസ്സും അനിവാര്യമാണ്. എല്ലാവരും അർഹിക്കുന്ന പ്രാധാന്യത്തോടെ ഇക്കാര്യം പരിഗണിച്ച് ഈ മഹനീയ സംരംഭം വിജയിപ്പിക്കണം എന്നഭ്യർത്ഥിക്കുന്നു.

നമ്മുടെ രൂപതയിലെ പല ഇടവക ദൈവാലയങ്ങളും വൈദിക മന്ദിരങ്ങളും വിദേശത്തുള്ള നമ്മുടെ സഹോദര ക്രൈസ്തവരുടെ ഉദാരമായ സംഭാവനകൾ കൊണ്ട് നിർമ്മിച്ചവയാണ്. അതുപോലെ തന്നെ നമുക്ക് ധാരാളം വൈദികരുണ്ടാകാനുള്ള സാഹചര്യം സൃഷ്ടിച്ചതും അവർ തന്ന സംഭാവന തന്നെയാണ്. അതിന് ഒരു പ്രതിനന്ദിയായും മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെ നമുക്ക് കരുതാം. ഇത്തരുണത്തിൽ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്കോർക്കാം:

*അതിനാൽ, എനിക്കുമുമ്പേ നിങ്ങളുടെ അടുത്തുവന്ന് നിങ്ങൾ വാഗ്ദാനംചെയ്ത ഉദാരമായ സംഭാവന മുൻകൂട്ടി സജ്ജമാക്കാൻ സഹോദരൻമാരെ പ്രേരിപ്പിക്കുക ആവശ്യമാണെന്നു ഞാൻ കരുതി. അങ്ങനെ ആ സംഭാവന, ഞങ്ങളുടെ നിർബന്ധം മൂലമല്ല, നിങ്ങളുടെ സന്മനസ്സുകൊണ്ടാണ് ശേഖരിച്ചതെന്നു വ്യക്തമാകട്ടെ. സത്യമിതാണ്: അൽപം വിതയ്ക്കുന്നവൻ അൽപം മാത്രം കൊയ്യും; ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും. ഓരോരുത്തരും സ്വന്തം തീരുമാനമനുസരിച്ചുവേണം പ്രവർത്തിക്കാൻ. വൈമനസ്യത്തോടെയോ നിർബന്ധത്തിനു കീഴ്വഴങ്ങിയോ ആകരുത്. സന്തോഷപൂർവം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്. നിങ്ങൾ ഉദാരശീലരാകേണ്ടതിന് ദൈവം നിങ്ങളെ എല്ലാവിധത്തിലും സമ്പന്നരാക്കുകയും, അതു ഞങ്ങളിലൂടെ ദൈവത്തിനു കൃതജ്ഞതാസ്തോത്രമായി പരിണമിക്കുകയും ചെയ്യും* (2 കോറിന്തോസ് 9: 5-7, 11).

മേൽപറഞ്ഞ കാര്യങ്ങളോടൊപ്പം സാധിയ്ക്കുന്നവരൊക്കെ പഞ്ചാബ് മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുകയും അതുവഴി നമ്മുടെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി അടുത്തറിയുവാനും അവിടെ സേവനം ചെയ്യുന്ന വൈദികർക്ക് ഒരു പ്രോത്സാഹനമാകുവാനും സാധിക്കും. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ പഞ്ചാബ് മിഷനേയും ഓർക്കുമല്ലോ.

ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നതോടൊപ്പം അനുഗ്രഹപൂർണ്ണമായ ഉയിർപ്പുതിരുനാൾ മംഗളങ്ങളും നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്തഞ്ചാമാണ്ട് മാർച്ച് മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.

യേശുവിൽ,

JOSE PORUNNEDOM — BISHOP OF MANANTHAVADY

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ സർക്കുലർ 2025 ഏപ്രിൽ 6-ാം തീയതി ഞായറാഴ്ച്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ ഇടവകകൾ, സംഘടനകൾ, സമർപ്പിത സമൂഹങ്ങൾ എന്നിവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാനും ശ്രദ്ധിക്കണം എന്ന ഭ്യർത്ഥിക്കുന്നു.

# സർക്കുലർ

***Prot. No.30362/ 2025***
*Circular No.3 /2025*

## ഭിന്നശേഷി വിഭാഗക്കാർക്കുള്ള പ്രത്യേക പരിഗണന

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, ഇടവകകളിലെ ഭരണസമിതി അംഗങ്ങളേ, പൊതുയോഗാംഗങ്ങളേ,

പൊതു ഇടങ്ങളിൽ, പ്രത്യേകിച്ച് സഭാസമൂഹത്തിൽ, അധികമൊന്നും ശ്രദ്ധിക്കപ്പെടാത്തതും ചർച്ച ചെയ്യപ്പെടാത്തതും എന്നാൽ അടിയന്തര ശ്രദ്ധ ആവശ്യമുള്ളതുമായ ഒരു വിഷയം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഇതെഴുതുന്നത്. ഭിന്നശേഷിക്കാർ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരും ശാരീരികമോ മാനസികമോ ആയ വെല്ലുവിളികൾ നേരിടുന്നവരുമായ നമ്മുടെ സഹോദരങ്ങളുടെ സൗകര്യാർത്ഥം പള്ളി, പള്ളിമുറി, പാരിഷ് ഹാൾ, സ്കൂൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിൽ സൗകര്യങ്ങൾ ഒരുക്കണമെന്ന് സഭാപ്രബോധനങ്ങളും നമ്മുടെ രാജ്യത്ത് നിലവിലിരിക്കുന്ന നിയമങ്ങളും അനുശാസിക്കുന്ന കാര്യങ്ങളാണവ. ഏതൊരു സമൂഹത്തിന്റെയും മേന്മ വിലയിരുത്തുമ്പോൾ പരിഗണിക്കപ്പെടുന്ന ഒരു പ്രധാന വിഷയമാണ് ആ സമൂഹം അതിലെ അവശത അനുഭവിക്കുന്നവർക്ക് വേണ്ടി പൊതുസ്ഥാപനങ്ങളിൽ ചെയ്തു കൊടുക്കുന്ന സൗകര്യങ്ങൾ. സഭയെ സംബന്ധിച്ച് ഇതിന് ഏറെ പ്രസക്തിയുണ്ട്.

ഈ വിഷയത്തിൽ വ്യക്തമായ സഭാ പ്രബോധനങ്ങൾ ഉണ്ട്. സഭാസ്ഥാപനങ്ങൾ ഭിന്നശേഷിക്കാർക്ക് നൽകേണ്ട പ്രത്യേക പരിഗണനയെക്കുറിച്ചുള്ള പ്രബോധനം എല്ലാ മനുഷ്യരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ എന്ന നിലയിലുള്ള മനുഷ്യമഹത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഇതുസംബന്ധമായി വിവിധ സഭാപ്രബോധനങ്ങളിൽ നിന്നെടുത്ത ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

ഭിന്നശേഷിക്കാർ ഉൾപ്പെടെ ഓരോ വ്യക്തിക്കും തനതായ അന്തസ്സും മഹത്വവും ഉണ്ടെന്ന് സഭാപ്രബോധനങ്ങൾ അനുസ്മരിപ്പിക്കുന്നു. ഈ അന്തസ്സ് ലംഘിക്കാനാവാത്തതാണ്, അത് എല്ലാ സാഹചര്യങ്ങളിലും ബഹുമാനിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. അവർക്ക് എല്ലാ വ്യക്തികളെയും പോലെ തന്നെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളുമുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികളെ പാർശ്വവൽക്കരിക്കുകയോ സമൂഹജീവിതത്തിൽ നിന്ന് ഒഴിവാക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് ഈ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്യണമെന്ന് സഭാപ്രബോധനം ഊന്നിപ്പറയുന്നു.

ഭിന്നശേഷിക്കാരെ സഭാജീവിതത്തിൽ സജീവമായി പ്രോത്സാഹിപ്പിക്കണമെന്നതാണ് സഭാപ്രബോധനം. ആരാധനാക്രമ ആഘോഷങ്ങളും സമൂഹപ്രവർത്തനങ്ങളും ഉൾപ്പെടെ, സഭയുടെ ജീവിതത്തിൽ അവർക്ക് ക്രിയാത്മകമായി പങ്കെടുക്കാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. അവരുടെ കുടുംബങ്ങളെ പിന്തുണയ്ക്കേണ്ട ഉത്തരവാദിത്വം സഭാസമൂഹത്തിനുണ്ട്. അതുപോലെ പള്ളി, പള്ളിമുറി, പാരിഷ്ഹാൾ നമ്മുടെ പൊതു സ്ഥാപനങ്ങൾ തുടങ്ങിയവയിലെ സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കും പ്രയാസം കൂടാതെ പ്രാപ്യമാണെന്ന് ഉറപ്പാക്കണം.

ഭിന്നശേഷിക്കാരുടെ പ്രത്യേകത പരിഗണിച്ചുള്ള അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സഭാംഗങ്ങളുടെ മനോഭാവം രൂപപ്പെടുത്തുന്ന തരത്തിലുള്ള പ്രബോധനങ്ങൾ സുവിശേഷ പ്രഘോഷണത്തിലും മതബോധന പരിപാടികളിലും ഉൾപ്പെടുത്തണം. അവരുടെ ആത്മീയരൂപീകരണത്തിൽ പൂർണ്ണമായും ഏർപ്പെടാനും അവർക്ക് ക്രിസ്തുവിനെ കണ്ടുമുട്ടാനും അവരെ അനുവദിക്കുന്ന ഉചിതമായ രീതികളും വസ്തുക്കളും വികസിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

ഭിന്നശേഷിക്കാർക്ക് സമൂഹത്തെ സമ്പന്നമാക്കാൻ കഴിയുന്ന അതുല്യമായ കഴിവുകളും വ്യക്തിപ്രഭാവവും ഉണ്ടെന്ന് സഭാപഠനങ്ങൾ എടുത്ത് പറയുന്നുണ്ട്. അവരുടെ അനുഭവങ്ങളും കാഴ്ചപ്പാടുകളും വിലമതിക്കപ്പെടുകയും സഭാസമൂഹത്തിന്റെ ജീവിതവുമായി സംയോജിപ്പിക്കുകയും വേണം. വിശ്വാസത്തെയും സമൂഹത്തെയും സംബന്ധിക്കുന്ന കാര്യങ്ങളിൽ ആഴത്തിലുള്ള അറിവും ബോധ്യങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതാണ്. അവർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അവബോധം വളർത്തുന്നതും ഐക്യദാർഢ്യത്തിന്റെയും പിന്തുണയുടെയും ഒരു സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

ഭിന്നശേഷിക്കാർക്ക് സഭാസമൂഹം തങ്ങളുടെ സ്വന്തമാണെന്ന ബോധം വളർത്തിയെടുക്കാൻ സഹായിക്കുന്ന ഒരു മനോഭാവമാണ് സഭാസമൂഹം വളർത്തിയെടുക്കേണ്ടത്. അവർ അംഗീകരിക്കപ്പെടുകയും വിലമതിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതായി അനുഭവപ്പെടുന്ന വിധത്തിൽ അവരെ ഉൾക്കൊള്ളുന്ന സമൂഹങ്ങൾ രൂപപ്പെടണം. മറ്റ് വാക്കുകളിൽ പറഞ്ഞാൽ അവരോടുള്ള നമ്മുടെ നിസ്സംഗ സമീപന രീതി മാറ്റണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ തന്നെയാണ് നിയമനിർമ്മാണത്തിലൂടെ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയിരിക്കുന്നതും. 2016 ൽ ഭാരത സർക്കാർ നിലവിൽ വരുത്തിയ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ (Rights of Persons with Disabilities Act of 2016) എന്ന നിയമ

ത്തിലും അതുസംബന്ധമായ ചട്ടങ്ങളിലുമാണ് ഇക്കാര്യങ്ങൾ വിവരിച്ചിരിക്കുന്നത്. ഇവയാകട്ടെ ഐക്യരാഷ്ട്രസഭ 2006-ൽ പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ (United Nations Convention on the Rights of Persons with Disabilities: December 2006) അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ളവയുമാണ്. ഭാരതം 2007-ൽ ആ പ്രമേയം അംഗീകരിക്കുകയും 2016 ൽ അതുസംബന്ധമായ നിയമം നടപ്പിൽ വരുത്തുകയും ചെയ്തു. ഈ നിയമം പള്ളികൾ അടക്കമുള്ള എല്ലാ പൊതു സംവിധാനങ്ങൾക്കും ബാധകമാണ്. വേണ്ടത്ര അവബോധത്തിന്റെ കുറവുകൊണ്ടാകാം ഈ നിയമമനുസരിച്ചുള്ള സംവിധാനങ്ങൾ നമ്മുടെ ഭൂരിഭാഗം സ്ഥാപനങ്ങളിലും ഒരുക്കിയിട്ടില്ല. അക്കാര്യം ഭിന്നശേഷി സംഘടനയുടെ പ്രതിനിധികൾ ഈ അടുത്തയിടെ എന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഇതെഴുതുന്നത്.

മേൽപ്പറഞ്ഞ സഭാ പ്രബോധനങ്ങളുടെയും രാജ്യനിയമങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ രൂപതയിലെ പള്ളികൾ, പള്ളിമുറികൾ, പാരിഷ് ഹാളുകൾ, സ്കൂളുകൾ, അഗതിമന്ദിരങ്ങൾ തുടങ്ങിയവയിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1. ഭിന്നശേഷിക്കാർ ഉപയോഗിക്കുന്ന പ്രത്യേകതരം വാഹനങ്ങൾ കെട്ടിടത്തിന്റെ പരമാവധി അടുത്തുവരെ കൊണ്ടുവരാനുള്ള തരത്തിലുള്ള റോഡ്.
2. അത്തരം വാഹനങ്ങൾ പാർക്ക് ചെയ്യാൻ നിയമമനുസരിച്ച് അടയാളപ്പെടുത്തിയ പാർക്കിംഗ് സ്ഥലങ്ങൾ.
3. ഭിന്നശേഷിക്കാർക്ക് അകത്തേക്ക് പ്രവേശിക്കാൻ പറ്റുന്ന രീതിയിലുള്ള റാമ്പ്, വീതി കൂടിയതും അടിഭാഗത്ത് കാൽ തട്ടി വീഴാതിരിക്കത്തക്ക രീതിയിൽ പടി വയ്ക്കാത്തതുമായ വാതിൽ എന്നിവ.
4. കെട്ടിടത്തിനകത്ത് ഇരിക്കാനും നിൽക്കാനുമായി പ്രത്യേകം സ്ഥലവും ഇരിപ്പിടം ഉൾപ്പെടെയുള്ള സൗകര്യങ്ങളും.
5. വീൽചെയർ ഉരുട്ടി സ്വയം പ്രവേശിക്കാൻ പറ്റിയ വീതി കൂടിയ വാതിലോടുകൂടിയ ടോയ്‌ലറ്റ്.
6. ലിഫ്റ്റ് ഉള്ളിടത്ത് കാഴ്ചശക്തി ഇല്ലാത്തവർക്കും മനസ്സിലാക്കാൻ പറ്റുന്ന വിധം ബ്രെയിൽ ലിപിയിൽ അടയാളപ്പെടുത്തിയ നിയന്ത്രണ സംവിധാനങ്ങൾ. ഓരോ നിലയിലും എത്തുമ്പോൾ തിരിച്ചറിയാനായി അനൗൺസ്മെന്റ് സംവിധാനം.

മേൽപ്പറഞ്ഞവയോടൊപ്പം ഇടവകകളിൽ പരിഗണിക്കപ്പെടേണ്ട വിഷയമാണ് പൊതുപ്പണി, കുടിശ്ശിക എന്നിവയിൽ നിന്ന് ഭിന്നശേഷിക്കാർക്ക് ഒഴിവ് നൽകുന്ന കാര്യം. അതുപോലെ അവരുടെ പേരിൽ കുടിശ്ശിക എഴുതുന്നതിന്റെ സാംഗത്യവും. സ്വാഭാവികമായും നിർധനരായവരെയാണ് ഇവിടെ പരാമർശിക്കു

ന്നത്. കാഴ്ചയുള്ളവർക്കും കൈകൾക്ക് സ്വാധീനക്കുറവ് ഇല്ലാത്തവർക്കും പൊതുപ്പണിക്ക് പകരം കമ്പ്യൂട്ടറിലുള്ള ഡേറ്റാ എൻട്രി, ഇടവകയുടെ മീഡിയാ പ്രവർത്തനവുമായി ബന്ധപ്പെട്ട എഡിറ്റിംഗ്, സമൂഹമാധ്യമങ്ങൾ വഴിയുള്ള വാർത്താബുള്ളറ്റിൻ തുടങ്ങിയ ജോലികൾ പരിഗണിക്കാവുന്നതാണ്.

സംസാരശേഷിയും ശ്രവണശക്തിയും ഇല്ലാത്തവരും നമ്മുടെ സമൂഹത്തിൽ ഒട്ടനവധിയുണ്ട്. അങ്ങനെയുള്ള സഹോദരങ്ങൾക്ക് സജീവമായി വി. കുർബാനയിൽ പങ്കെടുക്കുന്നതിനും തിരുവചന സന്ദേശങ്ങൾ കേൾക്കുന്നതിനും ആംഗ്യഭാഷ പഠിച്ചിട്ടുള്ള ബഹുമാനപ്പെട്ട വൈദികരുടെയും മറ്റുള്ളവരുടെയും സഹായത്താൽ പ്രത്യേക ശുശ്രൂഷകൾ സംഘടിപ്പിക്കുന്ന കാര്യം ചിന്തിക്കേണ്ടതാണ്. ഓരോ ഇടവകയിലും ഈ ശുശ്രൂഷ ലഭ്യമാക്കുന്നതിന് പകരം ഫൊറോനാ തലത്തിൽ വർഷത്തിൽ ചുരുങ്ങിയത് രണ്ട് പ്രാവശ്യമെങ്കിലും ഇത്തരം ശുശ്രൂഷകൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും.

മേൽപ്പറഞ്ഞ കാര്യങ്ങളിലേക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉള്ളവരുടെയും സത്വരശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യങ്ങൾക്കുള്ള സാമ്പത്തിക അനുവാദങ്ങൾ കൊടുക്കുന്നതിൽ ഇടവകകളിലെ പൊതുയോഗാംഗങ്ങളും പ്രതിനിധിയോഗാംഗങ്ങളും മറ്റും പ്രത്യേകം താത്പര്യമെടുക്കണം.

ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്തഞ്ചാമാണ്ട് മാർച്ച് മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.

JOSE PORUNNEDOM
BISHOP OF MANANTHAVADY

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**പ്രത്യേകശ്രദ്ധക്ക്:** ഈ സർക്കുലർ 2025 ഏപ്രിൽ മാസം 27 ന് ഞായറാഴ്ച ഇടവകപ്പള്ളികളിലും വിശ്വാസിസമൂഹത്തിന് വേണ്ടി വി. കുർബാനയർപ്പിക്കപ്പെടുന്ന മറ്റ് സ്ഥലങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതും ഇടവകയുടെയും സ്ഥാപനങ്ങളുടെയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഷെയർ ചെയ്യേണ്ടതുമാണ്.

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ഏപ്രിൽ 5 ന് ബഹു. തോമസ് തുരുത്തേലച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെയും, ഏപ്രിൽ 15 ന് ബഹു. ജേക്കബ് നരിക്കുഴി അച്ചന്റെയും, ഏപ്രിൽ 21 ന് ബഹു. അഗസ്റ്റിൻ കണ്ണാടിക്കരയച്ചന്റെയും, ഏപ്രിൽ 29 ന് ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതിയാണ്. അന്നേ ദിവസം ഞായറാഴ്ച്ചയായതുകൊണ്ട് ഏപ്രിൽ 5-ാം തീയതി ശനിയാഴ്ച്ച കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**3. കൈക്കാരന്മാർക്കുള്ള കോഴ്സ് 2025 മെയ് 24**

കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർ സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ ആകണമെന്ന് നിർബന്ധമുണ്ടല്ലോ. ഇപ്രാവശ്യത്തെ കൈക്കാരൻമാർക്കുള്ള കോഴ്സ് മെയ് 24 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ഈ കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**4. രൂപതാ ദിനം**

ഇപ്രാവശ്യത്തെ രൂപതാദിനം മെയ് 1 ന് ഓരോ ഇടവകയും കുടുംബ നവീകരണ വർഷത്തിന്റെ പശ്ചാത്തലത്തിൽ വിവിധ പരിപാടികളോടെ നടത്തേണ്ടതാണ്. അന്നേദിനം അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടിയും രൂപതാ മുഴുവനുവേണ്ടിയും പ്രാർത്ഥിക്കുകയും രൂപതാ ദിനത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്യാം.

**5. ഈസ്റ്റർ തിരുകർമ്മങ്ങളുടെ സമയം**

2025 ഉയിർപ്പു തിരുനാളിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ ദുഃഖശനിയാഴ്ച

വൈകുന്നേരം 8 മണിക്ക് ആരംഭിച്ച് 10 മണിക്ക് അവസാനിക്കത്തക്ക വിധത്തിലാണ് ക്രമീകരിക്കേണ്ടത്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം യഥാസമയം പള്ളികളിൽ അറിയിക്കേണ്ടതാണ്.

**6. മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനത്തിലായിരിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് 2025 ഏപ്രിൽ 14 ന് രാവിലെ 7 മണിക്ക് രൂപതാ മൈനർ സെമിനാരിയിൽ വച്ച് മൈനർ ഓർഡേഴ്സ് നല്കപ്പെടുന്നതായിരിക്കും.

**7. വൈദിക വസ്ത്ര സ്വീകരണം**

ബിരുദാനന്തര ബിരുദമോ റീജൻസിയോ കഴിഞ്ഞ് ദൈവശാസ്ത്ര പഠനത്തിനായി തയ്യാറെടുക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് മെയ് 10 ശനിയാഴ്ച്ച രൂപതാ മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വൈദിക വസ്ത്രം നൽകുന്നതായിരിക്കും.

**8. പഞ്ചാബ് മിഷൻ സഹായം അയക്കേണ്ട ബാങ്ക് അക്കൗണ്ട്**

**NAME: JEEVANJYOTHI**
**A/C no.: 42572776217**
**IFSC: SBIN0011909**
**Branch code. 11909**
**SBI, KOT ISE KHAN, MOGA,**
**PUNJAB**
**PAN: AAETJ7315D**

## അറിയിപ്പ് - വേതന വർദ്ധനവ്

1. ബഹു. വൈദികരുടെ പ്രതിമാസ അലവൻസ് 2025 ഏപ്രിൽ മാസം മുതൽ 16,000 രൂപയായി നിശ്ചയിച്ചിരിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ 500 രൂപ വീതം സാധാരണ വർദ്ധനവുണ്ടാകുന്നതാണ്.
2. ദേവാലയ ശുശ്രൂഷികൾക്കുള്ള വേതനം ഏപ്രിൽ മാസം മുതൽ ഇപ്പോഴുള്ള വേതനത്തിനോടൊപ്പം 300 രൂപ ഇൻക്രിമെന്റ് ചേർത്തുള്ള തുകയാണ് നൽകേണ്ടത്. തുടർന്നുള്ള വർഷങ്ങളിൽ 150 രൂപ വീതം വർദ്ധനവുണ്ടാകുന്നതാണ്.
3. സെക്രട്ടറിയുടെ വേതനം ഏപ്രിൽ മാസം മുതൽ ഇപ്പോഴുള്ള വേതനത്തിനോടൊപ്പം 200 രൂപ ഇൻക്രിമെന്റ് ചേർത്തുള്ള തുകയാണ് നൽകേണ്ടത്. തുടർന്നുള്ള വർഷങ്ങളിൽ 100 രൂപ വീതം വർദ്ധനവുണ്ടാകുന്നതാണ്.

**ബിഷപ്പ് അലക്സ് താരാമംഗലം**
സഹായമെത്രാൻ

# ഗാഗുൽത്ത 2k25

## നാൽപ്പതാം വെള്ളി
## കാൽനട തീർത്ഥാടനവും ദണ്ഡവിമോചന ശുശ്രൂഷയും

ആഗോള സഭയിലെ ജൂബിലി വർഷാചരണത്തിന്റെ ഭാഗമായ് മാനന്തവാടി രൂപതയിലെ കല്ലോടി, ദ്വാരക, പയ്യമ്പള്ളി, മാനന്തവാടി ഫൊറോനകളുടെ നേതൃത്വത്തിൽ ഏപ്രിൽ 11 ന് നാൽപ്പതാം വെള്ളിയാഴ്ച്ച ഗാഗുൽത്ത 2k25 എന്ന പേരിൽ മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിലേക്ക് കുരിശിന്റെ വഴി പ്രാർത്ഥനാപൂർവ്വം നടത്തപ്പെടുന്നു. കുടുംബ നവീകരണ വർഷമായി ആചരിക്കുന്ന ഈ അവസരത്തിൽ കുടുംബസമേതം ഈ പരിഹാര പ്രദക്ഷിണത്തിൽ പങ്കെടുത്ത് ദണ്ഡവിമോചനം പ്രാപിക്കുവാൻ പരിശ്രമിക്കുമല്ലോ. എല്ലാവരേയും ഈ ആത്മീയ ശുശ്രൂഷയിലേക്ക് സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**പൊതുവായ ക്രമീകരണം**

കല്ലോടി ഫൊറോനയിലെ ആളുകൾ കല്ലോടിയിൽ നിന്നും, ദ്വാരക ഫൊറോനയിൽ നിന്ന് പങ്കെടുക്കുന്നവർ തോണിച്ചാലിൽ നിന്നും, പയ്യംമ്പള്ളി ഫൊറോനയിലെ അംഗങ്ങൾ ഒണ്ടയങ്ങാടിയിൽ നിന്നും, മാനന്തവാടി ഫൊറോനയിലെ അംഗങ്ങൾ താഴേ കണിയാരത്തു നിന്നുമായിരിക്കും കുരിശിന്റെ വഴി ആരംഭിക്കുന്നത്. വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവർ കുരിശിന്റെ വഴി പ്രാർത്ഥന ചൊല്ലി വൈകുന്നേരം 7 മണിയോടെ കത്തീഡ്രൽ ദേവാലയത്തിൽ എത്തിച്ചേരുകയും അവിടെവച്ച് അഭിവന്ദ്യ പിതാവിന്റെ സന്ദേശവും തുടർന്ന് ദണ്ഡവിമോചന ശുശ്രൂഷയും ദിവ്യകാരുണ്യ ആശീർവാദവുമുണ്ടായിരിക്കും. നേർച്ചഭക്ഷണത്തിനു ശേഷം തിരിച്ചു പോകുന്ന വിധത്തിലാണ് പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. നാൽപ്പതാം വെള്ളിയാഴ്ചയിലെ ഈ തീർത്ഥാടനത്തിൽ ഭക്തിപൂർവ്വം പങ്കുചേർന്നുകൊണ്ട് നമ്മുടെ വിശ്വാസം പ്രഘോഷിക്കുവാനും ഈശോയുടെ ജനനത്തിന്റെ ഈ ജൂബിലി വർഷം ദൈവം നൽകുന്ന അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ചെയർമാൻ**

കുടുംബ നവീകരണ വർഷകമ്മിറ്റി

പ്രിയമുള്ളവരേ,

നമ്മുടെ രൂപതയിലെ 2024-2025 വർഷത്തെ എല്ലാ ഇടവകകളുടെയും, സ്ഥാപനങ്ങളുടേയും ഓഡിറ്റിംഗ് ഏപ്രിൽ **22-ാം തീയതി മുതൽ മെയ് 3-ാം തീയതി** വരെ നടത്തപ്പെടുന്നതാണ് ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 22-ാം തീയതി മുതൽ മെയ് 3 വരെയും, സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റിംഗ് (FC & General) മെയ് 1, 2 തീയതികളിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഓഡിറ്റിംഗിനായി വരുമ്പോൾ കഴിഞ്ഞ വർഷം ഓഡിറ്റേഴ്സ് നൽകിയ നിർദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തീയതികൾ താഴെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കു ശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയും ഉച്ചയ്ക്കു ശേഷം കിട്ടിയിരിക്കുന്നവർ ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടിയും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം വളരെ അത്യാവശ്യമായി വന്നാൽ രൂപതാ ഓഫീസിൽ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

**ഇടവകയുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി വരുമ്പോൾ താഴെ പറയുന്ന രേഖകൾ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.**

വികാരി ജനറാളിന്റെ വിലയിരുത്തലിന്:

1. വാർഷിക തെരട്ട്ബുക്ക്
2. വാഷിക പൊതുയോഗ മിനിട്സിന്റെ പകർപ്പ്
3. 2025-2026 വർഷത്തിലേക്കുള്ള അംഗീകരിച്ച ബഡ്ജറ്റ്
4. വാർഷിക തെരട്ടിന്റെ 2 കോപ്പികൾ
5. 10 ശതമാനം രൂപതാ വിഹിതം അടച്ചതിന്റെ രസീത്
6. കൈക്കാരൻമ്മാരുടെ പ്രതിജ്ഞാപത്രം
7. അക്കൗണ്ടിംഗ് സോഫ്റ്റ്വെയറിന്റെ വാർഷിക മെയിന്റനസ് ചാർജ്ജ് അടച്ചതിന്റെ രസീത്

**ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്ക്:**

1. Online ആയി account ചെയ്തതിന്റെ Print out
    * Daybook (നാൾവഴി)
    * Ledger

* Annual Statement of Receipt and Payment - 2 കോപ്പി
1 കോപ്പി Ledger ന്റെ കൂടെ bind ചെയ്യണം, 1 കോപ്പി ഓഡിറ്റേഴ് സിന് നൽകുവാൻ)

2. പാസ്ബുക്കുകൾ/ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ചെക്കുബുക്കുകൾ
4. ബില്ലുകൾ, വൗച്ചറുകൾ, രസീത് കുറ്റികൾ
5. FD രസീതുകൾ
6. 10,000 രൂപയ്ക്ക് മുകളിൽ പണമായി നൽകിയതിന്റെ വിവരങ്ങൾ
7. TDS അടച്ചതിന്റെ രേഖകൾ
8, 2,00,000 വും അതിന് മുകളിലുമുള്ള തുക പണമായി കൈപ്പറ്റിയതിന്റെ വിവരങ്ങൾ.

അതോടൊപ്പം തന്നെ ചുരുക്കം ചില ഇടവകകളിൽ പള്ളിയുടെ ഭൂനികുതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ നികുതിയും, മറ്റ് നികുതികളും വർഷങ്ങളായി അടച്ചിട്ടില്ലെന്ന് കാണുന്നു. വികാരിയച്ചൻമാർ മുൻകൈ എടുത്ത് പ്രസ്തുത നികുതികൾ എത്രയും വേഗം അടച്ച് രസീത് പള്ളി ഫയലിൽ സൂക്ഷിക്കേണ്ടതും ഒരു കോപ്പി ഓഡിറ്റിംഗിനു വരുമ്പോൾ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്.

നീലഗിരി റീജിയണിലുള്ള പള്ളികളുടെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ നേരത്തെ തന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും മെയ് 10 ന് സേക്രട്ട്ഹാർട്ട് റീജണൽ സെന്ററിൽ വച്ച് ആയിരിക്കും (അധികാരിവയൽ, ഗൂഡല്ലൂർ) നടക്കുന്നത്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു**

| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 22 ചൊവ്വ** |
|---|---|
| 1. ആടിക്കൊല്ലി | രാവിലെ 9 മുതൽ |
| 2. അമരക്കുനി | രാവിലെ 9 മുതൽ |
| 3. ഇരുളം | രാവിലെ 9 മുതൽ |
| 4. കബനിഗിരി | രാവിലെ 9 മുതൽ |
| 5. മരകാവ് | രാവിലെ 9 മുതൽ |
| 6. മരക്കടവ് | രാവിലെ 9 മുതൽ |
| 7. മുള്ളൻകൊല്ലി | രാവിലെ 9 മുതൽ |
| 8. പാടിച്ചിറ | രാവിലെ 9 മുതൽ |
| 9. പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ |
| 10. പുൽപ്പള്ളി | രാവിലെ 9 മുതൽ |
| 11. സീതാമൗണ്ട് | രാവിലെ 9 മുതൽ |

| | |
|---|---|
| 12. ശിശുമല | രാവിലെ 9 മുതൽ |
| 13. വാളാഞ്ചേരി | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 22 ചൊവ്വ** |
| 1. ആലാറ്റിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. ഏലപ്പീടിക | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. കരിമാനി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. കുറ്റിമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. മാനന്തവാടി കത്തീഡ്രൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 23 ബുധൻ** |
| 1. പയ്യംപള്ളി | രാവിലെ 9 മുതൽ |
| 2. അപ്പപ്പാറ | രാവിലെ 9 മുതൽ |
| 3. ആറാട്ടുത്തറ | രാവിലെ 9 മുതൽ |
| 4. ബാവലി | രാവിലെ 9 മുതൽ |
| 5. എടയൂർക്കുന്ന് | രാവിലെ 9 മുതൽ |
| 6. കമ്മന | രാവിലെ 9 മുതൽ |
| 7. കാട്ടിക്കുളം | രാവിലെ 9 മുതൽ |
| 8. മാർട്ടിൻനഗർ | രാവിലെ 9 മുതൽ |
| 9. പടമല | രാവിലെ 9 മുതൽ |
| 10. പനവല്ലി | രാവിലെ 9 മുതൽ |
| 11. തൃശ്ശിലേരി | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 23 ബുധൻ** |
| 1. പാറത്തോട്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. പേരിയ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. പോരൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 7. മാനന്തവാടി ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 24 വ്യാഴം** |
| 1. നടവയൽ | രാവിലെ 9 മുതൽ |
| 2. കുറുമ്പാലക്കോട്ട | രാവിലെ 9 മുതൽ |
| 3. നെയ്ക്കുപ്പ | രാവിലെ 9 മുതൽ |
| 4. പറളിക്കുന്ന് | രാവിലെ 9 മുതൽ |
| 5. വാളവയൽ | രാവിലെ 9 മുതൽ |
| 6. അരിഞ്ചേർമല | രാവിലെ 9 മുതൽ |
| 7. ചെറുകാട്ടൂർ | രാവിലെ 9 മുതൽ |
| 8. ചുണ്ടക്കര | രാവിലെ 9 മുതൽ |
| 9. കല്ലുവയൽ | രാവിലെ 9 മുതൽ |
| 10. കണിയാമ്പറ്റ | രാവിലെ 9 മുതൽ |

| | |
|---|---|
| 11. കേണിച്ചിറ | രാവിലെ 9 മുതൽ |
| 12. പനമരം | രാവിലെ 9 മുതൽ |
| 13. കൂളിവയൽ | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 24 വ്യാഴം** |
| 1. വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. ബോയ്സ്ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. പ്രശാന്തിഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **ബത്തേരി ഫൊറോന** | **ഏപ്രിൽ 25 വെള്ളി** |
| 1. അമ്പലവയൽ | രാവിലെ 9 മുതൽ |
| 2. ചീങ്ങവല്ലം | രാവിലെ 9 മുതൽ |
| 3. ചിത്രഗിരി | രാവിലെ 9 മുതൽ |
| 4. ചൂള്ളിയോട് | രാവിലെ 9 മുതൽ |
| 5. കടൽമാട് | രാവിലെ 9 മുതൽ |
| 6. കരണി | രാവിലെ 9 മുതൽ |
| 7. മീനങ്ങാടി | രാവിലെ 9 മുതൽ |
| 8. കല്ലുമുക്ക് | രാവിലെ 9 മുതൽ |
| 9. പഴൂർ | രാവിലെ 9 മുതൽ |
| 10. സുൽത്താൻ ബത്തേരി | രാവിലെ 9 മുതൽ |
| 11. മൂലങ്കാവ് | രാവിലെ 9 മുതൽ |
| 12. തോമാട്ടുചാൽ | രാവിലെ 9 മുതൽ |
| 13. വടക്കനാട് | രാവിലെ 9 മുതൽ |
| 14 വാകേരി | രാവിലെ 9 മുതൽ |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 25 വെള്ളി** |
| 1. ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 26 ശനി (മണിമൂളി പാസ്റ്ററൽസെന്റർ)** |
| 1. നിലമ്പൂർ | രാവിലെ 9 മുതൽ |
| 2. ചോക്കാട് | രാവിലെ 9 മുതൽ |
| 3. ഇടിവണ്ണ | രാവിലെ 9 മുതൽ |
| 4. മൂലേപ്പാടം | രാവിലെ 9 മുതൽ |
| 5. മൂട്ടിയേൽ | രാവിലെ 9 മുതൽ |
| 6. പൂക്കോട്ടുംപാടം | രാവിലെ 9 മുതൽ |
| 7. പൂളപ്പാടം | രാവിലെ 9 മുതൽ |
| 8. റൂബിനഗർ | രാവിലെ 9 മുതൽ |

9. റ്റി.കെ.കോളനി — രാവിലെ 9 മുതൽ
10. തേൾപ്പാറ — രാവിലെ 9 മുതൽ
11 വടപുറം — രാവിലെ 9 മുതൽ
12. വള്ളിക്കെട്ട് — രാവിലെ 9 മുതൽ

**മണിമൂളി ഫൊറോന ഏപ്രിൽ 26 ശനി (മണിമൂളി പാസ്റ്ററൽ സെന്റർ)**

1. മണിമൂളി — ഉച്ചകഴിഞ്ഞ് 2 മുതൽ
2. ഭൂദാനം — ഉച്ചകഴിഞ്ഞ് 2 മുതൽ
3. നരിവാലമുണ്ട — ഉച്ചകഴിഞ്ഞ് 2 മുതൽ
4. താളിപ്പാടം — ഉച്ചകഴിഞ്ഞ് 2 മുതൽ
5. മുണ്ടേരി — ഉച്ചകഴിഞ്ഞ് 2 മുതൽ
6. പാലാങ്കര — ഉച്ചകഴിഞ്ഞ് 2 മുതൽ
7. പാലേമാട് — ഉച്ചകഴിഞ്ഞ് 2 മുതൽ
8. പാതിരിപ്പാടം — ഉച്ചകഴിഞ്ഞ് 2 മുതൽ
9. തലഞ്ഞി — ഉച്ചകഴിഞ്ഞ് 2 മുതൽ
10. മരുത — ഉച്ചകഴിഞ്ഞ് 2 മുതൽ

**ചുങ്കക്കുന്ന് ഫൊറോന — ഏപ്രിൽ 29 ചൊവ്വ**

1. അടക്കാത്തോട് — രാവിലെ 9 മുതൽ
2. അമ്പായത്തോട് — രാവിലെ 9 മുതൽ
3. ചുങ്കക്കുന്ന് — രാവിലെ 9 മുതൽ
4. കേളകം — രാവിലെ 9 മുതൽ
5. കൊട്ടിയൂർ — രാവിലെ 9 മുതൽ
6. നെല്ലിയോടി — രാവിലെ 9 മുതൽ
7. ഒറ്റപ്ലാവ് — രാവിലെ 9 മുതൽ
8. പാൽചുരം — രാവിലെ 9 മുതൽ
9. ശാന്തിഗിരി — രാവിലെ 9 മുതൽ
10. വെള്ളൂന്നി — രാവിലെ 9 മുതൽ

**തരിയോട് ഫൊറോന — ഏപ്രിൽ 29 ചൊവ്വ**

1. തരിയോട് — ഉച്ചകഴിഞ്ഞ് 2 മുതൽ
2. ചെന്നലോട് — ഉച്ചകഴിഞ്ഞ് 2 മുതൽ
3. കാവുംമന്ദം — ഉച്ചകഴിഞ്ഞ് 2 മുതൽ
4. കോട്ടത്തറ — ഉച്ചകഴിഞ്ഞ് 2 മുതൽ
5. കുറുമ്പാല — ഉച്ചകഴിഞ്ഞ് 2 മുതൽ
6. കുറുമണി — ഉച്ചകഴിഞ്ഞ് 2 മുതൽ
7. മംഗളം — ഉച്ചകഴിഞ്ഞ് 2 മുതൽ
8. പന്തിപ്പൊയിൽ — ഉച്ചകഴിഞ്ഞ് 2 മുതൽ
9. മഞ്ഞൂറ — ഉച്ചകഴിഞ്ഞ് 2 മുതൽ
10. പുതുശ്ശേരിക്കടവ് — ഉച്ചകഴിഞ്ഞ് 2 മുതൽ

**കൽപ്പറ്റ ഫൊറോന — ഏപ്രിൽ 30 ബുധൻ**

1. കല്പറ്റ — രാവിലെ 9 മുതൽ

| | |
|---|---|
| 2. വാഴവറ്റ | രാവിലെ 9 മുതൽ |
| 3. തെനേരി | രാവിലെ 9 മുതൽ |
| 4. നെടുമ്പാല | രാവിലെ 9 മുതൽ |
| 5. കളത്തുവയൽ | രാവിലെ 9 മുതൽ |
| 6. റിപ്പൺ | രാവിലെ 9 മുതൽ |
| 7. കൊളവയൽ | രാവിലെ 9 മുതൽ |
| 8. എടപ്പെട്ടി | രാവിലെ 9 മുതൽ |
| 9. വൈത്തിരി | രാവിലെ 9 മുതൽ |
| 10. ചാരിറ്റി | രാവിലെ 9 മുതൽ |
| 11. ലക്കിടി | രാവിലെ 9 മുതൽ |
| 12. ഒലിവുമല | രാവിലെ 9 മുതൽ |
| 13. ചൂരൽമല | രാവിലെ 9 മുതൽ |
| 14. പുഴമൂടി | രാവിലെ 9 മുതൽ |
| 15. തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 30 ബുധൻ** |
| 1. മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **കല്ലോടി ഫൊറോന** | **മെയ് 3 ശനി** |
| 1. ദീപ്തിഗിരി | രാവിലെ 9 മുതൽ |
| 2. എള്ളുമന്ദം | രാവിലെ 9 മുതൽ |
| 3. ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ |
| 4. കല്ലോടി | രാവിലെ 9 മുതൽ |
| 5. കുഞ്ഞോം | രാവിലെ 9 മുതൽ |
| 6. മക്കിയാട് | രാവിലെ 9 മുതൽ |
| 7. നിരവിൽപുഴ | രാവിലെ 9 മുതൽ |
| 8. പുതുശ്ശേരി | രാവിലെ 9 മുതൽ |
| 9. പുതിയിടംക്കുന്ന് | രാവിലെ 9 മുതൽ |
| 10. വാഞ്ഞോട് | രാവിലെ 9 മുതൽ |
| 11. വാളേരി | രാവിലെ 9 മുതൽ |
| 12. കരിമ്പിൽ | രാവിലെ 9 മുതൽ |

**പ്രത്യേക അറിയിപ്പ്**

Online Accounting System Software Maintenance Charge 3,570/ രൂപ രൂപതയിൽ അടയ്ക്കേണ്ടതാണ്.

**ബിഷപ്പ് അലക്സ് താരാമംഗലം**
സഹായമെത്രാൻ

## വൈദിക സമിതി റിപ്പോർട്ട്

മാനന്തവാടി രൂപത വൈദിക സമിതിയുടെ ഒരു യോഗം 13-03-2025 നു ബിഷപ്സ് ഹൗസിൽ വെച്ച് ചേരുകയുണ്ടായി. ബഹു. അജയ് തേക്കിലക്കാട്ടിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് അഭിവന്ദ്യ ജോസ് പിതാവിന് സപ്തതിയുടെ ആശംസകൾ നേരുകയും എല്ലാവരേയും സ്വാഗതം ചെയ്തു കൊണ്ട് സംസാരിക്കുകയും ചെയ്തു.

**ചർച്ചകൾ, തീരുമാനങ്ങൾ**

**1.** 2024 - 2025 വർഷത്തെ വാർഷിക കണക്കും 2025 - 2026 വർഷത്തെ ബഡ്ജറ്റും രൂപതാ പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചൻ അവതരിപ്പിച്ചു. സമഗ്രമായ ബജറ്റിൽ രൂപതയുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി വ്യക്തമായ വിവരണം നൽകുകയും വൈദീക സമിതിയുടെ സംശയങ്ങൾക്ക് ഉത്തരം കൊടുക്കുകയും ചെയ്തു. തുടർന്ന് എല്ലാവരും ബഡ്ജറ്റും കണക്കും കൈയ്യടിച്ചു പാസാക്കി.

**2.** ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ, 2025 കുടുംബ നവീകരണ വർഷത്തിലെ വിവിധ പ്രവർത്തങ്ങളെപ്പറ്റി വിശദീകരിച്ചു. കുടുംബ കൂട്ടായ്മയിലുള്ള ഇടവക ജനത്തിന്റെ പങ്കാളിത്തത്തെപ്പറ്റി സംസാരിച്ചു. ഈ വർഷത്തിൽ ദമ്പതിമാർക്കായി നടത്തുന്ന സെമിനാറിന്റെ വിവിധ വിഷയങ്ങൾ അവതരിപ്പിക്കുന്ന രൂപതാ റിസോഴ്സ് ടീമിനെപ്പറ്റി സംസാരിച്ചു. ഓരോ ഇടവകയിലും സെമിനാറുകൾ നടത്തുവാൻ സന്നദ്ധമായ ഈ ടീമിനെ വിളിക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുവാൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**3.** W S S S ഡയറക്റ്റർ ബഹു. ജിനോജ് പാലത്തടത്തിൽ അച്ചൻ ചൂരൽമലയിലെ പുനരധിവാസ പ്രവർത്തനങ്ങളെപ്പറ്റി ഒരു സംക്ഷിപ്ത വിവരണം നൽകി. 37 വീടുകൾ വെക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടെന്നും ഓരോരുത്തർക്കുമുള്ള പ്ലോട്ടിന്റെ രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നുവെന്നും അറിയിച്ചു. ഉടനെ തന്നെ തറക്കല്ലിടാനുള്ള ഒരുക്കം നടത്തുമെന്നും യോഗത്തെ അറിയിച്ചു.

**4.** അഭിവന്ദ്യ ജോസ് പിതാവ് പഞ്ചാബ് മിഷൻ സന്ദർശിച്ചു വന്നതിന്റെ വെളിച്ചത്തിൽ പഞ്ചാബ് മിഷനിൽ മാനന്തവാടി രൂപത ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു വിവരണം നൽകി.

രൂപതയിലെ 3 വൈദികർ ചെയ്യുന്ന മിഷൻ പ്രവർത്തങ്ങൾ അഭിനന്ദനാർഹമാണെന്ന് യോഗം പറഞ്ഞു. കോട്ട് ഇസെഖാൻ, ഹസ്തിവാല എന്നീ രണ്ടു പ്രദേശങ്ങളിൽ സ്ഥലം വാങ്ങുകയും അവിടെ ഒരുമിച്ചു കൂടുന്നതിനായി ഒരു ഹാളും വൈദികർക്ക് താമസസൗകര്യവും ക്രമീകരിക്കുന്നതിന് സാമ്പത്തിക സഹായം എല്ലാ ഫൊറോനകളിൽ നിന്നും ചെയ്യുവാൻ പിതാവ് ആവശ്യപ്പെട്ടു. ഇപ്രാവശ്യത്തെ സ്നേഹനിധി കളക്ഷൻ അതിനായി ഉപയോഗിക്കുവാൻ തീരുമാനമുണ്ടായി. അതോടൊപ്പം ഭാവിയിൽ ഓരോ മാസത്തെയും ചെലവുകൾ ഓരോ ഫൊറോനയും വഹിക്കുവാൻ തക്കവിധത്തിൽ ക്രമീകരണം നടത്തുന്നതിനുള്ള ചർച്ച നടക്കുകയും ഇക്കാര്യം എല്ലാ ഫൊറോനാ വികാരിമാരെയും വൈദികരെയും അറിയിച്ച് തീരുമാനമെടുക്കുവാനും യോഗം തീരുമാനിച്ചു.

**5.** ഈ വർഷത്തെ രൂപതാ ദിനം റീജിയണൽ തലത്തിൽ നടത്തുവാൻ ചർച്ചകൾ നടന്നു. എന്നാൽ ഇടവകകൾക്കുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ലളിതമായി ഓരോ ഇടവകയിലും രൂപതാ ദിനം ആചരിക്കാൻ തീരുമാനമെടുത്തു. കുടുംബ നവീകരണ വർഷമായി ആചരിക്കുന്ന ഈ വേളയിൽ ഇതുമായി ബന്ധപ്പെട്ടുള്ള പരിപാടികളും രൂപതാ ദിനത്തിൽ ഉൾപ്പെടുത്തണമെന്ന് യോഗം നിർദ്ദേശിച്ചു.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. എല്ലാവരുടെയും സഹകരണത്തിനു നന്ദി പറയുകയും നിരവധി പ്രതിസന്ധികളും എതിരഭിപ്രായങ്ങളും ഉള്ള കാലഘട്ടത്തിൽ നമ്മുടെ ശുശ്രൂഷകളുടെ പ്രാധാന്യം വർദ്ധിച്ചിരിക്കുന്നുവെന്നും ക്രിയാത്മകമായ ഇടപെടലുകൾ നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നും മാറിവരുന്ന സാമ്പത്തിക നിയമങ്ങളെപ്പറ്റി നമ്മൾ കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം എന്നും തന്റെ സന്ദേശത്തിൽ പിതാവ് പറഞ്ഞു. ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചൻ യോഗത്തിനു നന്ദി പറയുകയും പ്രാർത്ഥനയോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

## 2025 ഏപ്രിൽ മാസത്തിലെ കുടുംബകൂട്ടായ്മകളിലെ പഠന വിഷയം
## വിശുദ്ധ കുർബാന

### I. വി. കുർബാന എന്നാൽ എന്ത്?

നമ്മുടെ രക്ഷയ്ക്ക് വേണ്ടി തന്നെ തന്നെ ബലിയർപ്പിച്ച ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയ്ക്കായി അവിടത്തോട് ചേർന്ന് സഭ വൈദികന്റെ കരങ്ങളിലൂടെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ദൈവപിതാവിന് അർപ്പിക്കുന്ന ബലിയാണ് വിശുദ്ധ കുർബാന.

**വി. കുർബാന ക്രൈസ്തവ ജീവിതത്തിന്**

വിശുദ്ധ കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉടമ്പടിയുമാണ് (രണ്ടാം വത്തിക്കാൻ കൗൺസിൽ)

പരിശുദ്ധ കുർബാനയെക്കാൾ വലിയൊരു സമ്മാനം ലോകത്തിന് നൽകാൻ ദൈവത്തിന് പോലും സാധിക്കില്ല (വി. ജോൺ മരിയ വിയാനി)

നീ ലോകം മുഴുവനും തീർത്ഥാടനങ്ങൾ നടത്തിയാലും നിന്റെ സർവ്വസമ്പത്തും ദാനം ചെയ്താലും അവയ്ക്ക് പരിശുദ്ധ കുർബാനയോളം വിലയില്ല (വി. ബർണാർഡ്)

**വി. കുർബാനയുടെ സ്ഥാപനം**

പഴയ നിയമ പെസഹായുടെ പശ്ചാത്തലത്തിൽ പുതിയ നിയമ ഉടമ്പടിയായ പാപമോചനത്തിനായുള്ള വി. കുർബാന ഈശോ സ്ഥാപിച്ചു. ഈശോയാണ് രക്ഷകനും പാപമോചകനും ആ ദൗത്യം അവിടുന്ന് സഭയെ ഭരമേൽപ്പിച്ചു. പഴയ ഉടമ്പടി രക്തത്താൽ മുദ്രവക്കപ്പെട്ടതുപോലെ പുതിയ ഉടമ്പടി ഈശോയുടെ സമർപ്പണത്താൽ മുദ്രിതമാക്കപ്പെടുന്നു.

### II. വി. കുർബാനയുടെ വാച്യാർത്ഥം

*എവുക്കരസ്തിയ* എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് Eucharist എന്ന പദം ഉണ്ടായത്. അതിന്റെ അർത്ഥം കൃതജ്ഞത എന്നാണ്. ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾക്കുള്ള കൃതജ്ഞത.

**III. വി. കുർബാനയ്ക്ക് പല നാമങ്ങളുണ്ട്**

1. കർത്താവിന്റെ അത്താഴം (Lord's Supper), 2. അപ്പം മുറിക്കൽ, 3. കുർബാനയുടെ സമ്മേളനം, 4. ക്രിസ്തുവിന്റെ പീഡാസഹനത്തിന്റെ, ഉയർപ്പിന്റെ സ്മരണ, 5. വിശുദ്ധ ബലിയർപ്പണം, 6. സ്തുതിയുടെ ബലി, 7. ഹോളി കമ്മ്യൂണിയൻ, 8. ഹോളിമാസ്

**IV. വി. കുർബാന കേന്ദ്രീകൃത ജീവിതം**

'കുർബാന കേന്ദ്രീകൃതമായ ജീവിതം' എന്നാൽ ക്രിസ്തീയ ജീവിതത്തിൽ ദൈവകൃപയുടെ ഉറവിടമായും ശക്തി കേന്ദ്രമായും വി. കുർബ്ബാനയെ പരിഗണിച്ചുകൊണ്ട് സ്നേഹത്തിന്റെ ബലിവസ്തുവായിത്തീർന്ന ക്രിസ്തുവിന്റെ ജീവിതത്തെ എല്ലാ അർത്ഥത്തിലും അടുത്തനുകരിക്കുന്ന ജീവിതമാണ്. ഈശോയെപ്പോലെ സ്വജീവിതം ദൈവിക പദ്ധതിക്ക് ബലിയായി സമർപ്പിക്കുന്നതാണ്.

**1. വിശ്വാസവും കൃതജ്ഞതയും:** വി. കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിധ്യത്തിലുള്ള ആഴത്തിലുള്ള വിശ്വാസവും ദൈവത്തിന്റെ ദാനങ്ങളോടുള്ള നിരന്തരമായ മനോഭാവവും ഇതിൽ ഉൾപ്പെടുന്നു.

**2. രൂപാന്തരം:** വി. കുർബാന വെറുമൊരു ആചാരമല്ല, മറിച്ച് പരിവർത്തനത്തിന്റെ ഉറവിടമാണ്, വ്യക്തികളെ അവരുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും ക്രിസ്തുവിനെപ്പോലെ ആകാൻ സഹായിക്കുന്നു.

**3. സ്വയം നൽകൽ:** ഇത് സ്വയം നൽകാനുള്ള ഒരു ആത്മാവിനെ പ്രോത്സാഹിപ്പിക്കുന്നു, ക്രിസ്തുവിന്റെ ത്യാഗത്തെ പ്രതിഫലിപ്പിക്കുന്നു, മറ്റുള്ളവരെ നിസ്വാർത്ഥമായി സേവിക്കുന്നതിലും ലോകത്തിന്റെ നന്മയെ പ്രോത്സാഹിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ജീവിതമാണത്.

**4. പ്രാർത്ഥനയും ആരാധനയും:** വി. കുർബാനയിൽ ക്രമമായ പങ്കാളിത്തം, പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ഒപ്പം, ക്രിസ്തുവുമായുള്ള ബന്ധം ആഴത്തിലാക്കാനും അവിടുത്തെ കൃപ സ്വീകരിക്കാനും വ്യക്തികളെ സഹായിക്കുന്നു.

**5. ലിവിംഗ് ദി ഗോസ്പൽ:** ക്രിസ്തുവിന്റെ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സ്നേഹം, അനുകമ്പ, നീതി എന്നിവ ദൈനംദിന പ്രവർത്തനങ്ങളിൽ പ്രതിഫലിപ്പിക്കുന്ന ഒരു ദിവ്യകാരുണ്യ കേന്ദ്രീകൃത ജീവിതമാണത്.

**6. മറ്റുള്ളവർക്ക് ക്രിസ്തുവായിത്തീരുക:** ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും കൃപയുടെയും ഉപകരണങ്ങളാകാൻ വ്യക്തികളെ സഹായിക്കുന്നു. ഈശോയുടെ രക്ഷയുടെ സന്ദേശം മറ്റുള്ളവരുമായി പങ്കിടുന്നു.

## V. വി. കുർബാനയെ സ്നേഹിക്കാൻ

'വിശുദ്ധ കുർബാന ക്രിസ്തീയ ജീവിതത്തിന്റെ ഉത്ഭവവും ഉച്ചിയുമാണ്' (ജനതകളുടെ പ്രകാശം n.10 )

സഭാമക്കളുടെ അനുദിന ജീവിതത്തിന്റെ എല്ലാ മേഖലകളുടെയും ശക്തികേന്ദ്രമാണ് വി. കുർബാന. സഭയുടെ അജപാലന പ്രവർത്തനങ്ങൾക്കും പ്രേഷിത പ്രവർത്തനങ്ങൾക്കും വേണ്ട കൃപ ലഭിക്കുന്നത് ഒന്നാമതായി വി. കുർബ്ബാനയിൽ നിന്നും മറ്റ് കൂദാശകളിൽ നിന്നുമാണ്. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവർ ഈശോയോട് ചേർന്ന് തങ്ങളുടെ ജീവിതത്തെയും ബലിയായി ദൈവപിതാവിന് സമർപ്പിക്കുന്നു. വി. കുർബാനയുടെ അസാന്നിധ്യത്തിൽ വിശ്വാസം കുറയും, പ്രത്യാശക്ഷയിക്കും ഉപവി മന്ദീഭവിക്കും, ആയതിനാൽ ഞായറാഴ്ച്ചയെങ്കിലും നിർബന്ധമായും വിശ്വാസികൾ വിശുദ്ധ കുർബാനയിൽ പങ്കെടുക്കണമെന്ന് പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പ നമ്മെ അനുസ്മരിപ്പിച്ചു.

## VI. വി. കുർബാനയുടെ അനുഗ്രഹങ്ങൾ (St. Thomas Aquinas)

1. വിശുദ്ധ കുർബാന പിശാചുക്കളെ ഓടിക്കാൻ സഹായിക്കും.
2. എല്ലാത്തരം അസ്വസ്ഥതകളിൽ നിന്നും രക്ഷിക്കും.
3. ആത്മാവിനെ പാപത്തിൽ നിന്ന് മോചിപ്പിക്കും.
4. ദൈവ കോപം ശമിപ്പിക്കും.
5. ദൈവത്തെ മനസ്സിലാക്കാനുള്ള വെളിച്ചം നൽകുന്നു.
6. മനസ്സിനെയും വികാരങ്ങളെയും ദൈവസ്നേഹത്താൽ ജ്വലിപ്പിക്കുന്നു.
7. ഓർമ്മയെ ആത്മീയ മധുരത്താൽ നിറക്കുന്നു. പൂർണ്ണമായും നന്മകൊണ്ട് നിറയ്ക്കുന്നു.
8. നന്മയുള്ള ജീവിതത്തിന് സഹായിക്കുന്നു.
9. നിത്യഭവനത്തിലേക്ക് നയിക്കുന്നു.
10. ശരീരത്തെ നിത്യജീവന് വേണ്ടി രൂപാന്തരപ്പെടുത്തുന്നു.

## VII. വി. കുർബാനയിൽ എങ്ങനെ പങ്കെടുക്കണം

നിയോഗത്തോടെ താഴെപ്പറയുന്ന മനോഭാവത്തോടെ വി.കുർബാനയിൽ പങ്കെടുക്കണം:

1. തികഞ്ഞ സ്നേഹത്തോടെ (മത്താ. 5:23-24)
2. ഉറച്ച വിശ്വാസത്തോടെ
3. പൂർണ്ണഹൃദയത്തോടെ
4. വിനീത മനസ്സോടെ
5. നിഷ്കളങ്കമായ പ്രാർത്ഥനയോടെ
6. അഗാധമായ മനസ്താപത്തോടെ

**VIII. വി. കുർബാന കഴിഞ്ഞുള്ള നന്ദി പ്രകാശനം**

(മദർ തെരേസയുടെ പ്രാർത്ഥന)

*പരിശുദ്ധ അമ്മേ, അമ്മയുടെ ഹൃദയം തരിക. വിശുദ്ധവും നിർമ്മലവും സുന്ദരവുമായ അമ്മയുടെ ഹൃദയം. സ്നേഹവും എളിമയും നിറഞ്ഞ ഹൃദയം എനിക്ക് തരിക. അങ്ങനെ ഞാൻ ഈശോയെ സ്വീകരിച്ച് അമ്മ സ്നേഹിച്ചത് പോലെ സ്നേഹിക്കട്ടെ. അമ്മ ശുശ്രൂഷ ചെയ്തതുപോലെ ശുശ്രൂഷിക്കട്ടെ. എല്ലാ പ്രതിസന്ധിയിലും പാവപ്പെട്ടവന്റെ പക്ഷം ചേരട്ടെ* (വിശുദ്ധ മദർ തെരേസ).

**IX. വി. കുർബാനയും പാപമോചനവും**

ലഘുപാപവും മാരക പാപവും.

ലഘുപാപം എന്നാൽ ദൈവം എന്റെ ഉള്ളിൽ വേദനിക്കുന്ന അവസ്ഥയാണ്. മാരക പാപം എന്നാൽ എന്റെ ഉള്ളിലെ ദൈവം പുറത്താക്കപ്പെടുന്ന അവസ്ഥയാണ്. ലഘുപാപാവസ്ഥയിലാണ് എങ്കിൽ പശ്ചാത്താപം വഴി വി. കുർബാനയുടെ യോഗ്യതയാൽ അത് പരിഹരിക്കപ്പെടും. മാരകപാപാവസ്ഥയിൽ ആണെങ്കിൽ കുമ്പസാരിച്ച് കൃപാവര അവസ്ഥ വീണ്ടെടുത്ത ശേഷം മാത്രം വി. കുർബാന സ്വീകരിക്കുക.

**X. വിശുദ്ധർ വി. കുർബാനയിലെ പാപമോചനത്തെപ്പറ്റി പറയുന്നത്**

**1.** ബലിവസ്തുവിന്റെ സമർപ്പണത്തോടെ ദൈവം സംപ്രീതനാവുകയും എല്ലാ പാപങ്ങളും ഗൗരവമേറിയ പാപം പോലും പൊറുക്കുകയും ചെയ്യുന്നു (അലക്സാണ്ടർ 1 പാപ്പാ).

**2.** എല്ലാ പാപങ്ങളും അതിക്രമങ്ങളും ഈ ബലിയർപ്പണം വഴി തുടച്ചുനീക്കപ്പെടുന്നു (വി. ജൂലിയസ് പാപ്പ).

**3.** വിശുദ്ധ കുർബാനയിൽ ആഗ്രഹിച്ചു പ്രാർത്ഥിക്കുകയാണെങ്കിൽ ഏത് കഠിന പാപിയുടെയും പാപങ്ങൾ ക്ഷമിക്കാൻ തക്കവിധം അത്ര ദീർഘക്ഷമയോടെ ഞാൻ സന്നിഹിതനാണ് (വിശുദ്ധ മെറ്റിൽഡയ്ക്ക് ഈശോ ദർശനത്തിൽ വെളിപ്പെടുത്തിയത്).

**4.** ദൈവത്തോടുള്ള അനുരഞ്ജനത്തിന്റെ ഏറ്റവും വലിയ സാധ്യതയാണ് വിശുദ്ധ കുർബാന (വി. തോമസ് അക്വീനാസ്).

**5.** ചെയ്ത പാപങ്ങൾക്ക് പരിഹാരവും പാപം ചെയ്യാതിരിക്കാൻ കൃപയും വി. കുർബാന നൽകുന്നു (വി. ഇഗ്നേഷ്യസ് ലയോള).

ആത്മാർത്ഥമായ അനുതാപം കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാൻ നമുക്ക് സാധിക്കും. എന്നാൽ അതിലേക്ക് എത്താൻ പാപിക്ക് എളുപ്പമല്ല. ആ കൃപയിലേക്ക് നമ്മെ നയിക്കാൻ വി. കുർബാന സഹായിക്കുന്നു. കുമ്പസാരിച്ച് യോഗ്യതയോടെ കുർബാന സ്വീകരിച്ചാൽ ദൈവകൃപ വർദ്ധിക്കും. പാപം ചെയ്യാതിരിക്കാനുള്ള ശക്തിയും സംരക്ഷണവും ദൈവം നമുക്ക് തരും.

## XI. ദിവ്യകാരുണ്യ അത്ഭുതങ്ങൾ

നൂറ്റിമുപ്പതിലതികം ദിവ്യകാരുണ്യ അത്ഭുതങ്ങൾ കത്തോലിക്കാ സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്. ചില അത്ഭുതങ്ങളിൽ തിരുവോസ്തിയുടെ ദീർഘകാല സംരക്ഷണം, വായുവിൽ ഉയർന്നുനിൽക്കുന്ന അവസ്ഥ, അപ്പത്തിൽ യേശുവിന്റെ ചിത്രങ്ങൾ എന്നിവ ഉൾപ്പെടുന്നുവെങ്കിലും, മിക്ക അത്ഭുതങ്ങളിലും ക്രിസ്തുവിന്റെ യഥാർത്ഥ മാംസത്തിന്റെയും രക്തത്തിന്റെയും ദൃശ്യമാണുണ്ടായത്.

വിശുദ്ധ കുർബാന അത്ഭുതത്തിൽ പൊതുവായി കാണുന്ന ശ്രദ്ധേയമായ ചില കാര്യങ്ങൾ:

**1.** പരിശോധിച്ച രക്തം AB+ പോസിറ്റീവ് ആണ് എന്ന് ഗവേഷകർ പറയുന്നു.

**2.** കഠിനവേദന അനുഭവിക്കുന്ന ഒരാളുടെ ഹൃദയപേശികൾ ആണ് ഈ പരിശോധനയിൽ കണ്ടെത്തിയത്.

**ദിവ്യകാരുണ്യ അദ്ഭുതങ്ങൾ**

**1.** എട്ടാം നൂറ്റാണ്ടിൽ, ഇറ്റലിയിലെ ലാഞ്ചിയാനോയിലെ ഒരു പുരോഹിതൻ, കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെ സംശയിച്ചു, അദ്ദേഹം അപ്പം കൂദാശചെയ്തപ്പോൾ, അത് അത്ഭുതകരമായി മാംസമായും വീഞ്ഞ് രക്തമായും രൂപാന്തരപ്പെട്ടു.

**2.** 1730 ആഗസ്റ്റ് 14 ന്, സിയന്നായിലെ ഫ്രാൻസിസ്കൻ പള്ളിയിൽ നിന്ന് കള്ളന്മാർ ഒരു വെള്ളി കുസ്തോതി മോഷ്ടിച്ചു. അതിൽ 351 വാഴ്ത്തിയ തിരുവോസ്തികൾ ഉണ്ടായിരുന്നു. മൂന്ന് ദിവസത്തിന് ശേഷം, മോഷ്ടിച്ച തിരുവോസ്തികൾ അടുത്തുള്ള പള്ളിയിൽ നിന്ന് വീണ്ടെടുത്ത് ഫ്രാൻസിസ്കൻ പള്ളിയിലേക്ക് തിരികെ

കൊണ്ടുവന്നു. ആ തിരുവോസ്തികൾ തന്നെയായിരുന്നു മോഷ്ടി ക്കപ്പെട്ടവയെന്ന് ഫ്രാൻസിസ്കൻ സന്യാസിമാർ സ്ഥിരീകരിച്ചു. അഞ്ച് പതിറ്റാണ്ടുകൾക്ക് ശേഷം, 1780 ഏപ്രിൽ 14ന്, ഓസ്തി പരിശോധിച്ച് 'ഒരു മാറ്റവുമില്ലാതെ' കണ്ടെത്തി.

## XII. വി. കുർബാനയും വിശുദ്ധരും

**1.** വിശുദ്ധ കുർബാനയാണ് എന്റെ അനുദിന ജീവിത രഹസ്യം. സഭയിലും സമൂഹത്തിലും ഉള്ള സകല പ്രവർത്തികളുടെയും ഊർജ്ജസ്രോതസ്സ് ദിവ്യകാരുണ്യമാണ് (വി.ജോൺപോൾ ll)

**2.** വി. കുർബാനക്ക് വേണ്ടി ആദ്യം സമയം മാറ്റിവെക്കുക. ബാക്കി സമയം ക്രമീകരിക്കാൻ ഈശോയോട് പറയുക. അത് അനുഗ്ര ഹമാകും (വാ. ഫെഡെറിക് ഒസാനം).

**3.** വിശുദ്ധ കുർബാനപോലെ ഉപകാരപ്രദവും ഫലദായകവും ദൈവപ്രസാദദായകവുമായി മറ്റൊന്നും ലോകത്തില്ല (വിശുദ്ധ ലോറൻസ് ജസ്റ്റിനിയൻ).

**4.** ജീവിതകാലത്ത് യോഗ്യതയോടെ അർപ്പിക്കുന്ന ഒരു പരിശുദ്ധ കുർബാനയ്ക്ക് മരണശേഷം അർപ്പിക്കപ്പെടുന്ന ആയിരം കുർബാ നയെക്കാൾ വിലയുണ്ട് (വി. ജെർത്രൂദ്).

**5.** നീ പാപി അല്ലെങ്കിൽ, ദൈവകാരുണ്യം ആവശ്യമില്ലെങ്കിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കേണ്ടതില്ല (ഫ്രാൻസിസ് മാർപാപ്പ).

**6.** രക്തസാക്ഷിത്വം പോലും പരിശുദ്ധ കുർബാനയോട് തുലനം ചെയ്യുമ്പോൾ ഒന്നുമല്ല കാരണം അത് മനുഷ്യന്റെ പ്രവർത്തിയാണ്. കുർബാന ദൈവത്തിന്റെയും (വി.ജോൺ മരിയവിയാനി).

**7.** സൂര്യനുദിക്കാത്ത ഒരു ദിവസം എനിക്ക് സങ്കൽപ്പിക്കാൻ കഴിയും എന്നാൽ കുർബാന ഇല്ലാത്ത ഒരു ദിവസം എനിക്ക് സങ്കൽപ്പി ക്കാൻ പോലും ആവില്ല (വി. പാദ്രെ പിയോ).

## XIII സമാപനം

വി. കുർബാന ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്ര ബിന്ദു വാണ്. ലോകാവസാനത്തോളം നമ്മോടുകൂടെ ആയിരിക്കുവാൻ ആഗ്രഹിച്ച ഈശോയുടെ സ്നേഹവും സാന്നിധ്യവുമാണ് നാം വി. കുർബാനയിലൂടെ അനുഭവിക്കുന്നത്.

നാം വി. കുർബാനയിൽ പങ്കെടുക്കുമ്പോൾ നമ്മുടെ പാപ ക്കറ ഈശോയുടെ തിരുരക്തത്താൽ കഴുകപ്പെടുകയും നമ്മുടെ മേലുള്ള സാത്താന്റെ ആധിപത്യം തകർക്കപ്പെടുകയും അനേകം ആപത്തനർത്ഥങ്ങളിൽ നിന്നും നാം സംരക്ഷിക്കപ്പെടുകയും

ചെയ്യുന്നു. മരണശേഷമുള്ള ശുദ്ധീകരണം കുറഞ്ഞുകിട്ടുന്നു. മറ്റുള്ളവർക്ക് വേണ്ടി സമർപ്പിക്കുമ്പോൾ അവരുടെ പാപങ്ങൾക്ക് പരിഹാരം ലഭിക്കുന്നു, വിശുദ്ധരുടെ ബഹുമാനാർത്ഥം നാം ബലി യർപ്പിക്കുമ്പോൾ അവരുടെ സഹായം നമുക്ക് ലഭിക്കുന്നു. ഭൗതി കമായ അനുഗ്രഹങ്ങൾ, അത്ഭുതങ്ങൾ, രോഗശാന്തി, മാനസാ ന്തരം, ബോധ്യങ്ങൾ എന്നിവ ലഭിക്കുന്നു.

എമ്മാവൂസിൽ വച്ച് യേശു വചനം പങ്കുവച്ച് അപ്പം മുറിച്ചു കൊടുത്തപ്പോൾ ശിഷ്യന്മാരുടെ ആത്മീയ നേത്രങ്ങൾ തുറക്കപ്പെടു കയും അവർ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും ചെയ്തു. ഇതേ അനുഭവം നമുക്കും ലഭിക്കും.

**ചർച്ച ചെയ്യാൻ**

1) വി. കുർബാനയ്ക്ക് ഞാൻ എങ്ങനെയാണ് ഒരുങ്ങുന്നത്?

2) വി. കുർബാന അനുഭവമാക്കാൻ എന്തുചെയ്യണം?

## ഏപ്രിൽ മാസത്തിൽ ചെയ്യേണ്ടവ

**1.** വി. കുർബ്ബാന കുടുംബ കൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട പഠന വിഷയം (കുടുംബ കൂട്ടായ്മയിൽ പങ്കെടുക്കാത്തവരെ പ്രത്യേകം ക്ഷണിക്കുക)

**2.** ഹോം മിഷൻ വാർഷിക ധ്യാനങ്ങൾ സംഘടിപ്പിക്കുക

**3.** ഏപ്രിൽ 11 നാൽപ്പതാം വെള്ളിയാഴ്ച കത്തീഡ്രൽ പള്ളിയിലേ ക്കുള്ള ഗാഗുൽത്താ 2k25 തീർത്ഥാടനത്തിൽ പങ്കെടുക്കുക. മാന ന്തവാടി, ദ്വാരക കല്ലോടി, പയ്യമ്പള്ളി എന്നീ ഫൊറോനകളാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്.

**4.** ഏപ്രിൽ 4 ന് ആദ്യ വെള്ളിയാഴ്ച്ച നടവയൽ ഹോളിക്രോസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിലേക്കുള്ള കുരിശിന്റെ വഴിയിൽ ആ പ്രദേശത്തുള്ള പള്ളികളിലെ വിശ്വാസികളെ പങ്കെ ടുപ്പിക്കുക.

**5.** ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിക്കുക.

**6.** ദമ്പതിമാർക്കുള്ള സെമിനാർ സംഘടിപ്പിക്കുക. (റിസോഴ്സ് പേഴ്സൻസിനെ ലഭിക്കുവാൻ ബഹു. ജോസഫ് പരുവുമ്മേൽ (Mob. 9447518360) അച്ചനെയോ ബഹു. ബിനു വടക്കേൽ (Mob. 8921519463) അച്ചനെയോ ബന്ധപ്പെടുക)

## മതബോധനരംഗം

ഈ വിശ്വാസ പരിശീലനവർഷം പൂർത്തിയാക്കുമ്പോൾ, വിശ്വാസ പരിശീലന ശുശ്രൂഷാരംഗത്ത് സഭയിൽ സാക്ഷികളാകുവാൻ ദൈവം നൽകിയ അവസരത്തെ ഓർത്ത് നമുക്ക് നന്ദി പറയാം. പരിശീലന ക്ലാസുകളിലൂടെയും തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിലൂടെയും അധ്യാപകർ മാതൃകകളായി. വിശ്വാസവഴികളിൽ താൽപര്യത്തോടെ മുന്നേറാൻ കുട്ടികൾക്ക് കഴിയട്ടെ. നമ്മെ നയിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരോട് സഹകരിച്ച ഫൊറോനാ നേതൃത്വങ്ങൾക്കും, ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും, കൊച്ചച്ചന്മാർക്കും എല്ലാ പ്രധാനാധ്യാപകർക്കും, രൂപതാ ടീം അംഗങ്ങൾക്കും, വിശ്വാസപരിശീലകർക്കും കുട്ടികൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ഈ അവധിക്കാലത്തും വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് നല്ല ഒരുക്കത്തോടെയും, ആഴമായ ബോധ്യത്തോടെയും അടുത്ത അധ്യയന വർഷത്തെ എതിരേൽക്കാൻ നമുക്ക് പരിശ്രമിക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**പ്രതിഭാ സംഗമം ക്ലാസ് 7 രൂപതാ പ്രതിഭകൾ**

09-03-2025 ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 13 മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ സംഗമത്തിൽ പങ്കെടുത്തു. ഇവരിൽനിന്നും മെയ് 16,17,18 തിയ്യതികളിൽ നടത്തപ്പെടുന്ന സംസ്ഥാന പ്രതിഭാ സംഗമത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 4 പ്രതിഭകൾ

1. അലൻറ് അഗസ്റ്റിൻ ഏറത്ത് - കൊട്ടിയൂർ
2. ക്രിസ്‌പോൾ ചിറ്റൂപ്പറമ്പിൽ - കണിയാരം
3. ശ്രേയ മരിയ മങ്കുത്തേൽ - ചുങ്കക്കുന്ന്
4. എൽസ വടക്കേഓലിക്കൽ - വാഴവറ്റ

രൂപതാ പ്രതിഭാ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രതിഭകളായ 4 കുട്ടികൾക്കും അഭിനന്ദനങ്ങൾ. സംഗമത്തിന് നേതൃത്വം നൽകിയ ശ്രീ. ജോൺസൺ വടക്കേക്കര, സി. ലിഡിയ SABS, സി. ജെസി പോൾ SKD എന്നീ രൂപതാ ടീമംഗങ്ങൾക്കും, കുട്ടികളെ ഒരുക്കിയ വികാരിയച്ചന്മാർ, പ്രധാനാധ്യാപകർ, മാതാപിതാക്കൾ എന്നിവർക്കും ഫൊറോന നേതൃത്വങ്ങൾക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി.

**HCC I & 2 Result**

2024 – 25 അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു റിസൾട്ട് 18-03-2025 ന് മതബോധനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പരീക്ഷയിൽ വിജയിച്ചവർക്കും, HCC 2 ൽ ആദ്യ മൂന്ന് റാങ്കുകളും തുടർന്നുവരുന്ന 9 സ്ഥാനങ്ങളും കരസ്ഥമാക്കിയ കുട്ടികൾക്കും പ്രത്യേക അനുമോദനങ്ങൾ. ജീവിതത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ നിങ്ങളുടെ വിജയം മുതൽക്കൂട്ടാകട്ടെ.

**HCC 2 Rank holders**

1. Ashna Jenti - Padichira
2. Anu Mariyam Joseph - Kaniyaram
3. Minna Mariya Joseph - Pazhoor

**HCC 2 Top Scores**

1. Ashitha Mariya Biju - Narivalamunda
2. Evangalin Maria Roy - Kelakam
3. Amrutha - Ambayathode
4. Ann Jyothis V - Kabanigiri
5. Sanu Jose - Thonichal
6. Salona John - Vazhavatta
7. Ayana Merin Binoy - Narivalamunda
8. Anna Rose Babu - Chungakkunnu
9. Josna Jilson - Adikolly

**വിശ്വാസോത്സവം**

മാർച്ച് 31, ഏപ്രിൽ 1, 2 തീയതികളിൽ രൂപതയിൽ നിന്നും അറിയിച്ചതുപോലെ വിശ്വാസോത്സവം ക്രമീകരിക്കുമല്ലോ. കുട്ടികൾക്ക് ധ്യാനം/സെമിനാർ അതോടൊപ്പം പാഠപുസ്തക ങ്ങളുടെ റിവിഷൻ എന്നിവയും നടത്തേണ്ടതാണ്.

**വാർഷിക പരീക്ഷകൾ**

1 മുതൽ 9 വരെ ക്ലാസിലെ കുട്ടികൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ 2025 ഏപ്രിൽ 5 ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണി വരെയും ഡിപ്ലോമ പരീക്ഷ 2025 ഏപ്രിൽ 6 ഞായറാഴ്ച രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണിവരെയും ആയിരിക്കും. 1 മുതൽ 7 വരെ ക്ലാസിലെ കുട്ടികൾ രൂപതയിൽ നിന്നും നൽകുന്ന വർക്ക് ഷീറ്റിലാണ് പരീക്ഷ എഴുതേണ്ടത്. 8,9,10 ക്ലാസിലെ കുട്ടി കൾക്ക് ഉത്തരങ്ങൾ എഴുതാനുള്ള പേപ്പറുകൾ കുട്ടികൾതന്നെ കൊണ്ടുവരേണ്ടതാണ്, രൂപതയിൽനിന്ന് നൽകുന്നതല്ല.

**ഡിപ്ലോമപരീക്ഷ**

പരീക്ഷാനടത്തിപ്പിന്റെ ക്രമീകരണങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ച ന്മാർക്കും, ഹെഡ്മാസ്റ്റേഴ്സിനും ആയിരിക്കും. ഓരോ ഇടവക യിലേക്കും സൂപ്പർവൈസർമാരെ അയക്കുന്ന കാര്യത്തിൽ ഫൊറോനാ ഡയറക്ടർ തീരുമാനമെടുക്കണം. ചോദ്യപേപ്പർ പായ്ക്കറ്റ് ബഹു. വികാരിയച്ചന്മാരുടെ സാന്നിദ്ധ്യത്തിൽ തുറക്കേണ്ടതാണ്. സൂപ്പർവിഷന് പോകുന്നവർ രൂപതാ

ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുമല്ലോ. സൂപ്പർവിഷന് ആളുകൾ വരുന്നില്ലാത്ത ഇടവകകളിൽ ബഹു.വികാരിയച്ചനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**Invigilators നുള്ള നിർദ്ദേശങ്ങൾ**

**1.** പരീക്ഷാ സമയത്തിനു മുമ്പായി പരീക്ഷാ കേന്ദ്രത്തിൽ എത്തിയെന്ന വിവരം വികാരിയെ അറിയിക്കുക. ചോദ്യപേപ്പർ എത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

**2.** രൂപതാ മതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

**3.** 30 മിനിറ്റിലധികം താമസിച്ച് വരുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കണമെന്നില്ല.

**4.** രജിസ്ട്രേഷൻ നമ്പർ ഇട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാകേന്ദ്രത്തിൽ അറിയിക്കുക.

**5.** ഉത്തരക്കടലാസുകൾ സൂപ്പർവൈസർ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ, പേരോ, മറ്റ് കാര്യങ്ങളോ പാടില്ല. രജിസ്റ്റർ നമ്പർ ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതുവാൻ പറയുക.

**6.** പാഠപുസ്തകം, നോട്ട് ബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.

**7.** കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക. രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. ബാക്കിവരുന്നവ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.

**8.** പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് ബെല്ലടിച്ച് പേപ്പർ കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.

**9.** പരീക്ഷാ സമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

**10.** എഴുതി നിർത്തിയിരിക്കുന്നതിനു താഴെ, ശേഷമുള്ള സ്ഥലം വെട്ടിയിടാൻ പറയുക.

**11.** നമ്പർ അനുസരിച്ച് പേപ്പർ അടുക്കി തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽ ചെയ്ത് ഹെഡ്മാസ്റ്ററെ ഏല്പ്പിക്കുക.

**12.** പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് Invigilator രൂപതയിൽനിന്ന് റിപ്പോർട്ട് എഴുതുവാൻ തന്നിരിക്കുന്ന പേപ്പറിൽ അത് എഴുതി ഹെഡ്മാസ്റ്ററെ ഏല്പിക്കണം. - വികാരി ഒപ്പിട്ട റിപ്പോർട്ട് ഉത്തര ക്കടലാസിനൊപ്പം ഹെഡ്മാസ്റ്റർ രൂപതയ്ക്ക് നൽകണം.

**13.** സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിറ്റ് കാത്തിരിക്കുകയും

ഹെഡ്മാസ്റ്റർ - വികാരിയച്ചൻ എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**Diploma Valuation**

ഏപ്രിൽ 12 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് ഡിപ്ലോമ valuation നടത്തുന്നതാണ്. ഓരോ ഫൊറോനയിൽ നിന്നും 5 അധ്യാപകർ വീതം valuation നു വരേണ്ടതാണ്. പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് say പരീക്ഷക്ക് അവസരം നല്കുന്നതാണ്. ഡിപ്ലോമ പരീക്ഷയിൽ ജയിച്ചവർക്കും say പരീക്ഷയിൽ ജയിച്ചവർക്കും ഡിപ്ലോമ നൽകുന്നതാണ്. പരാജയപ്പെടുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നല്കും. കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് HCC യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. അവർ 2 വർഷത്തെ കോഴ്സ് പൂർത്തിയാക്കി പരീക്ഷയെഴുതിയാൽ HCC കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. valuation സംബന്ധിച്ച വിശദവിവരങ്ങൾ മേഖലാ ഡയറക്ടർമാരെ അറിയിക്കുന്നതാണ്.

**സ്കോളർഷിപ്പ്**

ആദ്യ സെമെസ്റ്ററിൽ രൂപത ടീം വാല്യൂ ചെയ്ത് സ്കോളർഷിപ്പിന് അർഹത നേടി എന്ന് അറിയിച്ച 4 ക്ലാസിലെ കുട്ടികളുടെ ഉത്തരക്കടലാസുകൾ ക്ലാസധ്യാപകർ വാല്യൂ ചെയ്ത് 2025 ഏപ്രിൽ 22 നു മുൻപായി രൂപതാകേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്. പിന്നീട് ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല. പത്താംക്ലാസിൽ ആദ്യ സെമസ്റ്ററിൽ സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളുടെ ഉത്തരക്കടലാസുകൾ രൂപതാകേന്ദ്രം വാല്യൂ ചെയ്യുന്നതാണ്.

**ആമുഖ സെമിനാർ, ക്ലാസ് ട്രെയിനിംഗ്**

2025-26 അധ്യയന വർഷത്തിന്റെ ആരംഭത്തിൽ ആമുഖ സെമിനാർ നടത്തപ്പെടുന്നതാണ്. അധ്യാപന രംഗത്തേക്ക് നിയോഗിക്കപ്പെടുന്ന പുതിയ അധ്യാപകരെ നിർബന്ധമായും ആമുഖ സെമിനാറിൽ പങ്കെടുപ്പിക്കേണ്ടതാണ്. ക്ലാസ് ചാർജ് മാറുന്നവർ അവർക്കുള്ള ക്ലാസ് ട്രെയിനിങ്ങിലും പങ്കെടുക്കേണ്ടതാണ്.

**HM, Conference**

അടുത്ത അധ്യയന വർഷത്തെ ആദ്യ HM Conference മെയ് മാസത്തിൽ ദ്വാരക പാസ്റ്ററൽ സെന്റിൽ വച്ച് നടക്കുന്നതായിരിക്കും. അന്ന്, ജൂബിലേറിയൻസിനെയും, മുഴുവൻ ഹാജരുള്ള കുട്ടികളെയും ആദരിക്കുന്നതായിരിക്കും. ഒപ്പം HCC 2, DCT റാങ്ക് ജേതാക്കൾക്കുള്ള സമ്മാനദാനങ്ങളും നിർവ്വഹിക്കുന്നതായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പാതി നോമ്പു പിന്നിട്ട് നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവത്തിന്റെയും, ഉയർപ്പിന്റെയും ദിനങ്ങളിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. എല്ലാവർക്കും സമാഗതമാകുന്ന ഉയർപ്പ് തിരുനാളിന്റെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു. ഉയർത്തെഴുന്നേറ്റ ജീവിതം നയിക്കാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രൈസ്തവനും, പ്രത്യേകിച്ചൊരു പ്രേഷിതനും എന്ന് ഓരോ ഉയർപ്പ് തിരുനാളും നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രിസ്തീയ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ ഉയർത്തെഴു ന്നേൽപ്പ് ഇന്ന് അനിവാര്യമാണ്. വിശ്വാസജീവിതത്തിൽ, ക്രൈസ്തവ മൂല്യങ്ങളിൽ, പ്രേഷിതപ്രവർത്തനങ്ങളിൽ, ക്രിസ്തു സാക്ഷ്യത്തിൽ, സഭാ സ്നേഹത്തിൽ എന്നിങ്ങനെ എല്ലായി ടത്തും ഉയർത്തെഴുന്നേറ്റവന്റെ മക്കളെന്ന അഭിമാന ബോധത്തോ ടുകൂടി ജീവിക്കാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ.

നമ്മുടെ കുഞ്ഞുങ്ങൾ അവധിക്കാലത്തിലേക്ക് പ്രവേശിക്കു കയാണ്. അവധിക്കാലം അനുഗ്രഹകാലം എന്ന ചിന്തയിൽ നമ്മുടെ കുഞ്ഞുങ്ങൾ വളരട്ടെ. കഴിഞ്ഞ നാളുകളിൽ പഠിച്ചത് അഭ്യസിക്കാനുള്ള കാലഘട്ടമായി അവധിക്കാലത്തെ സ്വാഗതം ചെയ്യാം. വീടുകളിൽ മാതാപിതാക്കളെ സഹായിച്ചും അവരെ അനു സരിച്ചും, അവർക്ക് വിധേയപ്പെട്ടുകൊണ്ടും സാധിക്കുന്ന ദിവസ ങ്ങളിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്തും, ഇടവക കാര്യങ്ങളിൽ സജീവമായും പങ്കാളികളായി സമൂഹത്തിൽ ക്രിസ്തു സാന്നിധ്യ ത്തിന്റെ അടയാളവും, ക്രിസ്തു സാക്ഷ്യവുമായി ജീവിക്കാൻ ഈ അവധിക്കാലത്ത് എല്ലാ കുഞ്ഞുങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ
**ഫാ. മനോജ് അമ്പലത്തിങ്കൽ**

**രൂപതാ വാർഷികവും - ജൂബിലി തീർത്ഥാടനവും**

ജൂബിലി വർഷാചരണ തീർത്ഥാടനവും, രൂപതാവാർഷി കവും ഏപ്രിൽ 22-ാം തീയതി നടവയൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചക്ക് 1 മണിക്ക് സമാപിക്കും.

ഓരോ ഇടവകയിൽ നിന്നും പരമാവധി അംഗങ്ങളെ വാർഷികത്തിലും, തീർത്ഥാടനത്തിലും പങ്കെടുപ്പിക്കുമല്ലോ.

**ബിബ്ലിയ ബൈബിൾ ക്വിസ്**

300 ദിവസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ നടപ്പാക്കിയ ബിബ്ലിയക്ക് സമാപനം. ജൂൺ മാസം ആരംഭിച്ച ബിബ്ലിയ പ്രോഗ്രാമിൽ പങ്കെടുത്തവർക്കായി മാസം തോറും നടത്തിയ ഓൺലൈൻ ക്വിസിൽ കൂടുതൽ പോയന്റുനേടിയ 40 പേർക്ക് തീർത്ഥാടനവും ബാക്കി 60 പേർക്ക് പ്രോൽസാഹന സമ്മാനങ്ങളും ലഭിക്കുന്നതാണ്. ഫാമിലി ട്രീ ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി കുടുംബ ബന്ധങ്ങൾ കണ്ടെത്തുന്നതിനും, വളർത്തുന്നതിനുമായി അവധി കാലത്ത് ഫാമിലി ട്രീ തയ്യാറാക്കുന്ന മൽസരം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**മേഖല ഇലക്ഷൻ**

മേയ് മാസത്തിൽ മേഖല ഇലക്ഷൻ പൂർത്തിയാക്കി ജൂൺ മാസം മുതൽ പുതിയ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്.

**ഇടവക ക്യാമ്പുകൾ**

ലഹരി ഉപയോഗവും അതിന്റെ പരിണിതഫലങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് നമ്മുടെ കുഞ്ഞുങ്ങളെ ധാർമ്മികതയിലും, ആത്മീയതയിലും പരിശീലിപ്പിക്കുന്നതിനും, വളർത്തുന്നതിനും ഉതകുന്ന അവധിക്കാല ക്യാമ്പുകൾ ഇടവകാതലത്തിൽ ക്രമീകരിക്കുക.

**കുട്ടികൾക്കായുള്ള ധ്യാനം**

ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് കുട്ടികൾക്കായുള്ള ധ്യാനം നടത്തപ്പെടുന്നു. മെയ് 4-ാം തീയതി വൈകുന്നേരം ആരംഭിച്ച്, 7-ാം തീയതി വൈകുന്നേരം അവസാനിക്കുന്നതാണ്. ധ്യാനം നയിക്കുന്നത് കപ്പൂച്ചിൻ സഭാംഗമായ ഫാ. ബിബിൻ വലിയനിരപ്പേൽ ആണ്. കുട്ടികളെ ധ്യാനത്തിന് പറഞ്ഞുവിടുവാൻ ശ്രദ്ധിക്കുമല്ലോ.

**രൂപതാ മാനേജിങ് കമ്മറ്റിയും, ഇലക്ഷനും**

ഏപ്രിൽ 30 ന് വൈകുന്നേരം 5 മണി മുതൽ മെയ് 1 ന് ഉച്ചവരെ ദ്വാരക പാസ്റ്ററർ സെന്ററിൽവച്ച് വാർഷിക മാനേജിങ് കമ്മറ്റിയും പുതിയ രൂപതാ സമിതിയുടെ തിരഞ്ഞെടുപ്പും നടക്കുന്നു. ഇതിൽ വോട്ടവകാശമുള്ള എല്ലാ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**ചുങ്കക്കുന്ന് മേഖല**

പ്രതിമാസം നടത്തിക്കൊണ്ടിരിക്കുന്ന ഈശോയ്ക്ക് ഒരു കത്തെഴുതൽ മത്സരം നടത്തി വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകി. തിരുബാലസഖ്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി കളറിംഗ് മത്സരം മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ രചന മത്സരം നടത്തി.

**ശാഖാ വാർത്തകൾ**

**കയ്യൂന്നി**

ലോക ക്യാൻസർ ദിനത്തിൽ ക്യാൻസർ രോഗിയെ സന്ദർശിച്ചു പ്രാർത്ഥിച്ചു. തിരുബാല സഖ്യദിനത്തിൽ കുട്ടികൾക്ക് ആശംസകൾ നേർന്നുകൊണ്ട് എല്ലാവർക്കും ജപമാലകൾ നൽകി. ലോകസമാധാന ദിനത്തിൽ യുദ്ധത്തിന്റെ ഭീതിയിൽ കഴിയുന്ന എല്ലാ സ്ഥലങ്ങളെയും ഓർത്ത്, അവർക്ക് വേണ്ടി എല്ലാ കുഞ്ഞുമിഷനറിമാരും ഒന്നുചേർന്ന് പ്രാർത്ഥിച്ചു.

**കൊട്ടിയൂർ**

എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. വചനം പഠിക്കാം, സ്റ്റാർ ഓഫ് ദ വീക്ക് പ്രോഗ്രാം സംഘടിപ്പിച്ചു.

**കരിമ്പിൽ**

സെമിത്തേരി സന്ദർശനം നടത്തി. തിരുബാലസഖ്യ ദിനം സമുചിതമായി ആഘോഷിച്ചു. എല്ലാ കുട്ടികളും കലാപരിപാടിയിൽ പങ്കെടുക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. പിതാവിന്റെ സന്ദേശം കേൾക്കാൻ കുട്ടികൾക്ക് അവസരം നൽകി. വാഴ്ത്തപ്പെട്ട റാണിമരിയയുടെ തിരുന്നാളിനോടനുബന്ധിച്ച്, സന്ദേശ വീഡിയോ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. വിവാഹത്തിന്റെ 25-ാം ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്ക് പൂച്ചെണ്ട് നൽകി ആദരിച്ചു. എല്ലാ ഞായറാഴ്ചയും സൺഡെ സ്റ്റാർ എടുത്ത് കുട്ടികൾക്ക് സമ്മാനം നൽകുന്നു. ജന്മദിനത്തിൽ അധ്യാപകരേയും, കുട്ടികളെയും പൂച്ചെണ്ട് നൽകി ആദരിച്ചു. ഇടവകയിലെ കുടുംബങ്ങളിൽ വിശുദ്ധ മറിയം ത്രേസ്യായുടെ രൂപം പ്രയാണം നടത്തി കുടുംബങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ചു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. രോഗീസന്ദർശനം, ഭവനസന്ദർശനങ്ങൾ എന്നിവ നടത്തി. സി.എം.എൽ അംഗങ്ങളുടെ നേതൃത്വത്തിൽ പള്ളിയും,

പരിസരവും വൃത്തിയാക്കി. തിരുബാലസഖ്യ ദിനത്തിൽ ഇടവകയിലെ കുഞ്ഞുങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പ്ലസ്ടു കുട്ടികളുടെ യാത്രയയപ്പ് നടത്തി. ജുവൽ അന്ന വെട്ടിക്കൽ എല്ലാവർക്കും ആശംസകൾ നേർന്നു സംസാരിച്ചു. പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുനാളിൽ സി.എം.എൽ അംഗങ്ങൾ കല്ലോടി, പള്ളിക്കുന്ന് എന്നീ ദേവാലയങ്ങൾ സന്ദർശിച്ചു. രൂപതാ തിരുബാലസഖ്യ വാർഷികത്തിൽ ഇടവകയിൽനിന്നും 21 കുട്ടികൾ പങ്കെടുത്തു.

**പുഴമുടി**

ഇടവക തിരുനാൾ ദിനങ്ങളിൽ മിഷൻലീഗ് അംഗങ്ങൾ സ്റ്റാൾ നടത്തി. ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ കുട്ടികൾ ധൂപാർച്ചന നടത്തി. ജൂൺ മാസം മുതലുള്ള പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനം നടത്തി. രോഗീസഹായം, സിമിത്തേരി സന്ദർശനം എന്നിവ നടത്തി. അഞ്ച് ഭവനങ്ങൾ മിഷൻലീഗ് അംഗങ്ങൾ സന്ദർശിച്ചു. ബൈട്ട അൽസൂർ എന്ന മിഷൻഗ്രാമത്തിന് മിഷൻ സഹായം നൽകി. ജൂബിലി ആഘോഷിച്ച ദമ്പതിമാരെ ആദരിച്ചു. തിരുബാലസഖ്യ ദിനത്തിൽ കുട്ടികളുടെ കാഴ്ചവയ്പ്പ്, കലാപരിപാടികൾ എന്നിവ നടത്തി. രൂപത നടത്തിയ തിരുബാലസഖ്യ വാർഷികത്തിൽ കുട്ടികൾ പങ്കെടുത്തു.

**ശിശുമല**

തിരുബാലസഖ്യദിനം ആചരിച്ചു. കുട്ടികളുടെ കാഴ്ചവയ്പ്പ്, കലാപരിപാടികൾ, അംഗത്വനവീകരണം എന്നിവ നടത്തി. വിവാഹത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ഹെഡ്മാസ്റ്റർക്ക് ആദരവ് നൽകി. സംസ്ഥാന സ്പെഷ്യൽ സ്കൂൾ അധ്യാപക അവാർഡ് നേടിയ ശ്രീ. ജോമറ്റ് സാറിന് ആശംസകൾ നേർന്നു. പ്ലസ്ടു വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**ശാന്തിഗിരി**

സമർപ്പിത ദിനം ആചരിച്ചു. ഇടവകയിൽനിന്ന് വിവിധ ഇടങ്ങളിൽ സേവനം ചെയ്യുന്ന സമർപ്പിതർക്ക് ആശംസകൾ അറിയിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സമർപ്പിതരുടെ വീഡിയോ ആൽബം നിർമ്മിച്ചു. സമർപ്പിത ദിനത്തിൽ ഇടവകയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനുവേണ്ടി പ്രാർത്ഥിച്ചു. രോഗീദിനം ആചരിച്ചു. രോഗീസന്ദർശനം നടത്തി അവർക്ക് വേണ്ടി പ്രാർത്ഥിച്ചു തിരുബാലസഖ്യ ദിനത്തിൽ കുട്ടികൾക്ക് വിവിധ മത്സരങ്ങൾ നടത്തി. അംഗത്വസ്വീകരണം, നവീകരണം എന്നിവ നടത്തി. വചനസ്റ്റാറിനെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി. കുടുംബ വർഷത്തിൽ കുടുംബങ്ങളുടെ സംരക്ഷണ പ്രാർത്ഥന നൽകി.

**പുതുശ്ശേരിക്കടവ്**

തിരുബാലസഖ്യ ദിനത്തിൽ വിവിധ കായിക മത്സരങ്ങൾ കുട്ടികൾക്കായി സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഇടവകയിലെ മുഴുവൻ കുട്ടികൾക്കുമായി ബഹു. പോളച്ചന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. ഫണ്ട് സമാഹരണാർത്ഥം ചേന നട്ട് വിളവെടുപ്പ് നടത്തി. സി.എം.എൽ. അംഗങ്ങൾ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. കുടുംബനവീകരണ വർഷത്തിൽ രൂപതയിലെ ഒരു വൈദീകനെ ഒരു കുടുംബം എന്ന വിധത്തിൽ പ്രാർത്ഥിക്കാൻ ആരംഭിച്ചു. ഇടകയിലെ കുടുംബങ്ങളെ ഓരോ കുടുംബവും, ഒരു കുടുംബത്തെ പ്രയർ ഫ്രീയി എടുത്ത് പ്രാർത്ഥിക്കുന്നു. സമ്പൂർണ്ണ വായനായജ്ഞത്തോട് അനുബന്ധിച്ച് യൂണിറ്റ് തലത്തിൽ നടത്തുന്ന ബൈബിൾ ക്വിസ് മൽസരത്തിൽ സി.എം.എൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുന്നു.

**അരിഞ്ചേർമല**

തിരുബാലസഖ്യ ദിനാഘോഷം നടത്തി. തിരുബാലസഖ്യ രൂപത വാർഷികത്തിൽ കുട്ടികൾ പങ്കെടുത്തു. കുടുംബവർഷത്തിൽ കുടുംബങ്ങൾക്കായി ആരാധന നടത്തി. കുട്ടികളുടെ കാഴ്ച സമർപ്പണം നടത്തി. കുട്ടികൾക്ക് ബൈബിൾ വായനക്ക് പ്രാക്ടീസ് നൽകി.

**നടവയൽ**

തിരുബാലസഖ്യ കുട്ടികൾക്കായി സെമിനാർ സംഘടിപ്പിച്ചു. 280 കുട്ടികൾ സെമിനാറിൽ പങ്കെടുത്തു. രൂപതയിൽ നടന്ന തിരുബാലസഖ്യ വാർഷികത്തിൽ കുട്ടികൾ പങ്കെടുത്തു. അൾത്താര സംഘത്തിന് മീറ്റിംഗ് നടത്തുകയും പരിശീലനം നൽകുകയും ചെയ്തു. സി.എം.എൽ. അംഗങ്ങൾ നടവയൽ ഗൊരേത്തി ഭവൻ സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**നന്ദിപൂർവ്വം**

സി.എം.എൽ. മാനന്തവാടി രൂപതയുടെ എല്ലാ പ്രവർത്തനങ്ങളും ശാഖയുടെയും, മേഖലയുടെയും പൂർണ്ണസഹകരണത്തോടെ ഏറ്റവും ഭംഗിയായി നടക്കുന്നു. 2025-2026 വർഷത്തേക്കുള്ള പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങുമല്ലോ. നോമ്പും, പ്രാർത്ഥനയും, ഉപവാസവും വഴി ഈശോയുമായുള്ള ബന്ധത്തിൽ കൂടുതൽ ആഴപ്പെടാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
രൂപതാ സെക്രട്ടറി

## തിരുബാലസഖ്യം

**രൂപതാ വാർഷികം:** *ഉണ്ണിക്കൂട്ടം* എന്ന പേരിൽ തിരുബാല സഖ്യ വാർഷികാഘോഷം ഫെബ്രുവരി 26-ാം തീയതി ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി ഏകദേശം 390 ഓളം കുട്ടികൾ സമ്മേളനത്തിൽ പങ്കെടുത്തു. അവരോടൊപ്പം സിസ്റ്റേഴ്സും, മതാധ്യാപകരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കലിന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാനയോട് കൂടിയാണ് വാർഷിക ആഘോഷം ആരംഭിച്ചത്. തുടർന്ന് നടന്ന വാർഷികാഘോഷങ്ങൾക്ക് മനോജ് അച്ചൻ സ്വാഗതമാശംസിച്ച് സംസാരിച്ചു. തിരുബാലസഖ്യ രൂപതാ പ്രസിഡന്റ്, ശ്രീ. സിജിൻ കൂടക്കാട്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് ഈ വാർഷിക ആഘോഷങ്ങൾക്ക് തിരിതെളിച്ച്, ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. നാളയുടെ വാഗ്ദാനങ്ങളായ ഓരോ കുഞ്ഞുങ്ങളും ഈശോയെ സ്നേഹിച്ച്, ഈശോയെ അറിഞ്ഞ് ഈശോയെപ്പോലെ വിശുദ്ധിയിൽ വളരുവാനുള്ളവരാണെന്ന് പിതാവ് സംസാരിക്കുകയുണ്ടായി. തുടർന്ന് മാനന്തവാടി രൂപത സി.എം.എൽ. പ്രസിഡന്റ് ശ്രീ. ബിനീഷ് തുമ്പിയാംകുഴി, തിരുബാലസഖ്യ കലോത്സവ വിജയികളായ ഡോൺ മോടൂർ, റൊവേന ഗ്രേയ്സ് കൊരട്ടിയിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കേണിച്ചിറ ശാഖ, അരിഞ്ചേർമല ശാഖ, കുറുമ്പാല ശാഖ, മക്കിയാട് ശാഖ എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് ക്രിസ്തുദാസി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ക്ലാസ് നടത്തി.

രൂപത ആന്തം മൽസര വിജയികൾക്ക് മാർ അലക്സ് താരാമംഗലം പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. ചുണ്ടക്കര, ദീപ്തിഗിരി, കുറുമ്പാല എന്നീ ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങൾ കരസ്ഥമാക്കി. അതോടൊപ്പം പങ്കെടുത്ത എല്ലാ ശാഖകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി. സ്നേഹവിരുന്നോടുകൂടി ഈ വാർഷിക ആഘോഷം സമാപിച്ചു. വാർഷിക ആഘോഷം വിജയകരമാക്കുവാൻ സഹകരിച്ച ബഹു. ഡയറക്ടർ അച്ചനും, എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി.

**അജീറ്റ കന്നുകെട്ടിയിൽ**
രൂപതാ സെക്രട്ടറി

# പ്രവാസി അപ്പൊസ്റ്റലേറ്റ്

പ്രവാസ ജീവിതം പ്രേഷിത പ്രവർത്തനമാണ് എന്ന അടിയുറച്ച ബോധ്യത്തോടെ നമ്മുടെ രൂപതയിൽ നിന്നും പ്രവാസലോകത്തു ജീവിക്കുന്ന എല്ലാ പ്രിയപ്പെട്ടവരെയും സ്നേഹത്തോടെ ഓർമ്മിക്കുന്നു. എല്ലാവർക്കും അനുഗ്രഹദായകമായ നോമ്പുകാലവും ഒപ്പം സമാഗതമാകുന്ന ഉയർപ്പു തിരുനാളിന്റെയും ആശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു.

**ഇടവക കോർഡിനേറ്റർമാരുടെ യോഗം:** ഓരോ ഇടവകയിലേക്കും അതാതു ഇടവകയിലുള്ള പ്രവാസികളുടെ പേരുവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും ഇടവകയിലെ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനും, ഓരോ കോർഡിനേറ്റർമാരെ നിർദ്ദേശിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും രൂപതയിൽ നിന്നും കത്തുകൾ അയക്കുകയുണ്ടായി. ഏതാനും ഇടവകകളിൽ നിന്നു കൂടി മറുപടികൾ ലഭിക്കുവാൻ ഉള്ളത് എത്രയും വേഗത്തിൽ ലഭ്യമാക്കണം എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മെയ് മാസം 11 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് കോർഡിനേറ്റർമാരുടെ ഒരു മീറ്റിംഗ് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. ഇടവകകളിൽ നിന്നുള്ള കോർഡിനേറ്റർ പങ്കെടുക്കുമല്ലോ.

**ട്രെയിനിങ് പ്രോഗ്രാം:** ഈ വർഷം രൂപതയിൽ നിന്നും പഠനത്തിന് വിദേശ രാജ്യങ്ങളിലേക്ക് പോകാൻ ആഗ്രഹിക്കുന്നവരുടെ ഒരു മീറ്റിംഗ് ജൂൺ 12 ന് Zoom പ്ലാറ്റ്ഫോമിലൂടെ നടത്തുന്നതായിരിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ +917907100956 ഈ നമ്പറിൽ രജിസ്റ്റർ ചെയ്യുമല്ലോ.

**പ്രഥമ പ്രവാസി സംഗമം:** വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ അവധിക്കായി നാട്ടിൽ വരുന്ന ജൂലൈ മാസത്തിൽ പ്രവാസികളുടെ ഒരു സംഗമം രൂപതാ തലത്തിൽ നടത്തപ്പെടുന്നു. 2025 ജൂലൈ 15 ചൊവ്വാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ രാവിലെ 10 മണിക്ക് ആരംഭിക്കും. ഈ കാര്യം പ്രവാസികളെ നേരത്തെ അറിയിക്കുമല്ലോ.

**ഫാ. മനോജ് അമ്പലത്തിങ്കൽ**
രൂപതാ ഡയറക്ടർ, പ്രവാസി അപ്പൊസ്റ്റലേറ്റ്
**അനൂപ് കണ്ണുകട്ടിയിൽ**
രൂപതാ കോർഡിനേറ്റർ

**രക്ഷാകർതൃസംഗമം**

2025 ഫെബ്രുവരി 23-ാം തീയതി മൂന്നുമണിക്കും നാലുമണിക്കുമായി ഗൂഗിൾ മീറ്റ് വഴി രണ്ട് പേരൻസ് മീറ്റിംഗ് നടന്നു. ക്രമാനുഗതമായി മൂന്നുമണിക്ക് 2024 ബാച്ചിനും നാലുമണിക്ക് 21, 22, 23 ബാച്ചുകൾക്കും മീറ്റിംഗ് നടന്നു. ഓൺലൈൻ വഴി നടത്തപ്പെട്ട പേരൻസ് മീറ്റിങ്ങിലൂടെ ലൈഫ് ട്രെയിനിങ്ങിന് വിലയിരുത്തുകയും അവധിക്കാല പരിശീലനത്തെകുറിച്ചും തുടർപരിശീലനങ്ങളെ കുറിച്ചും മാതാപിതാക്കളുമായി ചർച്ച നടത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും ടീം അംഗങ്ങളും ഇതിന് നേതൃത്വം നൽകി. 43 ലൈഫ് വിദ്യാർത്ഥികളുടെ മാതാപിതാക്കൾ ഇതിൽ പങ്കുചേർന്നു.

**ഗൂഗിൾ മീറ്റ്**

അനുദിനവും രാവിലെ 5.15 നടക്കുന്ന ഗൂഗിൾ മീറ്റിൽ ലൈഫ് വിദ്യാർത്ഥികൾ പങ്കുചേരുന്ന് മെസ്സേജ് നൽകിയും, തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചും പ്രാർത്ഥിച്ചും സമകാലിക പൊതുവിജ്ഞാനങ്ങൾ പഠിച്ചും ഓരോ ദിനവും മനോഹരമായി തുടങ്ങാൻ സഹായകമാകുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും, സീനിയർ വിദ്യാർത്ഥികളും ഇതിന് നേതൃത്വം വഹിക്കുന്നു.

**പ്രത്യേക അറിയിപ്പ്**

ലൈഫ് ട്രെയിനിങ് മാതൃകയിൽ എല്ലാ കുട്ടികൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പുതിയ എൻട്രൻസ് പരിശീലനം ആരംഭിക്കുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ എൻട്രൻസ് പരിശീലനത്തിൽ ഏഴാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് ഈ വർഷം പങ്കുചേരാം. ഇതിലൂടെ വിവിധ എൻട്രൻസ് പരീക്ഷകൾക്കുള്ള അടിസ്ഥാന പരിശീലനം ആണ് നൽകുന്നത്. ഈ വർഷം 20 ദിവസം (100 മണിക്കൂർ) റെഗുലർ ക്ലാസുകൾ ഉണ്ടായിരിക്കും. 50 ദിവസം (1 മണിക്കൂർ വീതം) ഓൺലൈൻ വീക്കിലി ക്ലാസ്സ്

ഉണ്ടായിരിക്കും. കൂടാതെ 300 ദിവസം (അരമണിക്കൂർ-എല്ലാ ദിവസവും) ഓൺലൈൻ ക്ലാസും ഉണ്ടായിരിക്കുന്നതാണ്.

ഈ പരിശീലനത്തിലൂടെ കണക്ക്, ഭൗതിക ശാസ്ത്രം, മറ്റ് സയൻസ് വിഷയങ്ങൾ, ഭാഷാപഠനം (ഇംഗ്ലീഷ്, & ജർമ്മൻ), കറന്റ് അഫേയേഴ്സ്, ജികെ, ലോജിക്കൽ റീസണിംഗ് എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന ക്ലാസുകൾ, നൈപുണ്യം - ഉപന്യാസ രചന, പബ്ലിക് സ്പീക്കിംഗ്, കരിയർ ലക്ഷ്യ ക്രമീകരണം, ഡിജിറ്റൽ കലാസൃഷ്ടി, കമ്പ്യൂട്ടർ ഭാഷകളിലേക്കും അകലേക്കുമുള്ള ആമുഖം, തുടങ്ങിയ വിഷയങ്ങളിൽ പ്രാവീണ്യം നൽകുന്നതായിരിക്കും. ദ്വാരക പാസ്റ്റർ സെന്ററിൽ ആയിരിക്കും പരിശീലനം നടക്കുക. ഒരു വർഷത്തെ ഫീസ് 10,000 രൂപ ആയിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 വിദ്യാർഥികൾക്ക് 4000 രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നതായിരിക്കും.

ഇതിനെക്കുറിച്ച് അറിയുവാനും പങ്കുചേരാനും താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ ക്ലാസുകാർക്കും നിശ്ചയിച്ചിരിക്കുന്ന വാട്സ്ആപ്പ് ഗ്രൂപ്പിലേക്ക് പ്രവേശനം നൽകുന്നതായിരിക്കും. താഴെ തന്നിരിക്കുന്ന ഫോൺ നമ്പറിൽ നിങ്ങളുടെ പേരും വീട്ടുപേരും ഇടവകയും ക്ലാസ് ഫോൺ നമ്പറും അയച്ചാൽ ഈ ഗ്രൂപ്പിലേക്ക് പ്രവേശനം നൽകുന്നതായിരിക്കും. വിവരങ്ങൾ നൽകേണ്ട ഫോൺ നമ്പർ 8304844917.

**സി. ആൻസി തോമസ് സി.എം.സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**പത്രപ്രസ്താവനകൾ**

നൂൽപുഴയിൽ കാട്ടാന ആക്രമണത്തിൽ മനു എന്നയാൾ കൊല്ലപ്പെട്ട സംഭവത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപത സമിതി പ്രതിഷേധിച്ചു. വന്യജീവി ആക്രമണത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുമ്പോൾ ആശ്രിതർക്ക് കേവലം 10 ലക്ഷം രൂപ സമാശ്വാസ ധനം നൽകി ഉത്തരവാദിത്വത്തിൽനിന്നു ഒഴിയുന്ന സർക്കാർ നിലപാട് ദൗർഭാഗ്യകരമാണെന്നും കുറ്റബോധം ഇല്ലാതെ മനുഷ്യ ജീവന് വിലയിടുന്നതിനുപകരം വന്യജീവി അക്രമണങ്ങളിൽ നിന്ന് ജനജീവിതം സുരക്ഷിതമാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, വയനാടിനോടുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അവഗണനക്കെതിരെയും പത്രപ്രസ്താവനകൾ നൽകി.

**Youth connect**

കെ.സി.വൈ.എം പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന മാനന്തവാടി രൂപതയിലെ യൂണിറ്റ്, മേഖല പ്രസിഡന്റുമാരുടെ ഓൺലൈൻ മീറ്റിംഗ് നടത്തപ്പെട്ടു. 2025 പ്രവർത്തന വർഷത്തെ കർമ്മപരിപാടികൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് മീറ്റിംഗ് സംഘടിപ്പിച്ചത്.

**ജനസദസ്സ്**

വയനാട്ജില്ല അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെ ആസ്പദമാക്കി കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ജനസദസ്സ് എന്ന പേരിൽ ജനകീയ ചർച്ച സംഘടിപ്പിച്ചു. മാനന്തവാടി ഗാന്ധിപാർക്കിൽ നടന്ന ചർച്ച മുൻ രൂപതാ പ്രസിഡന്റും മിജാർക്ക് ഏഷ്യൻ പ്രതിനിധിയുമായിരുന്ന ശ്രീ. ജോസ് പള്ളത്ത് നിയന്ത്രിച്ചു. വന്യമൃഗശല്യം, ഉരുൾപൊട്ടൽ, ചുരം ബദൽപാത, വയനാട് മെഡിക്കൽ കോളേജ് തുടങ്ങിയ പ്രശ്നങ്ങളിലെ നിലപാടുകൾ വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ ചർച്ചയിൽ പങ്കുവെച്ചു. ഡി.വൈ.എഫ്.ഐ ജില്ലാ പ്രസിഡന്റ് ജിതിൻ കോമത്ത്, ഡി.സി.സി. ജനറൽ സെക്രട്ടറി എം. ജി. ബിജു, ബിജെപി സംസ്ഥാന കൗൺസിൽ അംഗം കെ. ജയചന്ദ്രൻ, വയനാട് കർഷക കൂട്ടായ്മ പ്രതിനിധി ഇ.പി ഫിലിപ്പ്കുട്ടി, രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ തുടങ്ങിയവർ സംസാരിച്ചു. രൂപതാ

ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, സെക്രട്ടറി ഡ്യൂണമരിയ കിഴക്കേമണ്ണൂർ, ട്രഷറർ നവീൻ പുലക്കുടിയിൽ, കോഡിനേറ്റർ ജോബിൻ തടത്തിൽ, അനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച് തുടങ്ങിയവർ നേതൃത്വം നൽകി.

**Roots**

2025 വർഷത്തെ മേഖലാ വിസിറ്റിന് ചുങ്കക്കുന്ന് മേഖലയിൽ ഔദ്യോഗിക തുടക്കമായി. മേഖലയിലെ യൂണിറ്റുഭാരവാഹികളും മേഖലാ ഭാരവാഹികളും സംബന്ധിച്ചു. രൂപതാസമിതി നേതൃത്വം നൽകി.

**കാർലോസ് വൈബ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട കാർലോ അക്വിറ്റസിന്റെ പാതയിൽ യുവമനസുകളെ പ്രചോദിപ്പിക്കുന്നതിനും കൂട്ടായ്മയിൽ ഒന്നുചേർക്കുന്നതിനുമായി കാർലോസ് വൈബ് യൂത്ത് അനിമേഷൻ പ്രോഗ്രാം ഫെബ്രുവരി 25നു മക്കിയാട് യൂണിറ്റിൽവച്ച് നടത്തപ്പെട്ടു.

**READY-2025 റീജിയണൽ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്**

കെ.സി.വൈ.എം മാനന്തവാടി രൂപതയിലെ യുവജനങ്ങളെ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്ന മേഖലാ ഡയറക്ടർമാരുടെയും മേഖലാ ആനിമേറ്റർമാരുടെയും സംഗമം റെഡി 2025 ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ സന്ദേശം നൽകി. കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ മേഖല, രൂപതാ പ്രവർത്തനങ്ങളുടെ വിശകലനവും പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാനുള്ള ചർച്ചകളും നടത്തി.

**അംഗത്വ മാസാചരണം**

സംഘടനാ അംഗത്വം സ്വീകരിക്കുന്നതിനും നവീകരിക്കുന്നതിനും കെ.സി.വൈ.എം. മാനന്തവാടി രൂപത 2025 മാർച്ച് 1 മുതൽ 2025 ഏപ്രിൽ 30 വരെ അംഗത്വ മാസാചരണം ക്രമീകരിച്ചിരിക്കുന്നു.

**ജീവിതമാകട്ടെ ലഹരി: റെഡ് റിബൺ ക്യാമ്പയിൻ 2025**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ എന്റെ ഗ്രാമം റെഡ് റിബൺ ക്യാമ്പയിൻ 2025 ന് തുടക്കമായി. ദ്വാരക എ.യു.പി സ്കൂളിൽ വച്ച് പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ വയനാട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറും വിമുക്തി ജില്ലാ മാനേജരുമായ എ.ജെ ഷാജി ഉദ്ഘാടനം ചെയ്തു. ക്യാമ്പയിന്റെ ഭാഗമായ റെഡ് റിബൺ ലോഗോയും പ്രകാശനം ചെയ്തു. മാനന്തവാടി

എക്സൈസ് ഇൻസ്പെകൂർ ശ്രീ. ജിതിൻ എച്ച്. എം, ഷോജി ജോസഫ്, മദർ പി.റ്റി.എ ഡാനി ബിജു, രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, സംസ്ഥാന സിൻഡിക്കേറ്റ് അംഗവും, മിജാർക്ക് പ്രതിനിധിയുമായ ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, ട്രഷറർ നവീൻ പുലക്കുടിയിൽ എന്നിവർ സംസാരിച്ചു.

**ലോക വനിതാദിനം**

ആശാവർക്കർമാരുടെ ശമ്പള വർദ്ധനയുമായി ബന്ധപ്പെട്ട് നടക്കുന്ന സമരപശ്ചാത്തലത്തിൽ മാർച്ച് 8 ന് കെ.സി.വൈ.എം മാനന്തവാടി രൂപത വനിതാദിനാചരണത്തിൽ എടവക പഞ്ചായത്തിലെ ആശാവർക്കർമാർക്കു രണ്ടു ദിവസത്തെ വേതനം നൽകി ആദരിച്ചു. ദ്വാരക ഗുരുകുലം കോളേജിൽ വച്ച് നടന്ന പരിപാടിയിൽ കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. കോളേജ് പ്രധാന അധ്യാപകനും വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ അംഗവുമായ ശ്രീ. ഷാജൻ ജോസ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, എടവക പി.എച്ച്.സി. ഡോക്ടർ ഉഷ പി.എസ്, ആനിമേറ്റർ സി. ബെൻസി എസ്. എച്ച്, ട്രഷറർ നവീൻ പുലക്കുടിയിൽ, അമ്പിളി സണ്ണി, പോൾ മണിയത്, അലൻ കപ്യാരുമല എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് വൈസ് പ്രസിഡന്റ് കുമാരി ആഷ്ന പാലാരിക്കുന്നേൽ വീഡിയോ സന്ദേശം നൽകി.

**ജന്മദിനാശംസകൾ**

മാനന്തവാടി രൂപതയുടെ ഇടയൻ മാർ ജോസ് പൊരുന്നേടം പിതാവിനും, രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, വൈസ് പ്രസിഡന്റ് ആഷ്ന വിൽസൺ പാലാരിക്കുന്നേൽ, സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗം കുമാരി ടെസ്സിൻ തോമസ് വയലിൽ, ശ്രീ. ആശിഷ് ജോബ് കാവുങ്കൽ, സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ക്രിസ്റ്റി കാരുവള്ളിത്തറ, കുമാരി ദിവ്യ പീറ്റർ പാട്ടാശ്ശേരിൽ, കുമാരി ജോസ്‌ലിൻ കദളിമറ്റം, മേഖലാ ഡയറക്ടർമാരായ ഫാ. സോണി വടയാപറമ്പിൽ, ഫാ. ജിജോ പല്ലാട്ടുകുന്നേൽ, തരിയോട് മേഖലാ രക്ഷാധികാരി ഫാ. തോമസ് പ്ലാശ്നാൽ എന്നിവർക്കും ജന്മദിനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

മുൻ കെ.സി.വൈ.എം രൂപതാ ഡയറക്ടർ സണ്ണി കൊല്ലാർതോട്ടം അച്ചന്റെ അമ്മ എലിസബത്ത് മാത്യുവിന് ആദരാഞ്ജലികൾ നേർന്നു.

**ആശംസകൾ**

വലന്റൈൻസ് ഡേ, വാഴ്ത്തപ്പെട്ട റാണിമരിയ ദിനം, വിഭൂതി തിരുനാൾ ഈ ദിനങ്ങളുടെ ആശംസകൾ നേർന്നു. പുതിയതായി ചാർജെടുത്ത കെ.സി.വൈ.എം സംസ്ഥാന സമിതിക്ക് മംഗളാശംസകൾ.

**ചിന്താവിഷയം: വി. കുമ്പസാരം**

കുടുംബനവീകരണവർഷവും ജൂബിലിയും പ്രമാണിച്ച് മാർച്ച് മാസത്തിലെ ചിന്താവിഷയമായ വിശുദ്ധ കുമ്പസാരത്തിന്റെ പ്രാധാന്യവും ആവശ്യകതയും വെളിവാക്കുന്ന വീഡിയോ സന്ദേശം കെ.സി.വൈ.എം അംഗം ശ്രീ. ജെസ്പിൻ പള്ളിക്കാത്തടത്തിൽ പങ്കുവച്ചു.

**യാത്രാമംഗളങ്ങൾ**

പയ്യമ്പള്ളി മേഖലാ ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്ത് ബത്തേരിയിലേക്ക് സ്ഥലം മാറി പോയ ജൂഡ് വട്ടക്കുന്നേൽ അച്ചന് പുതിയപ്രവർത്തന മേഖലയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

**സ്വാഗതം**

പയ്യമ്പള്ളി മേഖല ഡയറക്ടറായി സ്ഥാനമേറ്റ ഫാ.ജിജോ പല്ലാട്ടുകുന്നേലിന് ഹൃദ്യമായ സ്വാഗതം.

**പ്രാർത്ഥന ദിനം**

ഫെബ്രുവരി 20 ന് ഫ്രാൻസിസ് പാപ്പായുടെ രോഗാവസ്ഥയിൽ പ്രാർത്ഥനാദിനമായി ആചരിച്ചു.

**മേഖല വാർത്തകൾ**

**ദ്വാരക മേഖല**

വനിതാ ദിനത്തോട് അനുബന്ധിച്ച് മാർച്ച് 9 നു കൊമ്മയാട് യൂണിറ്റിൽ വെച്ച് Her Power Her Voice Rise and Shine എന്ന പേരിൽ വിവിധ മേഖലകളിൽ കഴിവുതെളിയിച്ച ധീരവനിതകളെ മുൻ കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കതടത്തിൽ ആദരിച്ചു. രൂപതാ വൈസ് പ്രസിഡന്റ് കുമാരി ആഷ്ന പാലാരിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ടോണി ഏലംകുന്നേൽ, കൊമ്മയാട് യൂണിറ്റ് ഡയറക്ടർ ഫാ. ബിനു വടക്കേൽ, നവീൻ പുലക്കുടിയിൽ, സെബിൻ ആക്കാന്തിരിയിൽ, ദിവ്യ പാട്ടശ്ശേരിയിൽ, ആഷ്‌ലിൻ വട്ടക്കുഴിയിൽ, അലൻ കപ്യാരുമലയിൽ എന്നിവർ ആശംസകൾ നേർന്നു.

**ബത്തേരി മേഖല**

രൂപതാ പ്രവർത്തനവർഷ ഉദ്ഘാടനത്തിലും, പദയാത്രയിലും, മേഖലാ പ്രതിനിധികൾ പങ്കെടുത്തു. ചുള്ളിയോട് യൂണിറ്റിൽ

വച്ച് മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. പ്രഥമ രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. ആധുനിക സിനിമയും വയലൻസും എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം നടത്തി. വന്യമൃഗശല്യം തുടർക്കഥയായ പശ്ചാത്തലത്തിൽ സ്വയം പ്രതിരോധത്തിന് അവകാശം നൽകണം എന്ന് ആവശ്യപ്പെട്ട് പത്രവാർത്ത നൽകി. യൂണിറ്റ്, മേഖലാ പ്രെസിഡന്റ്മാരുടെ ഓൺലൈൻ മീറ്റിംഗിൽ മേഖലാ പ്രസിഡന്റ് പങ്കെടുത്തു. വർദ്ധിച്ചു വരുന്ന വന്യമൃഗശല്യത്തിനെതിരെ ബത്തേരിയിൽ സംഘടിപ്പിച്ച പ്രതിഷേധ റാലിയിൽ മേഖലാ, യൂണിറ്റ് പ്രതിനിധികൾ പങ്കെടുത്തു.

**നിലമ്പൂർ മേഖല**

മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നായി ശേഖരിച്ച ഫ്ളാസ്ക്കുകൾ ചോക്കാട് ശാന്തിസദനിലെ അമ്മമാർക്ക് നൽകി. ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് കെ.സി.വൈ.എം നിലമ്പൂർ മേഖലയും മാതൃവേദിയും സംയുക്തമായി ആരംഭിച്ച ഉണ്ണീശോയ്ക്ക് ഒരു കുഞ്ഞുടുപ്പ് എന്ന പ്രോഗ്രാമിന്റെ ഭാഗമായി, നിലമ്പൂർ മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്ന് യുവജനങ്ങളും അമ്മമാരും ചേർന്ന് ശേഖരിച്ച കുഞ്ഞുടുപ്പുകൾ വടപുറം കള്ളയ്ക്കൽ നഗറിലെ കുഞ്ഞുങ്ങൾക്ക് കൈമാറി. വന്യജീവി ആക്രമണത്തിനെതിരെ മേഖലയുടെ നേതൃത്വത്തിൽ മനുഷ്യാവകാശ കമ്മീഷന് ഈമെയിൽ അയച്ചു കൊണ്ടുള്ള പ്രതിഷേധ ക്യാമ്പയിന്റെ ഉദ്ഘാടനം ചോക്കാട് യൂണിറ്റ് ഡയറക്ടറും മുൻ രൂപതാ സിൻഡിക്കേറ്റ് അംഗവുമായ ഫാ. സജി പുതുക്കുളങ്ങര നിർവഹിച്ചു. മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം Meraki 2k25, ചോക്കാട് തിരുകുടുംബ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റ് കുമാരി അമിത പുത്തൻപുരയ്ക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ചോക്കാട് യൂണിറ്റ് ഡയറക്ടർ ഫാ. സജി പുതുക്കുളങ്ങര ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെനറ്റ് മെമ്പർ ശ്രീ. ആശിഷ് ജോബ് കാവുങ്കൽ, രൂപതാ സെക്രട്ടറി ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, മേഖലാ ഡയറക്ടർ ഫാ. നിശ്വിൻ തേൻപള്ളിയിൽ, മേഖലാ സെക്രട്ടറി കുമാരി അനീറ്റ തെക്കേക്കര, മേഖലാ ജോയിന്റ് സെക്രട്ടറി ശ്രീ. റോബിൻ തേക്കിലക്കാട്ടിൽ, പൂക്കോട്ടുംപാടം യൂണിറ്റ് പ്രസിഡന്റ് ശ്രീ. പ്രവീൺ പതിനാലിൽഹൗസ് എന്നിവർ സംസാരിച്ചു.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

യൂണിറ്റ് ഡയറക്ടർ ജോമിൻ നാക്കുഴിക്കാട്ട് അച്ചന് സ്നേഹോപഹാരവും യാത്രയയപ്പും നടത്തി. പുതിയ ഡയറക്ടർ ബോബി

പാലാക്കുഴ അച്ചനെ പൂക്കൾ നൽകി സ്വാഗതം ചെയ്തു. "WELLSPRING 2K25" കർമ്മ പദ്ധതി പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും കൊട്ടിയൂർ ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. സന്തോഷ് ഒറവാറന്തറ കർമ്മപദ്ധതി പ്രകാശനം നടത്തി. വാഴ്ത്തപ്പെട്ട കാർലോ അക്യൂറ്റിസിന്റെ തിരുശേഷിപ്പ് വണങ്ങുകയും പ്രാർത്ഥിക്കുകയും ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് പരീക്ഷ ഒരുക്കക്ലാസും കുമ്പസാരവും ആരാധനയും നടത്തി. യുവജനങ്ങൾ ഈശോയുടെ പ്രായത്തെ അനുസ്മരിച്ചുകൊണ്ട് ചെല്ലുന്ന 33 മണി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രാവിലത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം യുവജന സുഹൃത്തുക്കൾ ഒത്തുചേർന്ന് സെമിത്തേരി സന്ദർശിച്ച് ക്ലീനിംഗ് നടത്തി. കെസിവൈഎം സംഘടനയിൽ അംഗമായിരിക്കുന്ന മുഴുവൻ യൂണിറ്റ് അംഗങ്ങളുടെയും പേര് വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ശേഖരിച്ചു.

**കൊമ്മയാട്**

യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനവും ദ്വാരക മേഖലയുടെ വനിതാ ദിനാഘോഷവും സംയുക്തമായി നടത്തി. ഔദ്യോഗിക പ്രവർത്തനവർഷ ഉദ്ഘാടനം 'ORIGO 2K25' യൂണിറ്റ് പ്രസിഡന്റ് ശ്രീ. സെബിൻ അക്കാന്തിരിയിൽ നിർവ്വഹിച്ചു. മേഖല, യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ ഇടവകയിലെ യുവജനങ്ങൾ എന്നിവരുടെ സാന്നിധ്യം ഉണ്ടായിരുന്നു.

**കയ്യൂന്നി**

കഴിഞ്ഞ ഒരു വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം ചെറുകാട്ടൂരിലേക്ക് സ്ഥലം മാറിപോകുന്ന കൊച്ചച്ചൻ ലൂയിസ് തുരുത്തിയിൽ അച്ചന് യാത്രയയപ്പും ഉപഹാരവും നൽകി. കയ്യൂന്നി ഇടവകയിലേക്ക് പുതുതായി കടന്നു വന്നിരിക്കുന്ന കൊച്ചച്ചൻ ഫാ. ജോമിൻ നാക്കുഴിക്കാട്ടിന് സ്വാഗതം ആശംസിച്ചു. മേഖല ഫണ്ട് ശേഖരണാർത്ഥം നൽകിയ കൂപ്പണുകൾ ഇടവകയിൽ വിതരണം ചെയ്തു. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് മേഖല സംഘടിപ്പിച്ച പ്രസംഗ മത്സരത്തിൽ മെറീന നെല്ലിയാട്ടുപറമ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**വിമൽ കൊച്ചുപുരക്കൽ**
ജനറൽ സെക്രട്ടറി

# കെ.സി.ബി.സി മദ്യവിരുദ്ധസമിതി

**1. സ്വാഗതസംഘം രൂപീകരിച്ചു**

ജൂബിലി സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായി സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

പബ്ലിസിറ്റി: ശ്രീ. ക്രിസ്റ്റി കരുവള്ളിത്തറ.

റിസപ്ഷൻ : ജോൺസൺ തൊഴുത്തുങ്കൽ, മരിയ ഇഞ്ചിക്കാലായിൽ
അലങ്കാരം: ബിജു ജോസ് ചിറമ്മൽ.

സ്റ്റേജ്: ലില്ലി പെരുമ്പനാനിയ്ക്കൽ, മനോജ് കുമാർ.

ഭക്ഷണം: ശ്രീ. മാത്യു പി. എ. മേച്ചേരിൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**2. ഇടവക സന്ദർശനം**

മദ്യവിരുദ്ധ സമിതി രൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി, ദ്വാരക ഫോറോനകളിലെ വിവിധ ഇടവകകൾ സന്ദർശിച്ച് ജൂബിലി സമാപന സമ്മേളനത്തിലേക്ക് വികാരിയച്ചന്മാരെയും യൂണിറ്റ് മദ്യവിരുദ്ധ സമിതി ഭാരവാഹികളെയും ആനിമേറ്റർമാരെയും സിസ്റ്റേഴ്സിനെയും ക്ഷണിച്ചു.

**3. ജൂബിലി സമാപന സമ്മേളനത്തിന്റെ ഒരുക്കങ്ങൾ**

സമാപന സമ്മേളനത്തിന്റെ ഒരുക്കങ്ങളുടെ ഭാഗമായി മാർച്ച് 5,6,7 തീയതികളിലായി രൂപത ഭാരവാഹികളും സ്വാഗതസംഘ പ്രവർത്തകരും ചേർന്ന് സമ്മേളന നഗരിയും, ഓഡിറ്റോറിയവും പരിസരങ്ങളും ബാനറുകളും തോരണങ്ങളും കെട്ടി അലങ്കരിച്ചു.

**4. രജത ജൂബിലി സമാപന സമ്മേളനം**

2025 മാർച്ച് 8 ശനിയാഴ്ച പാസ്റ്റർ സെന്ററിൽ കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ ഈശ്വര പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും, ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും

സമിതി അംഗങ്ങളും ജ്വാല ലഹരിവിരുദ്ധ ക്ലബ് അംഗങ്ങളും, രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും അടക്കം 320 ഓളം പേർ സമ്മേളനത്തിൽ അതിഥികളായി ഉണ്ടായിരുന്നു. സമിതി യുടെ രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ സ്വാഗതം പറഞ്ഞു. സമിതിയുടെ കഴിഞ്ഞകാല സാരഥികളെയും പ്രവർത്തനങ്ങളെയും സ്വാഗത പ്രസംഗത്തിൽ അച്ചൻ നന്ദിയോടെ സ്മരിച്ചു. പ്രസിഡന്റ് ശ്രീ. രാജു വലിയാറ സമകാലിക സമൂഹ ത്തിലെ രാസലഹരികളുടെ അതിപ്രസരത്തെക്കുറിച്ചും ഇതിനെ തിരെ ഓരോ പൗരനും പോരാടേണ്ടതിനെ ആവശ്യകതയെ കുറിച്ചും സംസാരിച്ചു. തുടർന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിച്ച അഭിവന്ദ്യ പിതാവ് രാസലഹരികളെ അതിന്റെ ഉറവിടത്തിൽ തന്നെ കണ്ടെത്തി നശിപ്പിക്കേണ്ടതിനെ കുറിച്ചും അതിന് കഴിഞ്ഞില്ലെങ്കിൽ സമൂഹം നേരിടാൻ പോകുന്ന വലിയ വിപത്തിനെക്കുറിച്ചും ഓർമ്മിപ്പിച്ചു. നവചൈതന്യയി ലൂടെ ആരംഭിച്ച് പിന്നിട്ട 25 വർഷത്തിലൂടെ മദ്യവിരുദ്ധ സമിതി നടന്നു നീങ്ങിയ സമരപാതകളെ കുറിച്ചും നിലവിലെ പ്രവർത്ത നങ്ങളെക്കുറിച്ചും രൂപതാ സെക്രട്ടറി ശ്രീ. മാത്യു ആര്യപള്ളി റിപ്പോർട്ട് അവതരിപ്പിച്ചു. മാനന്തവാടി രൂപത വികാരി ജനറൽ മോൺ. പോൾ മുണ്ടോളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാന മദ്യവിരുദ്ധ സമിതിയുടെ സെക്രട്ടറി ശ്രീ. പ്രസാദ് കുരുവിള ലഹരിയുടെ അതിപ്രസരത്തിൽ സർക്കാരുകളുടെ നിഷ്ക്രിയത്വത്തെ പറ്റി വിമർശിച്ച് സംസാരിച്ചു. സമ്മേളനത്തിൽ ഫാ. തോമസ് കച്ചിറയിൽ (മതബോധന ഡയറക്ടർ), ഫാ. ജോർജ് വർഗീസ് (അസിസ്റ്റന്റ് ഡയറക്ടർ, മുക്തി ഡി അഡിക്ഷൻ സെന്റർ), ഫാ. ബിനു വടക്കേൽ (മാതൃവേദി ഡയറക്ടർ), ഫാ. സാന്റോ അമ്പലത്തറ (ഡയറക്ടർ, കെ.സി.വൈ.എം), സിസ്റ്റർ ആനീസ് എബ്രഹാം SH (ഡയറക്ടർ, അസംപ്ഷൻ അഡി ക്ഷൻ സെന്റർ ബത്തേരി) ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ (രൂപതാ പ്രസിഡണ്ട്, എ.കെ.സി.സി) തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ഇടവക വികാരിമാരായ ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പിള്ളി, ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, ഫാ. ജയ്സൺ കുഴികണ്ടത്തിൽ, ഫാ. ഡൊമിനിക് വളകുടി, ഫാ. ജോർജുകുട്ടി കണിപ്പള്ളിൽ,

ഫാ. പോൾ കൂട്ടാല, തുടങ്ങിയ നിരവധി വൈദികർ തങ്ങളുടെ സാന്നിധ്യം കൊണ്ട് സമ്മേളനത്തിന് മിഴിവേകി. ആദ്യകാല രൂപതാ മദ്യവിരുദ്ധ പ്രവർത്തകരെയും ലഹരി വിരുദ്ധ ചികിത്സ കേന്ദ്രങ്ങൾക്കും അഭിവന്ദ്യ പിതാവ് ആദരവ് നൽകി.

രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ കാസ ലഹരി വിരുദ്ധ ക്ലബ്ബ് സംഘടിപ്പിച്ച ലഹരി വിരുദ്ധ വാരാചരണത്തിന്റെയും ഇടവകകൾക്ക് വേണ്ടി ജ്വാല ലഹരി വിരുദ്ധ ക്ലബ്ബ് സംഘടിപ്പിച്ച ലഹരി വിരുദ്ധമാസാചരണത്തിന്റെ ക്യാഷ് അവാർഡുകളും ഫലകവും അഭിവന്ദ്യ പിതാവ് സമ്മേളനത്തിൽ വിതരണം ചെയ്തു. മികച്ച സ്കൂളുകൾ പ്രവർത്തന മികവ് പുലർത്തിയ ഇടവകകൾ എന്നിവയെ അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. കുമാരി ആനി റോസ്, ശ്രീ. സെബാസ്റ്റ്യൻ കിച്ചങ്കരി, ശ്രീ. ജോസ് തെക്കുംപുറം എന്നിവരുടെ ശ്രുതിമധുരമായ സംഗീതം ആസ്വാദകർക്ക് ഇമ്പമേകി. തുടർന്ന് രൂപതാ മദ്യവിരുദ്ധ സമിതിയുടെ വൈസ് പ്രസിഡന്റ് ശ്രീമതി മരിയ ഇഞ്ചിക്കാലായിൽ നന്ദി അർപ്പിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തോടെ ജൂബിലി ആഘോഷങ്ങൾക്ക് തിരശീലവീണു. സമാപന സമ്മേളനത്തിൽ പങ്കാളികളായ എല്ലാവരെയും എക്സിക്യൂട്ടീവ് അംഗങ്ങളെയും യൂണിറ്റ് ഭാരവാഹികളെയും സൗകര്യങ്ങൾ ഒരുക്കിയ ഫാ. ജോസഫ് പരുവുമ്മേൽ, ഫാ. സിജോ ഇളംകുന്നപുഴ എന്നിവരെയും, സാങ്കേതിക സഹായങ്ങൾ നൽകിയ ഫാ. ജിതിൻ പീച്ചാട്ട്, മീഡിയകമ്മിഷൻ അംഗങ്ങൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ, യൂണിറ്റ് പ്രവർത്തകർ എന്നിവരെ നന്ദി പൂർവ്വം അനുസ്മരിക്കുന്നു.

**5. സംസ്ഥാന സമ്മേളനം**

2025 ഫെബ്രുവരി 26 ന് കോട്ടയത്ത് നടന്ന സംസ്ഥാന സമ്മേളനത്തിൽ വിവിധ ഇടവകയിൽ നിന്ന് 17 പേർ പങ്കെടുത്തു.

**രാജു വലിയാറ**

രൂപതാ പ്രസിഡണ്ട്

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 101 പേർ പങ്കെടുത്തു. ഏപ്രിൽ മാസത്തിലെ വിവാഹ ഒരുക്ക കോഴ്സ് ആദ്യ ബാച്ചിന്റേത് ഏപ്രിൽ 10,11,12, എന്നീ തീയതികളിലും രണ്ടാമത്തെ ബാച്ചിന്റേത് ഏപ്രിൽ 25,26,27 എന്നീ തീയതികളിലും മെയ് മാസത്തിലെ വിവാഹ ഒരുക്ക കോഴ്സ് മെയ് 11,12,13 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

മാനന്തവാടി രൂപതയിലെ സീറോ മലബാർ മാതൃവേദി ഭാരവാഹികളുടെ സംഗമവും നേതൃത്വ പരിശീലന ക്ലാസും 'കൊയിനോനിയ 2025' എന്ന പേരിൽ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. മാതൃവേദി രൂപതാ ഡയറക്ടർ റവ. ഫാ. ബിനു വടക്കേൽ ഏവരെയും സ്വാഗതം ചെയ്തു. മാറുന്ന കാലഘട്ടത്തിൽ അമ്മയുടെ സ്ഥാനം എന്ന വിഷയത്തിൽ ഫാ. ജോജോ കുടക്കച്ചിറയും, സംഘടനാ പ്രവർത്തനം നേതൃത്വം എന്നീ വിഷയങ്ങളിൽ രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ടും ക്ലാസുകൾക്ക് നേതൃത്വം നൽകി. മാതൃവേദി രൂപതാ സെക്രട്ടറി ശ്രീമതി മോളി പുഞ്ചയിൽ, വൈസ് പ്രസിഡണ്ട് ശ്രീമതി ഷേർളി വലിയവീട്ടിൽ എന്നിവർ സംസാരിച്ചു. ചുങ്കക്കുന്ന്, മാനന്തവാടി, കല്ലോടി, പയ്യമ്പള്ളി, ദ്വാരക, നടവയൽ, കൽപ്പറ്റ, ബത്തേരി, മുള്ളൻകൊല്ലി, തരിയോട്, നീലഗിരി എന്നീ മേഖലകളിൽനിന്ന് 77 ഭാരവാഹികൾ സംഗമത്തിൽ പങ്കെടുത്തു. ഫെബ്രുവരി 25 ന് ഭാരതത്തിലെ പ്രഥമ രക്തസാക്ഷി സി. റാണി മരിയയെകുറിച്ചുള്ള വീഡിയോ രൂപതാ ജോയിന്റ് സെക്രട്ടറി ശ്രീമതി മേരി പാലമറ്റം തയ്യാറാക്കി എല്ലാ മേഖലകൾക്കും യൂണിറ്റുകൾക്കും നൽകി. ഫെബ്രുവരി നാലിന് മാതൃവേദി രൂപതാ ഓഫീസിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു മാർച്ച് മാസത്തെ പ്രവർത്തനങ്ങൾ തയ്യാറാക്കി.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 17 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ 7.

**മേഖലാ വാർത്തകൾ**

**തരിയോട്**

വാ. റാണി മരിയയെ പരിചയപ്പെടുത്തി. മേഖലാ എക്സിക്യൂട്ടീവ് കൂടി. വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കണ്ടെത്തണമെന്ന് മേഖലാ മീറ്റിങ്ങിൽ പ്രമേയം അവതരിപ്പിച്ചു. മനുഷ്യമൃഗ സംഘട്ടനത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു മൗന പ്രാർത്ഥന നടത്തി. മേഖലാ പ്രസിഡന്റിന്റെ മാതാവിന്റെ നിര്യാണത്തിലും മുൻ മേഖല, രൂപതാ ഭാരവാഹിയായിരുന്ന അന്നമ്മ ടീച്ചറിന്റെ നിര്യാണത്തിലും ആദരാഞ്ജലികൾ അർപ്പിക്കുകയും ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. രൂപതാ സെമിനാറിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

മേഖലാ പൊതുയോഗം നടത്തി. ശാഖ ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം നടത്തി. രൂപതാ നേതൃത്വ പരിശീലന ക്ലാസിൽ മേഖലാ ഭാരവാഹികൾ പങ്കെടുത്തു. മേഖലാ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിച്ച നിയോഗങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട ശാഖകൾ ചെയിൻ റോസറി, ദിവ്യകാരുണ്യ ആരാധന, ഉപവാസ പ്രാർത്ഥന എന്നിവ നടത്തി. ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനം രോഗീദിനമായി ആചരിച്ചു. രോഗീ സന്ദർശനം നടത്തി. വാഴ്ത്തപ്പെട്ട റാണി മരിയ ദിനത്തിൽ ദൈവവിളിക്കായി പ്രാർത്ഥിച്ചു. ഇടവകയിലെ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും മാതാപിതാക്കളെ ആദരിച്ചു. ഫെബ്രുവരി മാസത്തിൽ എല്ലാ ദിവസവും വിശുദ്ധരെ പരിചയപ്പെടുത്തി.

**നടവയൽ**

സമർപ്പിത ദിനത്തിന്റെ ഭാഗമായി എല്ലാ യൂണിറ്റിലെയും ആനിമേറ്റേഴ്സിനെ ആദരിച്ചു. സാന്താ മോനിക്ക വചനഭാഗവും മേഖലയിലെ വചനഭാഗവും മേഖലാ ഗ്രൂപ്പിൽ അപ്‌ലോഡ് ചെയ്തു. മേഖലയിലെ എല്ലാ യൂണിറ്റുകൾക്കുമായി പ്രോലൈഫ് ക്ലാസ് നടത്തി. മേഖലാ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. രൂപതയിൽ നടത്തിയ സംഗമത്തിൽ ശാഖ മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**നിലമ്പൂർ**

എല്ലാ സമർപ്പിതരുടെയും മാതാപിതാക്കളെ ആദരിച്ചു. മേഖലാ എക്സിക്യൂട്ടീവ് കൂടി. ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിവസം രോഗീ ദിനമായി ആചരിച്ചു. രോഗികളായി കഴിയുന്നവരെ സന്ദർശിച്ചു.

**ശാഖാ വാർത്തകൾ**

**പാതിരിപ്പാടം**

അമ്മമാരുടെ നേതൃത്വത്തിൽ കപ്പ ബിരിയാണി ഉണ്ടാക്കുകയും, വിറ്റഴിക്കുകയും ചെയ്തു. 50-ാം വിവാഹ വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ മാതൃവേദി അമ്മമാരുടെ നേതൃത്വത്തിൽ ആദരിച്ചു. പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. സ്റ്റാൾ ഇട്ടു. രോഗീസന്ദർശനം, ഭവനസന്ദർശനം നടത്തി. ഒരു കുടുംബത്തിന് മാതൃവേദി ധനസഹായം നൽകി.

**റൂബി നഗർ**

രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. ഒരു രോഗിയ്ക്ക് 3000/- രൂപ ചികിത്സാ സഹായം നൽകി. ഒരു നിർധന കുടുംബത്തിന് 1500 രൂപയുടെ ഭക്ഷ്യകിറ്റ് നൽകി. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ 5 അമ്മമാർ പങ്കെടുത്തു.

**കബനിഗിരി**

ശിശുമലയിൽ വെച്ച് നടന്ന നേതൃത്വ പരിശീലന ക്ലാസിൽ കബനിഗിരി യൂണിറ്റിൽ നിന്ന് 11 പേർ പങ്കെടുത്തു. ലൂർദ്ദ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വീടുകളിൽ മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരം നടത്തി. ഇടവകയിലെ വിധവകളുടെയും വിഭാര്യരുടെയും സംഗമം നടത്തി. നടവയൽ ഓസാനാം ഭവൻ സന്ദർശിച്ച് സാമ്പത്തിക സഹായവും പച്ചക്കറികളും നൽകി. പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കൂട് ഗൈഡൻസ് സെന്ററിലെ ക്യാൻസർ രോഗികളെ സന്ദർശിച്ചു. ഭവനസന്ദർശനം നടത്തി. വചനകവചം, സാന്താ മോനിക്ക പ്രാർത്ഥന എന്നിവ നടത്തി.

**വഞ്ഞോട്**

എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. ഇടവകയിൽ ഏറ്റവും കൂടുതൽ പാൽ അളക്കുന്ന ആളെ കണ്ടെത്തുകയും മേഖലയ്ക്ക് നൽകുകയും ചെയ്തു. ഭവന സന്ദർശനം നടത്തി.

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് കൂടി. ഇടവകയിൽ നിന്നുള്ള വൈദികരുടെയും സിസ്റ്റേഴ്സിന്റെയും മാതാപിതാക്കളെ ആദരിച്ചു. വാ. റാണി മരിയ, ജോൺ ബോസ്കോ എന്നിവരെ പരിചയപ്പെടുത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പനവല്ലി**

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് ജനറൽ ബോഡി എന്നിവ നടത്തി. രോഗീസന്ദർശനം നടത്തി.

**മക്കിയാട്**

ഇടവകയിലെ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും മാതാപിതാക്കളെ സന്ദർശിച്ചു. അമ്മമാർക്ക് സെമിനാർ നടത്തി. രോഗീസന്ദർശനം നടത്തി.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് കൂടി. രോഗീസന്ദർശനം നടത്തി. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. മാർഗരേഖ തയ്യാറാക്കി. ലോഷൻ നിർമ്മാണം നടത്തി. ആദ്യ വെള്ളിയാഴ്ച ഉപവാസത്തിലൂടെ ലഭിച്ച തുക ഒരു നിർദ്ധന രോഗിക്ക് നൽകി.

**ശിശുമല**

തിരുഹൃദയ ഗാർഡൻ കള പറിച്ചു വൃത്തിയാക്കി. മേഖലാ ജനറൽ ബോഡി, നേതൃത്വപരിശീലന ക്ലാസ്സ് എന്നിവക്കുള്ള സൗകര്യം ഒരുക്കി. എക്സിക്യൂട്ടീവ് കൂടി. മൃതസംസ്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു. രോഗീസന്ദർശനം നടത്തി. മരണ വീടുകളിൽ സന്ദർശനം നടത്തി. പ്രായമായവരെ സന്ദർശിച്ചു. ഫണ്ട് സ്വരൂപണത്തിനായി പുതിയ മെഴുകുതിരികൾ ഉണ്ടാക്കുന്നതിനായി സെമിത്തേരി, ഗ്രോട്ടോകൾ, കുരിശുപള്ളികൾ എന്നിവിടങ്ങളിൽ നിന്ന് ഉപയോഗിച്ച മെഴുക് സംഭരിച്ചു. മേഖലയിൽ നടത്തിയ ഓൺലൈൻ പ്രസംഗമത്സരത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ പങ്കെടുത്തു. പച്ചക്കറി പരിപാലനം, വിളവെടുപ്പ്, വിൽപ്പന നടത്തി.

**സീതാമൗണ്ട്**

മേഖലയിൽ വച്ചു നടത്തിയ നേതൃത്വ പരിശീലന ക്ലാസ്സിൽ ഭാരവാഹികൾ പങ്കെടുത്തു. ലൂർദ്ദ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു പള്ളിക്കുന്ന് പള്ളിയിലേക്ക് കാൽനടയായി നടത്തിയ തീർത്ഥയാത്രയിൽ അമ്മമാർ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രോഗീ സന്ദർശനം നടത്തി.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വാ. റാണി മരിയയുടെ തിരുനാൾ ആഘോഷിച്ചു. ഫെബ്രുവരി 1 മുതൽ 28 വരെ ഓരോ വിശുദ്ധരെ പരിചയപ്പെടുത്തി. ബഡ്സ് സ്കൂൾ സന്ദർശിച്ചു. മേഖലതലത്തിൽ നടത്തിയ ക്ലാസ്സിൽ 7 പേർ പങ്കെടുത്തു.

**പുതുശേരിക്കടവ്**

തീർത്ഥാടന കേന്ദ്രമായ പള്ളിക്കുന്ന് ദേവാലയത്തിൽ പോയി പ്രാർത്ഥിച്ചു. രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. പിലാത്തോട്ടം കോളനി സന്ദർശിച്ച് മധുരം നല്കി. കുടുംബ നവീകരണ വർഷത്തിന്റെ ഭാഗമായി യൂണിറ്റുകളിൽ നടത്തുന്ന ബൈബിൾ ക്വിസ്സിൽ പങ്കെടുത്തു.

**കോട്ടത്തറ**

ക്യാൻസർ രോഗിക്ക് സഹായം നൽകി. മേഖലാ എക്സിക്യൂട്ടീവ് നടത്തി. മൂന്നു മാസത്തെ പ്രവർത്തന റിപ്പോർട്ട് മേഖലയ്ക്ക് നൽകി. സമർപ്പിത ദിനത്തോടനു ബന്ധിച്ച് ഇടവകയിലെ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളെ ആദരിച്ചു. രോഗികളായ മാതാപിതാക്കളെ സന്ദർശിച്ചു.

**കേളകം**

മാസത്തിന്റെ രണ്ടാമത്തെ ചൊവ്വാഴ്ച അഗതി മന്ദിരത്തിൽ പൊതിച്ചോറ് നൽകി. പാവപ്പെട്ട ഒരു രോഗിക്ക് രോഗീസഹായം നൽകി. ജീവകാരുണ്യ പ്രവർത്തനത്തിനുള്ള ഫണ്ട് സമാഹരിക്കുന്നതിനായി ഇടവക തിരുനാളിന് അമ്മമാർ ഐസ്ക്രീം വില്പന നടത്തി പണം സമാഹരിച്ചു. മാതൃവേദിയുടെ നേതൃത്വത്തിൽ വിനോദയാത്ര നടത്തി. അമ്മമാർ രോഗീ സന്ദർശനം നടത്തി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. വാഴ്ത്തപ്പെട്ട റാണി മരിയയെ പരിചയപ്പെടുത്തി. രോഗീ സന്ദർശനം നടത്തി. 70 വയസിനു മേൽ പ്രായമുള്ള ദമ്പതികളെ കണ്ടെത്തി ലിസ്റ്റ് ആക്കി. സമ്പൂർണ ബൈബിൾ പാരായണം ദിവസേന 15 മിനിറ്റ് ദേവാലയത്തിൽ നടത്തി.

**പന്തിപ്പൊയിൽ**

കൽപ്പറ്റ സ്നേഹസദൻ അഗതി മന്ദിര സന്ദർശനം നടത്തി. അമ്മമാർ സമാഹരിച്ച അവശ്യ സാധനങ്ങൾ അഗതി മന്ദിര അന്തേവാസികൾക്ക് വിതരണം ചെയ്തു. പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ ഇടവകയ്ക്കു പുറത്ത് ബോധവൽക്കരണം നടത്തി. സമർപ്പിത ദിനത്തിൽ സന്യസ്ഥരുടെ മാതാപിതാക്കളെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ചോക്കാട്**

പള്ളിയും പരിസരവും വൃത്തിയാക്കി. ഏലീശ്വാ സന്ദർശനം നടത്തി. രോഗീ സഹായം ആയി പണവും വസ്ത്രവും നൽകി. മരണ വീട് സന്ദർശിച്ചു. എക്സിക്യൂട്ടീവ് നടത്തി.

**ചെന്നലോട്**

സമർപ്പണ ദിനത്തിൽ സന്യസ്ഥരുടെ മാതാപിതാക്കളെ ആദരിച്ചു. വീടുകളിൽ പച്ചക്കറി തോട്ടം നിർമ്മിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വാഴ്ത്തപ്പെട്ട റാണി മരിയയുടെ ജീവചരിത്രം ചെറിയ വീഡിയോകളായി ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു.

**പട്ടാണിക്കൂപ്പ്**

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. രോഗികളായ മാതാപിതാക്കളെ സന്ദർശിച്ചു. ചെയിൻ റോസറി നടത്തി. ദേവാലയവും പരിസരവും ക്ലീനിങ് നടത്തുന്നതിനായി കൊയിനോണിയ ഗ്രൂപ്പ് പുനർക്രമീകരണം നടത്തി.

**താളിപ്പാടം**

എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം നടത്തി. നേതൃത്വ പരിശീലന സെമിനാറിൽ പങ്കെടുത്തു. മുൻ ഭാരവഹികൾ വിനോദയാത്ര നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പോരൂർ**

എക്സിക്യൂട്ടീവ് അംഗങ്ങൾ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റൽ ഭക്ഷണം പാചകം ചെയ്യാൻ പോയി. ഇടവകയിലെ ക്യാൻസർ രോഗികളെ സന്ദർശിച്ചു. ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ രോഗീ ദിനമായി ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**കയ്യൂന്നി**

3 കുടുംബങ്ങളിലെ നിർധന പെൺകുട്ടികൾക്ക് 3000/ രൂപയ്ക്ക് വസ്ത്രം വാങ്ങി നല്കി. ഭാരതീയ യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ ഡോക്ടറേറ്റ് നേടിയ അനു തണ്ടചിറയലിനെ ആദരിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വാഴ്ത്തപ്പെട്ട റാണി മരിയയുടെ ജീവചരിത്രം വായിച്ചു. ഇടവകയിലെ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**വടപുറം**

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. മേഖലയ്ക്ക് വേണ്ടി ഡിസംബർ മാസത്തെ മാർഗ്ഗരേഖ തയ്യാറാക്കി. ആനിമേറ്ററിന്റെ ജൂബിലി ആഘോഷിച്ചു. രോഗികളെയും പ്രായമായവരെയും സന്ദർശിച്ചു. വിനോദയാത്ര നടത്തി. സമർപ്പിത ദിനത്തിൽ ഇടവകയിലെ സമർപ്പിതർക്ക് ആശംസകൾ പറഞ്ഞു. മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു.

**ടൗൺചർച്ച്, മാനന്തവാടി**

സമ്പൂർണ്ണ ബൈബിൾ വായന നടത്തി. നിത്യാരാധനാ ചാപ്പൽ സന്ദർശനവും ജപമാലയും ബൈബിൾ പാരായണവും മുടക്കം കൂടാതെ നടത്തി. പ്രോലൈഫിനോട് ചേർന്ന് സ്ട്രീറ്റ് മിഷന്റെ ഭാഗമായി പനമരത്ത് വെച്ച് നടത്തിയ പ്രോഗ്രാമിൽ പങ്കെടുത്തു.3000/- രൂപ സംഭാവന നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 600 രൂപ മാസവരി സംഖ്യ ലഭിച്ചു. രോഗീ സഹായമായി 500/- രൂപ നൽകി.

**കൽപ്ര**

സമർപ്പിത ദിനവും, വിശുദ്ധ റാണി മരിയയുടെ തിരുനാളും ആചരിച്ചു. ഫണ്ട് ശേഖരണാർത്ഥം ചെറുകടികളുടെ വിൽപ്പനയും ഐസ്ക്രീം വിൽപ്പനയും നടത്തി. സമർപ്പിത ദിനത്തിൽ സന്യസ്ഥരുടെ മാതാപിതാക്കളെ സന്ദർശിച്ച് സമുചിതമായി ആഘോഷിച്ചു.

**പാലാങ്കര**

എക്സിക്യൂട്ടീവ് കൂടി. സെമിത്തേരി വൃത്തിയാക്കി. മരണ വീട് സന്ദർശിച്ചു. ഇടവകയിൽ വീടുകൾ ഉള്ള സന്യസ്ഥരുടെ മാതാപിതാക്കളെ ആദരിച്ചു. മേഖലയിൽ നടന്ന നേതൃത്വ സംഗമത്തിൽ ഏഴുപേർ പങ്കെടുത്തു. വനിതാ ദിനത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ക്യാൻസർ ദിനത്തിൽ ഇടവകയിലെ ക്യാൻസർ രോഗികളായവരുടെ ഭവനങ്ങൾ സന്ദർശിച്ച് രോഗീ സഹായമായി 20000 /രൂപ നൽകി. ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി തിരുനാൾ ദിനത്തിൽ അമ്മമാരുടെ ചായക്കട എന്ന പേരിൽ സ്റ്റാൾ നടത്തി. രോഗീസന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി.

**കുറുമ്പാല**

ഏലിശ്വാ സന്ദർശനം നടത്തി. മുൻ മാതൃവേദി പ്രവർത്തകയായിരുന്ന അന്നമ്മ ടീച്ചറുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ക്യാൻസർ ദിനത്തിൽ ക്യാൻസർ രോഗിയെ സന്ദർശിച്ചു. പള്ളിക്കുന്ന് തീർത്ഥാടനം നടത്തി. വാഴ്ത്തപ്പെട്ടറാണി മരിയായുടെ തിരുനാൾദിനം ആചരിച്ചു.

**നരിവാലമുണ്ട**

പ്രവർത്തനമാർഗ്ഗ രേഖ പ്രകാശനം ചെയ്തു. എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ എഴുപതോളം അമ്മമാർ പള്ളിക്കുന്ന് തീർത്ഥാടനം നടത്തി. രോഗീ സന്ദർശനം നടത്തി. ചോക്കാട് അഗതിമന്ദിരം സന്ദർശിച്ച് ആവശ്യമായ ഭക്ഷണസാധനങ്ങൾ നൽകി.

**തലഞ്ഞി**

സമർപ്പിത ദിനത്തിൽ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളെ ആദരിച്ചു. ഇടവകയിലെ നവോമിമാരെ ആദരിച്ചു, അവർക്കു വേണ്ടി ഒരു ടൂർ സംഘടിപ്പിച്ചു. മാനന്തവാടിയിലെ വിയാനിഭവൻ, സെമിനാരി എന്നിവ സന്ദർശിച്ചു. സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. സി. റാണി മരിയയെകുറിച്ചുള്ള ഡോക്യുമെന്ററി എക്സിക്യൂട്ടീവ് അംഗം ജോജി കൊച്ചുപറമ്പിൽ തയ്യാറാക്കി.

**ചെറുകാട്ടൂർ**

സമർപ്പിതരുടെ മാതാപിതാക്കളെ ആദരിക്കുന്നതിനായി ലൂയിസച്ചന്റെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ഇടയക്കൊണ്ടാട്ട് ഭവനം സന്ദർശിച്ച് പോളച്ചന്റെയും ഷീജ സിസ്റ്ററുടെയും ഷീന സിസ്റ്ററുടെയും മാതാപിതാക്കളെ ആദരിച്ചു.

**മണിമൂളി**

രോഗീ സന്ദർശനം നടത്തി. ചെയിൻ റോസറി ആരംഭിച്ചു. ഓരോ കുടുംബവും, ഇടവകയിലെ ഒരു കുടുംബത്തെ ദത്തെടുത്തു, അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. മറിയം ത്രേസ്യ, എവുപ്രാസ്യാമ്മ എന്നീ വിശുദ്ധരുടെ ദേവാലയങ്ങളിലേക്ക് അമ്മമാരെ ഉൾപ്പെടുത്തി തീർത്ഥാടനം നടത്തി.

**മരകാവ്**

ദേവാലയ ശുചീകരണത്തിൽ പങ്കാളികളായി. രോഗീ സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. സംഘടന വിജയത്തിനായി നന്മ നിറഞ്ഞ മറിയമേ പ്രാർത്ഥന ചൊല്ലി. മാസത്തിലെ ഒന്നാമത്തേയും മൂന്നാമത്തേയും ചൊവ്വാഴ്ച കളിൽ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. സമർപ്പണ തിരുനാൾ ദിനത്തിൽ സന്യസ്തരുടെ മാതാപിതാക്കളെ സന്ദർശിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖലാ ജനറൽ ബോഡിയിലും നേതൃത്വ പരിശീലന ക്ലാസിലും പങ്കെടുത്തു. രോഗീ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് മധുരം നൽകി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. ദ്വാരകയിൽ വച്ച് നടന്ന നേതൃത്വ പരിശീലന ക്യാമ്പിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾ വെച്ച് കരുണക്കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ ചൊല്ലി പ്രാർത്ഥിച്ചു.

അമ്മ മനസ്സ്' എന്ന വാട്സാപ്പ് ഗ്രൂപ്പിൽ വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ജീവചരിത്രം അയച്ചു. മേഖലാ എക്സിക്യൂട്ടീവിൽ ശ്രീമതി റീന മാർട്ടിനെ മേഖലാ സെക്രട്ടറിയായി തിരഞ്ഞെടുത്തു. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. രോഗീ സന്ദർശനം നടത്തി.

**പ്രശാന്തഗിരി**

ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. മരണവീട് സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. സമ്പൂർണ്ണ ബൈബിൾ വായിക്കുന്നതിൽ പങ്കാളികളായി. പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ തീർത്ഥാടന കേന്ദ്രമായ പള്ളിക്കുന്ന് പള്ളിയിൽ തീർത്ഥാടനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മാർപാപ്പയുടെ രോഗസൗഖ്യത്തിനായി 100 നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി.

**പനംഞ്ചിറ**

ഇടവക നിർമ്മിച്ചു നൽകുന്ന വീടിനും, അതിലെ അംഗങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു. പരീക്ഷക്കായി ഒരുങ്ങുന്ന എല്ലാ കുട്ടികൾക്കും വേണ്ടി പ്രാർത്ഥിച്ചു. രോഗികൾക്കായി കരുണകൊന്ത ചൊല്ലി.

**കുഞ്ഞോം**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. ഏറ്റവും കൂടുതൽ പാൽ അളന്ന രണ്ട് ക്ഷീര കർഷകരെ ആദരിച്ചു. വാഴ്ത്തപ്പെട്ട റാണി മരിയ അനുസ്മരണം നടത്തി. അമ്മമാർ പോരൂർ സ്നേഹാലയം അഗതിമന്ദിരം സന്ദർശിച്ചു. 8000/- രൂപയും നിത്യോപയോഗ സാധനങ്ങളും നൽകി. വിനോദയാത്ര നടത്തി 30 അമ്മമാർ പങ്കെടുത്തു.

**യവനാർകുളം**

തിരുനാളിനോടനുബന്ധിച്ച് നടന്ന പൊതുപണിയിൽ സംബന്ധിച്ചു. ബുധനാഴ്ച ദിവസങ്ങളിൽ ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാചകം ചെയ്യുന്നതിന് സഹായിച്ചു. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ദ്വാരക**

സമർപ്പിത ദിനത്തിൽ ഇടവകയിലുള്ള സിസ്റ്റേഴ്സിന്റെ വീടുകൾ സന്ദർശിച്ച് മാതാപിതാക്കളെ ആദരിച്ചു. രോഗീ സന്ദർശനം നടത്തി. പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. വിശുദ്ധ റാണി മരിയയെ കുറിച്ചുള്ള വീഡിയോ തയ്യാറാക്കി.

**കുറുമണി**

മരണവീട് സന്ദർശിച്ച് പ്രാർത്ഥിച്ചു. ക്യാൻസർ രോഗിയെ സന്ദർശിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**പറളിക്കുന്ന്**

ഫെബ്രുവരി മാസത്തെ മൂന്ന് വിശുദ്ധരെ പരിചയപ്പെടുത്തി ഇടവകയുടെ ഗ്രൂപ്പിലും മേഖലയുടെ ഗ്രൂപ്പിലും വീഡിയോ അപ് ലോഡ് ചെയ്തു. സമർപ്പിത ദിനത്തിന്റെ ഭാഗമായി ഇടവകയിലെ സിസ്റ്റേഴ്സിനെ ആദരിച്ചു. മേഖലാ ചെയിൻ റോസറിയിൽ പങ്കെടുത്തു. രൂപതാ സംഗമത്തിൽ ശാഖാ എക്സിക്യൂട്ടീവ് പങ്കെടുത്തു.

**അസംപ്ഷൻ**

കുടുംബ നവീകരണ വർഷത്തോടനുബന്ധിച്ച് ബൈബിൾ വായന, പഠനം, ചോദ്യാവലി തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. ദേവാലയവും പരിസരവും വൃത്തിയാക്കി. വാ. റാണി മരിയയെക്കുറിച്ചുള്ള വീഡിയോ പങ്കുവെച്ചു. രോഗീ സന്ദർശനം, അഗതിമന്ദിര സന്ദർശനം എന്നിവ നടത്തി. ചികിത്സ സഹായം നൽകി, കോളനിയിൽ വസ്ത്രം നൽകി.

**പൂക്കോട്ടുംപാടം**

ഡിപ്പോയിലെ ശാന്തിസദൻ കോൺവെന്റ് സന്ദർശിച്ച് അന്തേവാസികൾക്ക് ഭക്ഷണം നൽകി. സമർപ്പിത ദിനത്തിൽ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളെ ആദരിക്കുന്നതിന്റെ ഭാഗമായി, ഇടവകയിലെ സമർപ്പിതയുടെ ഭവനം സന്ദർശിച്ച് മാതാവിനെ ആദരിച്ചു. രോഗീസന്ദർശനം നടത്തി. ഒരു കുടുംബത്തിന് ഭവനനിർമ്മാണത്തിന്റെ ഭാഗമായി വീടിന്റെ ഫ്രണ്ട് ഡോർ വെയ്ക്കുന്നതിനായി 25000/- രൂപ സാമ്പത്തിക സഹായം നൽകി.

**നടവയൽ**

സോൺ തലത്തിൽ കർഷകർ, സൈനികർ, നിയമപാലകർ തുടങ്ങി വിവിധ തലങ്ങളിൽ ഉള്ളവർക്കായി ചെയിൻ റോസറി നടത്തി. സമർപ്പിതദിനത്തിൽ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളെ സോൺ തലത്തിൽ ആദരിച്ചു. സാധു സഹായം, രോഗീ സഹായം, വിദ്യാഭ്യാസ സഹായം, ഭവനനിർമ്മാണ സഹായം എന്നീ ഇനങ്ങളിലായി 10150/- രൂപ നൽകി.

**വാളേരി**

എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. പ്രായമായ മാതാപിതാക്കൻമാരെ സന്ദർശിച്ചു. സാന്താ മോനിക്ക, ചെയിൻ റോസറി, വചന കവചം എന്നിവ നടത്തി. കോളനി സന്ദർശിച്ചു.

**മഞ്ഞൂറ**

ഭവന സന്ദർശനം, ഏലിശ്വാ സന്ദർശനം എന്നിവ നടത്തി. പച്ചക്കറിതോട്ട മത്സരത്തിൽ വിജയികൾക്ക് സമ്മാനം നൽകി. വിവാഹജീവിതത്തിൽ 25 വർഷം ആയവരെ ആദിച്ചു.

**കുന്നലാടി**

ഇടവക തിരുനാളിൽ കുടുംബ നവീകരണ വർഷത്തോട നുബന്ധിച്ച് 25 വർഷം പൂർത്തീകരിച്ച വൈദികനെയും, 25, 33, 50 വർഷം പൂർത്തിയാക്കിയ ദമ്പതികളേയും മാതൃവേദിയുടെ നേതൃത്വ ത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചു.

**കരിമാനി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം നടത്തി. സമർപ്പിത ദിനത്തിൽ ഇടവകയിൽ നിന്നുള്ള സമർപ്പിതരുടെ മാതാപിതാക്കളെ ആദരിച്ചു. ഇടവകയിൽ നിന്നും സിസ്റ്റേഴ്സ് ആയ എല്ലാവരെയും ഇടവകയിൽ സേവനം ചെയ്യുന്നവരെയും ആശംസകൾ അറിയിച്ചു കൊണ്ട് വീഡിയോ ക്ലിപ്പ് തയ്യാറാക്കി ഷെയർ ചെയ്തു. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, തിരുഹൃദയ ജപമാല എന്നിവ ചൊല്ലി.

**കൊട്ടിയൂർ**

കിടപ്പുരോഗികൾ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, പ്രവാസി കുടുംബങ്ങൾ, ഭിന്നശേഷിയുള്ള സഹോദരങ്ങൾ, ഇടവകയിലെ അവിവാഹിതരായ യുവജനങ്ങൾ തുടങ്ങി യവരുടെ പേരുകൾ ശേഖരിച്ചു. കുടുംബ നവീകരണ വർഷ ത്തോടനുബന്ധിച്ച് ഇടവകയിലെ നാല് കുടുംബങ്ങളെ വീതം വിശുദ്ധ കുർബാനയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

**കാരയ്ക്കാമല**

സമർപ്പണ ദിനത്തോടനുബന്ധിച്ച് അമ്മമാർ തിരിപ്രദ ക്ഷിണം നടത്തിസമർപ്പിതർക്കും കുടുംബങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചു. പള്ളിക്കുന്ന് ലൂർദ്ദ് മാതാ ദേവാലയത്തിലേക്ക് ജപമാല ചൊല്ലി. പദയാത്രയായി തീർത്ഥാടനം നടത്തി. ഇടവകയിലെ സമർപ്പിതരുടെ മാതാപിതാക്കളെ അവരുടെ ഭവനങ്ങൾ സന്ദർശിച്ചു സമ്മാനം നൽകി ആദരിച്ചു. വീട്ടിലൊരു അടുക്കളത്തോട്ടം പദ്ധതിയുടെ ഭാഗമായി അമ്മമാർ നിർമ്മിച്ചിട്ടുള്ള അടുക്കളത്തോട്ടങ്ങൾ ടീമംഗ ങ്ങൾ സന്ദർശിച്ചു വിലയിരുത്തി സമ്മാനാർഹരെ തിരഞ്ഞെടുത്തു. രോഗീസന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കി.

**തേൾപ്പാറ**

സമർപ്പണ ദിനത്തിൽ സന്യസ്തരെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി. വാഴ്ത്ത പ്പെട്ട റാണി മരിയയുടെ തിരുനാൾ ദിനത്തിൽ റാണി മരിയയെകുറിച്ച് വീഡിയോ പ്രസന്റേഷൻ നടത്തി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

**മാർച്ച് 2025**

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഫെബ്രുവരി 28 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥി ച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

മാർച്ച് 01 ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബ്രദർ ജോസ് മാളോല സ്തുതി ആരാധന നയിച്ചു. ബഹു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. റിറ്റി FCC, എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സി. ആൻസി SCV, സി.സ്മിത CMC, സി. നവ്യ SH എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിംഗ്**

മാർച്ച് 08 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിങ് ശുശ്രുഷ നടന്നു. മാർച്ച് 21ന് രാവിലെ 08.30 മുതൽ വൈകുന്നേരം 09.30 വരെ സീയോൻ ചാപ്പലിൽ അഖണ്ഡജപമാല നടത്തി. സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാ നയും നടന്നുവരുന്നു.

**ശുശ്രൂഷകരുടെ ധ്യാനം**

സീയോനിലെ ശുശ്രൂഷകർക്കായി മാർച്ച് 11 മുതൽ 13 വരെ ധ്യാനം നടത്തപ്പെട്ടു. 70 ശുശ്രൂഷകർ ധ്യാനത്തിൽ പങ്കെടുത്തു.

**ആന്തരീക സൗഖ്യ ധ്യാനം**

മാർച്ച് 20 മുതൽ 23 വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടത്തപ്പെട്ടു.

**ഇടവക ധ്യാനങ്ങൾ**

മാർച്ച് 02 മുതൽ 05 വരെ കൂളിവയൽ ഇടവകയിലും, 06 മുതൽ 08 വരെ സീതാമൗണ്ട് ഇടവകയിലും, 09 മുതൽ 11 വരെ മുതിരേരി ഇടവകയിലും, 14 മുതൽ 16 വരെ കൽപ്ര ഇടവകയിലും, 16 മുതൽ 19 വരെ മുണ്ടേരി ഇടവകയിലും, 24 മുതൽ 26 വരെ ഉപ്പട മലങ്കര ഇടവകയിലും, 27 മുതൽ 30 വരെ വലിയകൊല്ലി ഇടവക യിലും ഇടവക ധ്യാനങ്ങൾ നടത്തപ്പെട്ടു.

അന്വേഷണങ്ങൾക്ക് - 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ 9544606936

**കാലാവസ്ഥാ അനുയോജ്യമായ കൃഷിരീതികൾ വികസിപ്പി ക്കേണ്ടത് ഇന്നിന്റെ ആവശ്യകത: ഡോ. വി. കുര്യൻബേബി, ഐ.എ.എസ്.**

ലോകമെമ്പാടും വേഗത്തിൽ മാറിവരുന്ന കാലാവസ്ഥാ വ്യതിയാനങ്ങളോടു പ്രതികരിച്ച് കാലാവസ്ഥാ അനുയോജ്യ മായ കൃഷിരീതികൾ വികസിപ്പിക്കണമെന്ന് കേരള കാർഷിക സർവകലാശാലയിലെ ബി.എസ്.സി.കൃഷിവിദ്യാർത്ഥികളെ ഡോ.വി.കുര്യൻ ബേബി, ഐ.എ.എസ്. ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) ഓഡിറ്റോറി യത്തിൽ നടന്ന റൂറൽ അഗ്രിക്കൾച്ചറൽ വർക്ക്സ് എക്സ്പീ രിയൻസ് (RAWE) പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കവെ യാണ് അദ്ദേഹം ഈ നിർദേശം നടത്തിയത്. കേരള കാർഷിക സർവകലാശാല, അമ്പലവയൽ കേന്ദ്രത്തിലെ 22 ബി.എസ്.സി. കൃഷിവിദ്യാർത്ഥികൾ ആണ് പരിപാടിയിൽ പങ്കെടുക്കുന്നത്. കാലാ വസ്ഥാ വ്യതിയാനത്തിന്റെ ദോഷകരമായ സ്വാധീനങ്ങളെ നേരി ടാൻ കാർഷിക മേഖലയിൽ ആധുനിക സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തണമെന്നും, കാർബൺ-ന്യൂട്രൽ കൃഷിരീതികൾ, ലാബ്-ടു-ലാൻഡ് പ്രോജക്റ്റുകൾ, നഗരമേഖലകൾക്കു അനു യോജ്യമായ വെർട്ടിക്കൽ കൃഷിരീതികൾ, പങ്കാളിത്ത കാർഷിക ഗവേഷണം, ജനിതക എഞ്ചിനീയറിംഗ് മുന്നേറ്റങ്ങൾ, കാർഷിക വികസന സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണ മെന്നും വിദ്യാർത്ഥികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. ലോകബാങ്ക് കൺസൾട്ടന്റ് പി.കെ. കുര്യൻ, WSSS പ്രോഗ്രാം ഓഫീസർ പി.എ. ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പഠന പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾ നബാർഡ് നീരുറവ സംരക്ഷണ പദ്ധതി, തൃശ്ശിലേരി ജോൺ മാസ്റ്ററുടെ ജൈവകൃഷിയിടം, TAPCO ഫാർമർ പ്രൊഡ്യൂസർ ഓർഗനൈ സേഷൻ, ബയോവിൻ അഗ്രോ റിസർച്ച്, റേഡിയോ മാറ്റൊലി, ബോയ്സ്ടൗൺ ഔഷധസസ്യ സംരക്ഷണ ഉദ്യാനം, ഗുരുകുല

ബൊട്ടാനിക്കൽ ഗാർഡൻ, മക്കിമല ആദിവാസി വികസന പദ്ധതി, തവിഞ്ഞാൽ ആട് ഗ്രാമം എന്നിവ സന്ദർശിച്ചു.

**ചക്ക വിഭവങ്ങൾ നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ ചക്കവിഭവങ്ങൾ നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചു. പുൽപ്പള്ളി ടൗൺ ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിലിന്റെ അധ്യക്ഷതയിൽ കസാഫി കോഡിനേറ്റർ ശ്രീ. വരുൺ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി എ, SWS കോർഡിനേറ്റർ ജാൻസി ജിജോ എന്നിവർ ആശംസകൾ അറിയിച്ചു. കസാഫി ഫീൽഡ് കോർഡിനേറ്റർ അനഘ ജോസ് പദ്ധതി വിശദീകരണം നടത്തി. വിവിധ തരത്തിലുള്ള ചക്കവിഭവങ്ങൾ സ്വന്തമായി ഉണ്ടാക്കിയെടുക്കുക, വ്യക്തിതലത്തിലും സ്വാശ്രയസംഘ തലത്തിലും ചക്കവിഭവങ്ങൾ ഉത്പാദിപ്പിച്ച് വിപണനം നടത്തുക, വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പസൗകര്യവും സാങ്കേതിക സഹായവും നൽകും. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജണൽ കോഡിനേറ്റർ ഷീന ആന്റണി ക്ലാസുകൾ എടുത്തു. പ്രൊജക്റ്റ് കോർഡിനേറ്റർ ചിഞ്ചുമരിയ, റീജണൽ കോഡിനേറ്റർമാരായ ലിജ കുര്യാക്കോസ്, ബിൻസി വർഗീസ്, ആലീസ് സിസിൽ, ജിനി ഷിനു എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**വിദഗ്ധ സംഘം പുലിക്കാട് നീർത്തട പ്രദേശം സന്ദർശിച്ചു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എടവക ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ പഠനം നടത്തുന്നതിന് വിദഗ്ധ സംഘം

എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശം സന്ദർശിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ടെത്തിയ പത്ത് നീരുറവകളിൽ അഞ്ചെണ്ണത്തിന്റെ സാങ്കേതിക പരിശോധന വിദഗ്ധ സംഘം നടത്തുകയുണ്ടായി. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കാരിത്താസ് ഇന്ത്യയിലെ ഹൈഡ്രോജിയോളജിസ്റ്റ് ആയ ഡോക്ടർ വി ആർ ഹരിദാസ്, സോയിൽ സയന്റിസ്റ്റ് ആയ ഡോക്ടർ ആർ അനിലൻ എന്നിവർ ആയിരുന്നു ടീമിൽ ഉായിരുന്നത്. പഠന പ്രക്രിയയ്ക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, എടവക ഗ്രാമപഞ്ചായത്ത് മെമ്പർ ഷിൽസൺ മാത്യു, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം കോഡിനേറ്റർ ദീപു ജോസഫ്, പുലിക്കാട് നീരുറവ സംരക്ഷണ പദ്ധതി സെക്രട്ടറി സിനോജ് പി ജെ, കമ്മിറ്റി അംഗം വർഗീസ് എൻ.എ എന്നിവർ നേതൃത്വം നൽകി.

**മോണിറ്ററിംഗ് വിസിറ്റ് നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സൗത്ത് അമേരിക്കൻ രാജ്യമായ ചിലി ആസ്ഥാനമായി പ്രവർത്തിക്കുന്ന സെലാവിപ് എന്ന വികസന ഏജൻസിയുമായി സഹകരിച്ച് എടവക, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിൽ ആദിവാസി വിഭാഗത്തിൽപെടുന്ന 30 പേർക്ക് ഭവനങ്ങൾ പൂർത്തീകരിച്ച് നൽകിയിരുന്നു. ഈ പദ്ധതി ശരിയായ രീതിയിൽ ആണോ പൂർത്തീകരിച്ചത് എന്ന് വിലയിരുത്തുന്നതിന് സെലാവിപ് ടെക്നിക്കൽ കൺസൽട്ടന്റ് സുരേഷ്കുമാർ രണ്ട് ദിവസങ്ങളിലായി മോണിറ്ററിംഗ് വിസിറ്റ് നടത്തി. സാമ്പത്തിക പോരായ്മ മൂലവും കരാറുകാരാൽ വഞ്ചിക്കപ്പെട്ടും ഭവനങ്ങളുടെ പണി പൂർത്തിയാക്കുവാൻ സാധിക്കാതെ താൽക്കാലികമായി നിർമ്മിച്ച ഷെഡുകളിൽ വർഷങ്ങളായി താമസിച്ചു വന്നിരുന്ന 30 ആദിവാസി വിഭാഗത്തിൽ പെട്ട കുടുംബങ്ങളുടെ ഭവനങ്ങൾ ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പൂർത്തീകരിച്ച് നൽകിയത്. വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തികൾ ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിയത്. ചില വീടുകളുടെ പ്ലാസ്റ്ററിംഗ് വർക്ക് പൂർത്തീകരിച്ചു. കുറച്ച് വീടുകളുടെ ഫ്ളോർ ടൈൽ ഇട്ടു. ഒരു വീടിന്റെ അടുക്കള നിർമിച്ചു നൽകി. ചില വീടുകളുടെ വയറിംഗ്, പ്ലംബിംഗ് അടക്കമുള്ള മുഴുവൻ പണിയും പൂർത്തീകരിച്ചു. വർഷങ്ങളായി പണി പൂർത്തീകരി

ക്കുവാൻ സാധിക്കാതെ താൽക്കാലിക ഷെഡിൽ കഴിഞ്ഞിരുന്ന 30 കുടുംബങ്ങളുടെ ഒരു സുരക്ഷിതമായ ഭവനം എന്ന സ്വപ്നമാണ് ഈ പദ്ധതിയിലൂടെ യാഥാർത്ഥ്യമായത്. ആറു മാസം കൊണ്ട് ആണ് ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചത്. വയനാട്ടിൽ അറിയപ്പെടുന്ന കെട്ടിട നിർമ്മാണ കമ്പനിയായ ടെക്റ്റികോൺ ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിച്ചത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വളരെ മാതൃകാപരമായ രീതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചുവെന്നും വരും വർഷങ്ങളിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി കൂടുതൽ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമെന്നും സുരേഷ്കുമാർ അഭിപ്രായ പ്പെട്ടു. മോണിറ്ററിംഗ് വിസിറ്റിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘം ഭാരവാഹികളുടെ സംഗമം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പുൽപ്പള്ളി മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘം ഭാരവാഹികളുടെ സംഗമം നടത്തി. പുൽപ്പള്ളി ടൗൺ ചർച്ച് പാരിഷ് ഹാളിൽ നടന്ന സംഗമം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി.എ ഉദ്ഘാടനം ചെയ്തു. സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക, സ്വാശ്രയ സംഘങ്ങൾക്ക് ഏറ്റെടുത്ത് നടപ്പിൽ വരുത്തുവാൻ സാധിക്കുന്ന വിവിധ സംരംഭങ്ങൾ പരിചയപ്പെടുത്തുക, ബാങ്കുകളിൽ നിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉള്ള വായ്പകൾപരിചയപ്പെടുത്തുക, അടുത്ത ഒരു വർഷത്തെ പദ്ധതിരേഖ തയ്യാറാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംഗമം നടത്തിയത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോ-ഓർഡിനേറ്റർ ലിജ കുര്യക്കോസ്, അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിലെ എം എസ് ഡബ്ല്യൂ വിദ്യാർത്ഥികൾ ആയ റോസ്മേരി, അനഘ എം എഫ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 76 സ്വാശ്രയ സംഘം ഭാരവാഹികൾ സംഗമത്തിൽ പങ്കെടുത്തു

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

ആലാറ്റിൽ, തവിഞ്ഞാൽ, കല്ലോടി, മുതിരേരി, ജൂഡ്സ് മൗണ്ട്, അരിഞ്ചേർമല, ചുള്ളിയാന, കൊട്ടിയൂർ, ചുങ്കക്കുന്ന്,

വെള്ളൂന്നി, അമ്പായത്തോട്, ചൂരൽമല, പാറത്തോട്ടം, സീതാ മൗണ്ട്, ശശിമല, പട്ടാണികൂപ്പ്, പാടിച്ചിറ, നടവയൽ, പടമല, പയ്യമ്പള്ളി, ചെറുകാട്ടൂർ, തൃശ്ശിലേരി, ദ്വാരക, എടയൂർക്കുന്ന്, കുറുമണി, ഒഴുക്കൻമൂല, മംഗലശ്ശേരി, തലപ്പുഴ, കാരയ്ക്കാമല, പ്രശാന്തിഗിരി, കുഞ്ഞോം എന്നിവിടങ്ങളിൽ നടത്തിയ യൂണിറ്റ് മീറ്റിംഗുകൾക്ക് യൂണിറ്റ് ഭാരവാഹികളോടൊപ്പം റീജണൽ കോഡിനേറ്റർമാരായ ആലിസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു**

അംഗങ്ങളിൽ കൂട്ടായ്മ രൂപീകരിക്കുക, സമ്പാദ്യശീലം വളർത്തുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുക, നൂതന പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക, ഗവൺമെന്റ്, ഗവൺമെന്റ് ഇതര പദ്ധതികളിൽ അംഗങ്ങളിൽ അവബോധം സൃഷ്ടിക്കുകയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ മുക്കുറ്റി, കല്ലിയോട്ടുകുന്ന്, എടയൂർക്കുന്ന് പടിഞ്ഞാറത്തറ, മക്കോട്ടുകുന്ന്, ചൂരൽമല എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**ബോധവൽക്കരണ ക്ലാസുകൾ നൽകി**

സോഷ്യൽ വെൽഫെയർ സൊസൈറ്റികൾ, സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ കുറിച്ചും സ്വാശ്രയ സംഘങ്ങൾ ലോൺ എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ആവശ്യമായ രേഖകൾ തയ്യാറാക്കൽ, ലോണിന്റെ ഉപയോഗം എന്നീ കാര്യങ്ങളിൽ അംഗങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്വാശ്രയ സംഘാംഗങ്ങൾക്കും തുല്യ ബാധ്യത സംഘാംഗങ്ങൾക്കുമായി ബോധവൽക്കരണ ക്ലാസുകൾ നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ പി എ ജോസ് ക്ലാസ് എടുത്തു. റീജണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ഷീന ആന്റണി, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിനോജ് പാലത്തടത്തിൽ**

ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**ജീവസ് ഫാമിലി ഹെൽത്ത് കെയർ**

ജീവസ് & കെ.എൽ.എം നടപ്പിലാക്കുന്ന കുടുംബ ആരോഗ്യ ഇൻഷൂറൻസ് പദ്ധതികളുടെ വിശദീകരണത്തിനായി പാരീഷ് കോഡിനേറ്റർമാരുടെയും ഫൊറോനാ കോഡിനേറ്റർമാരുടെയും യോഗങ്ങൾ ഓൺലൈനായി ചേർന്നു. രൂപതാ ഡയറക്ടർ പദ്ധതി വിശദീകരിച്ചു.

ആലാറ്റിൽ ഇടവകയിൽ സംഘടിപ്പിച്ച സെമിനാറിൽ രൂപതാ ടീം അംഗം കുര്യാച്ചൻ ചിറമുഖവും ശശിമല ഇടവകയിൽ സെബാസ്റ്റ്യൻ പാലംപറമ്പിലും വിഷയാവതരണം നടത്തി.

**ഫൊറോനാ കോഡിനേറ്റർമാരുടെ യോഗം**

എല്ലാ ഫൊറോനകളിലും പാരീഷ് കോഡിനേറ്റർമാരുടെ യോഗം അതാത് ഫൊറോനാ വികാരി അച്ചൻമാരുടെ അധ്യക്ഷതയിൽ നടന്നു. ഫൊറോനാ കോഡിനേറ്റർമാർ നേതൃത്വം നല്കി. യോഗത്തിൽ മുൻവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ വർഷത്തെ കർമ്മ പദ്ധതികൾ ചർച്ച ചെയ്യുകയുമുണ്ടായി. നേതൃത്വം നല്കിയ എല്ലാ വൈദികർക്കും ഫൊറോനാ കോഡിനേറ്റേഴ്സിനും നന്ദി രേഖപ്പെടുത്തുന്നു.

**പാരീഷ് സെമിനാറുകൾ**

ജീവസ് & കെ എൽ എം പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനായി നടത്തി വരുന്ന ഇടവകാതല സെമിനാർ കൊമ്മയാട്, ചെന്നലോട്, മാനന്തവാടി ടൗൺ ചർച്ച്, ചുള്ളിയാന എന്നീ ഇടവകകളിൽ നടന്നു. വികാരിയച്ചൻമാർ ഉദ്ഘാടനം നിർവഹിക്കുകയും കോഡിനേറ്റർമാർ നേതൃത്വം നല്കുകയും ചെയ്തു. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സുകൾ നയിച്ചു.

സെമിനാറുകൾ സംഘടിപ്പിച്ച ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, ഫാ. ബിനു വടക്കേൽ, ഫാ. ജിമ്മി മൂലയിൽ, ഫാ. സെബാസ്റ്റ്യൻ എലവനാപ്പാറ എന്നീ വൈദീകർക്ക് സ്നേഹപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

**വനിതാ ദിനാചരണം**

ഈ വർഷത്തെ വനിതാ ദിനാചരണം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ച് മാർച്ച് 7 ന് സംഘടിപ്പിച്ചു. സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ചെയർ പേർസൺ കെ.സി റോസക്കുട്ടി ടീച്ചർ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ അധ്യക്ഷനായിരുന്നു. WSSS പ്രോഗ്രാം കോഡിനേറ്റർ ജോസ് പി.എ, കെ.എൽ എം രൂപതാ പ്രസിഡണ്ട് ബിജു പോൾ, കോഡിനേറ്റർ മിനിമോൾ എന്നിവർ പ്രസംഗിച്ചു. മുൻസിപ്പൽ കൗൺസിലർ സ്മിത ടീച്ചർ ക്ലാസ്സ് നയിച്ചു.

**ക്ഷേമനിധി**

സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയനിൽ ചേർന്ന അംഗങ്ങളുടെ അംഗത്വം പുതുക്കാനുള്ള നടപടി പൂർത്തിയായി. പുതിയ രജിസ്ട്രേഷൻ 25-03-2025 ന് കൽപ്പറ്റ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഓഫീസിൽ നടത്തുന്നതാണ്.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 03 അംഗങ്ങൾക്ക് ഫെബ്രുവരിയിൽ 60 വയസ്സായതിനെ തുടർന്ന് പെൻഷന് അപേക്ഷ സമർപ്പിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്നവരുടെ 2024-25 വർഷത്തെ പുതുക്കൽ പൂർത്തിയായി. 60 വയസ്സ് പൂർത്തിയായ 15 പേർക്ക് ഈ മാസം റിട്ടയർമെന്റ് ആനുകൂല്യം ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1.NDS Regional Evaluation Meeting**

2025 ഫെബ്രുവരി മാസം 22-ാം തീയതി ശനിയാഴ്ച രാവിലെ 11.00 മണിമുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ നേതൃത്വം കൊടുത്തു. NDS പെരിയശോല, വിമലഗിരി, കൽപ്ര, ധർമ്മഗിരി, ബോസ് പാറ, കയ്യൂന്നി യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യൂണിറ്റ് പ്രതിനിധികൾ കഴിഞ്ഞ രണ്ടുമാസത്തെ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഡയറക്ടറച്ചൻ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ചെയ്ത യൂണിറ്റുകളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ WSSS ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഇൻഷൂറൻസ് പദ്ധതിയെകുറിച്ചും, ബയോവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഓർഗാനിക് മസാല കറിപൗഡറുകളുടെ വിപണനം യൂണിറ്റ് തലത്തിൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും അച്ചൻ സംസാരിച്ചു.

**2.അന്താരാഷ്ട്ര വനിതാ ദിനാചരണം**

അന്തരാഷ്ട്ര വനാതാ ദിനാചരണത്തിന്റെ ഭാഗമായി 09.03.2025 ന് ധർമ്മഗിരി, വിമലഗിരി യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ബോധവത്ക്കരണ സെമിനാറുകളിലും, ക്ലാസിലും NDS മേഖലാ കോഡിനേറ്റർ ജോഷി പങ്കെടുക്കുകയും ക്ലാസ് നയിക്കുകയും ചെയ്തു. യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗത്തിനെതിരെ അമ്മമാർ ജാഗ്രതയുള്ളവരായിരിക്കണമെന്നും, ഇത്തരം തിന്മകളെ സമൂഹത്തിൽ നിന്നും ഉന്മൂലനം ചെയ്യുന്നതിന് വ്യക്തിപരമായും സംഘടനാപരമായും പരിശ്രമിക്കണമെന്നും ഓർമ്മിപ്പിച്ചു.

**3. സമൃദ്ധകുടുംബം പദ്ധതി: Phase 2 സന്ദർശനം**

WSSS ഉം ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 25 പേരുടെയും ഭവനങ്ങളിൽ പ്രോജക്ട് കോഡിനേറ്റർ ജോഷി ടി.പി രണ്ടാംഘട്ട സന്ദർശനം പൂർത്തിയാക്കുകയും, അവർക്ക് ആദ്യഗഡുവായി ലഭിച്ച തുകകൊണ്ട് നടപ്പിലാക്കിയ വരുമാന ഉത്പാദന മാർഗ്ഗങ്ങളെ കുറിച്ച് ചോദിച്ചറിയുകയും, ഫോട്ടോ എടുക്കുകയും, അതിന്റെ വിശദമായ റിപ്പോർട്ട് ബയോവിന് സമർപ്പിക്കുകയും ചെയ്തു.

**4. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**വിമലഗിരി യൂണിറ്റ്:** ഇവാലുവേഷൻ മീറ്റിംഗും, കർമ്മസമിതി മീറ്റിംഗും നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. അന്താരാഷ്ട്ര വനിതാദിനാചരണം നടത്തി. NDS അംഗങ്ങൾക്കുവേണ്ടി കായികവിനോദങ്ങളും, സെമിനാറും നടത്തി. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ എല്ലാ ഗ്രൂപ്പുകളും സന്ദർശിക്കുകയും ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും റെക്കോർഡുകളും, കണക്കുകയും പരിശോധിക്കുകയും ചെയ്തു.

**ധർമ്മഗിരി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. പച്ചക്കറി തോട്ടത്തിൽനിന്നും വിളവെടുപ്പ് നടത്തി പച്ചക്കറികൾ വില്പന നടത്തി. അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി ഇടവകയിലെ അമ്മമാർക്ക് അർദ്ധദിന സെമിനാർ നടത്തി.

**കൽപ്ര യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി മീറ്റിംഗ് കൂടുകയും ലഹരിക്കെതിരായ ബോധവത്ക്കരണം നടത്തുകയും ചെയ്തു.

**കയ്യൂന്നി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് ബോധവത്ക്കരണ സെമിനാർ നടത്തി. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീ സന്ദർശനം നടത്തി.

**ബോസ്പാറ യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. പ്രതീക്ഷ ഗ്രൂപ്പ് അംഗങ്ങൾ രോഗീ സന്ദർശനം നടത്തി.

**5. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിലെ പാട്ടവയൽ, ബെക്കി, കുന്നലാടി, കയ്യൂന്നി, കൊട്ടാട് പ്രദേശങ്ങളിൽ കിടപ്പുരോഗികളായവർക്ക് ആവശ്യമായ പാലിയേറ്റീവ് കെയർ നല്കുകയും, കിടപ്പുരോഗികളായവരുടെ പൾസ്, ഷുഗർ, ബി.പി എന്നിവ പരിശോധിക്കുകയും അത്യാവശ്യമായി യൂറിൻ ട്യൂബ്, റൈൽസ് ട്യൂബ് ഇടേണ്ട രോഗികൾക്ക് അത്തരം പരിചരണങ്ങളും നൽകി വരുന്നു. മാസത്തിന്റെ മൂന്നാമത്തെ ശനിയാഴ്ച്ച പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുകയും അന്നേ ദിവസം രോഗികളെ പ്രത്യേകമായി നോക്കുകയും അവർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ നൽകുകയും ചെയ്തു. ഇതിനും പുറമേ നിർദ്ദനരായ 8 രോഗികൾക്ക് അംബുലൻസ് സഹായം നൽകി. കോഴിക്കോട്, നിലമ്പൂർ, ബത്തേരി, കയ്യൂന്നി, കൊട്ടാട് പ്രദേശങ്ങളിലേക്ക് അംബുലൻസ് സർവ്വീസ് നടത്തുകയും ചെയ്തു.

**6. TAS - Psychological Wellness and Training Centre**

- **വ്യക്തിഗത കൗൺസിലിംങ്ങും ഫോളോ അപ്പുകളും**

ഈ മാസം വ്യക്തിഗതമായി രണ്ട് കൗൺസിലിംങ്ങ് നടത്തി. അതുപോലെ ഓൺലൈനായി ഫോളോ അപ്പ് സെഷനുകളും ചെയ്തു വരുന്നു. കൗൺസിലിംങ്ങിനും, ഫോളോ അപ്പ് സെഷനുകൾക്കും ശ്രീമതി. ശ്രുതി കെ. മാർട്ടിൻ നേതൃത്വം നല്കി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**രൂക്ഷമാകുന്ന വന്യമൃഗ ശല്യം**

വന്യമൃഗ ശല്യ പ്രശ്നത്തിൽ ജനങ്ങളും, സർക്കാർ സംവിധാനങ്ങളും തമ്മിൽ അകൽച്ചയുണ്ടാകാതിരിക്കാൻ ക്രിയാത്മക ചർച്ചകൾ ആരംഭിക്കാനുള്ള നീക്കങ്ങൾ മാന്യതയുള്ള ജനാധിപത്യപരമായ ഒരു തിരിച്ചറിവിന്റെ ലക്ഷണമാണ്. ജനാധിപത്യം എന്നാൽ ജനങ്ങളാണെന്നും ബ്യൂറോക്രസിക്ക് മേലെ ആധിപത്യം സ്ഥാപിക്കാൻ ജനത്തിന് കഴിയുമെന്നുമുള്ള തിരിച്ചറിവ്. ഈ തിരിച്ചറിവാണ് ചക്കിട്ടപാറ പഞ്ചായത്ത് സമൂഹത്തിന് സമ്മാനിച്ചത്. ഞങ്ങളെ കൊല്ലുന്ന വന്യമൃഗങ്ങളെ ഞങ്ങൾ ആക്രമിച്ചാൽ അത് ജീവിക്കാനുള്ള ഞങ്ങളുടെ അവസാനത്തെ ആഗ്രഹം കൊണ്ടാണെന്ന് നിങ്ങൾ മനസിലാക്കണം എന്നാണ് ചക്കിട്ടപാറ പഞ്ചായത്ത് പറഞ്ഞതിനർത്ഥം. ഇത് നിഷ്കളങ്കമായ ഒരു സമര കാഹളം മാത്രമാണ് അല്ലാതെ കപട മൃഗസ്നേഹികൾ പുലമ്പുന്നതുമാതിരി പഞ്ചായത്ത് ഭരണസമിതിക്കും പ്രതിപക്ഷത്തിനും നിയമത്തിൽ അറിവില്ലാഞ്ഞിട്ടല്ല.

ഒരു മൃഗത്തിനെയും അവർ കൊന്നിട്ടില്ല. കൊല്ലുകയുമില്ല. നിയമലംഘനം പ്രോത്സാഹിപ്പിക്കാനും പാടില്ല. അത് അരാജകത്വത്തിലേക്കുള്ള യാത്ര മാത്രമാണ് എന്നും നമുക്കറിയാം.

ആത്മഹത്യകൾ നടന്നു കൊണ്ടേയിരിക്കുന്നു. വിലങ്ങാട് കുരങ്ങുകളിൽ നിന്ന് മക്കളെ രക്ഷിക്കാൻ 28 തെങ്ങുകളാണ് ജോഷി എന്ന പാവം കർഷകൻ നെഞ്ചുപൊട്ടി വെട്ടി നശിപ്പിച്ചത്.

അടിക്കാടുകൾ മാത്രമുണ്ടായിരുന്ന മലബാറിന്റെ മണ്ണ് വില കൊടുത്ത് വാങ്ങി അവിടെ നിറയെ ഫലവൃക്ഷങ്ങൾ നട്ടുവളർത്തി ഇവിടം ഹരിതാഭമാക്കിയ കർഷകരെ പരിസ്ഥിതി സംരക്ഷണം പഠിപ്പിക്കുന്നവന് ധൈര്യമുണ്ടെങ്കിൽ ഒരു ദിവസം ഞങ്ങളുടെ ഗ്രാമത്തിൽ വന്ന് നിന്റെ കവിത ചൊല്ലുക നീ മടങ്ങുമ്പോൾ നിന്റെ അപ്പൂപ്പന് കൊടുക്കാൻ നല്ല നൂറുള്ളു രണ്ടു മൂട് കപ്പയും

അൽപം ശുദ്ധമായ നറുനെയ്യും കുറച്ച് കിളിവാലൻ വെറ്റിലയും തന്ന് വിടാം.! കുറച്ച് കാച്ചിയ പശുവിൻ പാലും തന്ന് വിടാം! കൊണ്ടു പോയി കൊടുത്തിട്ട് പറയണം, അറിഞ്ഞോ അറിയാതയോ കേരളത്തിന്റെ കാർഷിക വിപ്ലവത്തിന്റെ ബലിവേദികളിൽ ആത്മാഹുതി ചെയ്യുന്നവരാണ് മലയോര കർഷകരെന്ന്. അവരാണ് യഥാർത്ഥ മൃഗ സംരക്ഷകരെന്ന്. അവരുടെ ചോരയും നീരുമാണ് കേരളത്തിൻെ ഭക്ഷ്യ സുരക്ഷക്കുള്ള അവസാന ജീവജലമെന്ന്!

മനുഷ്യൻ ഇനിയും മരിക്കാതിരിക്കാൻ അനുകൂലമായ നിയമ പരിഷ്കാരങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ സ്വാഭാവികമായും നിയമവിരുദ്ധ പ്രവണതകളിലേക്ക് സമൂഹം മാറുമെന്നതാണ് ലോക ചരിത്രം. അങ്ങനെ ഉണ്ടാവാതിരിക്കട്ടെ! നമ്മുടെ പരിപാവനമായ ജനാധിപത്യം സംരക്ഷിക്കപ്പെടട്ടെ! ഇവിടെ നമ്മുടെ അന്ന ദാതാക്കളായ കർഷകർ ബഹുമാനിതരായി ജീവിക്കട്ടെ.! അവരെ ഒരു മൂട് കപ്പ നട്ടെങ്കിലും ജീവിക്കാൻ അനുവദിക്കാം. ജയ് ജവാൻ ജയ് കിസാൻ എന്ന് കൈ ഉയർത്തി നമ്മൾ വിളിക്കുന്ന സുന്ദരമായ സുദിനം സ്വപ്നം കാണുകയാണ് നമ്മൾ! അധികാരികളുടെ കണ്ണ് തുറക്കുവോളം നമ്മുടെ നിലവിളികൾ നിലക്കരുത്. പുതിയ ചിന്താ വിപ്ലവത്തിന് തിരികൊളുത്തിയ ചക്കിട്ടപാറ പഞ്ചായത്തിലെ മുഴുവൻ സുഹൃത്തുക്കൾക്കും വിജയാഭിവാദനങ്ങൾ!

ഫെബ്രുവരി മാസത്തെ കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതി മീറ്റിംഗ് ദ്വാരക പാസ്റ്ററൽ സെന്ററിൽ ശ്രീ. ജോൺസൺ സാറിന്റെ അധ്യക്ഷതയിൽ ചേർന്നു. രൂപതാ സമിതി അംഗങ്ങൾ പങ്കെടുക്കുകയും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. വന്യമൃഗ ശല്യത്തിനെതിരെ പ്രക്ഷോഭ പരിപാടികൾ ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചു.

കാട്ടാന വാഴ കൃഷി നശിപ്പിച്ച പാതിരിയമ്പം സ്വദേശി കണ്ണന് വനം വകുപ്പിൽ നിന്നും ധനസഹായം മേടിച്ചു കൊടുക്കുവാൻ കത്തോലിക്ക കോൺഗ്രസ് നടവയൽ മേഖലാ സമിതി നേതൃത്വം വഹിച്ചു.

വന്യമൃഗശല്യത്തിനെതിരെ ജില്ലയിൽ വിവിധ ഇടങ്ങളിൽ സമരപരിപാടികൾ നടത്തുന്നത് സംബന്ധിച്ചുള്ള ചർച്ച ബിഷപ്സ് ഹൗസിൽ രൂപത പബ്ലിക് അഫയർ കമ്മിറ്റിയുമായി ചേർന്ന്

കൂടിയാലോചന നടത്തി. ബഹുമാനപ്പെട്ട ജോസ് കൊച്ചറക്കൽ അച്ചൻ ചർച്ചകൾക്ക് നേതൃത്വം നൽകി.

വന്യമൃഗ ശല്യത്തിനെതിരെയുള്ള സമര പ്രഖ്യാപന കൺവെൻഷൻ മാർച്ച് മാസം 11ന് ദ്വാരക എ. യു. പി സ്കൂളിൽ നടത്തപ്പെട്ടു. സമരപ്രഖ്യാപന കൺവെൻഷൻ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട ജോസ് കൊച്ചറക്കൽ അച്ചൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

കത്തോലിക്ക കോൺഗ്രസ് നടവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന സൺഡേ മാർക്കറ്റിൽ ഉൽപ്പന്നങ്ങളുടെ വിപണനം ഉദ്ഘാടനം ചെയ്തു.

രൂക്ഷമായ വന്യമൃഗ ശല്യത്തിനെതിരെ കൽപ്പറ്റ, ബത്തേരി, മാനന്തവാടി റീജിയനുകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിഷേധ റാലിയും പൊതുസമ്മേളനവും നടത്തി. ബത്തേരിയിൽ ഡേവി മങ്കുഴ, സുനിൽ പാലമറ്റം, സാജു പുലിക്കോട്ടിൽ, ചാൾസ് വടാശ്ശേരി, ജേക്കബ് ബത്തേരി, മോളി മാമൂട്ടിൽ എന്നിവർ നേതൃത്വം നൽകി. കൽപ്പറ്റയിൽ സജി ഫിലിപ്പ്, ജോൺസൺ കുറ്റിക്കാട്ടിൽ, ബിനു ഏറനാട്, മാത്യു ചെമ്പോല, തോമസ് പട്ടമന എന്നിവരും മാനന്തവാടിയിൽ റെനിൽ കഴുതാടിയിൽ, ജിജോ മംഗലത്ത്, റോബി സാർ, സജി ഇരട്ടമുണ്ടക്കൽ, ഗ്ലാഡിസ് ചെറിയാൻ എന്നിവരും നേതൃത്വം നൽകി. പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ട്രഷറർ ശ്രീ. സജി ഫിലിപ്പ്, ഡയറക്ടർ ബഹുമാനപ്പെട്ട ജോബി മുക്കാട്ടുകാവുങ്കൽ അച്ചൻ എന്നിവർ വിവിധ കേന്ദ്രങ്ങളിലെ സമരപരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ ഇടങ്ങളിൽ വൈദികരുടെയും സന്യസ്തരുടെയും അൽമായ നേതാക്കന്മാരുടെയും സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു സമരപരിപാടികൾ.

**സെബാസ്റ്റ്യൻ പുരക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSA 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**മികവുറ്റ ICS പ്രോഗ്രാമിനുള്ള അവാർഡ് ലഭിച്ചു**

ബയോവിൻ അഗ്രോ റിസർച്ചിന്റെ ജൈവ കർഷക കൂട്ടായ്മയുടെ മികവുറ്റ പ്രവർത്തനങ്ങൾക്കും ICS സംഘാടനത്തിനും, കൃഷ്ണ മൂർത്തി ഇന്റർനാഷണൽ അഗ്രികൾച്ചറൽ ഡവലപ്പ്മെന്റ് ഫൗണ്ടേഷന്റെ (KIADEF ) ആദരവ് ലഭിച്ചു. തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ജൈവ സർട്ടിഫിക്കേഷൻ ഏജൻസിയായ ഇസ്കോപ്, സൃഷ്ടി ബയോസയൻസ്, ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ എന്നിവരുടെ സഹകരണത്തോടെ കൃഷ്ണ മൂർത്തി ഇന്റർനാഷണൽ ഡവലപ്പ്മെന്റ് ഫൗണ്ടേഷൻ കോയമ്പത്തൂർ വച്ച് സംഘടിപ്പിച്ച "AGLIBERTE " സുസ്ഥിര കാർഷിക വികസന ലക്ഷ്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനായുള്ള ശില്പശാലയിൽ

വച്ച് ICS കോർഡിനേറ്റർ ശ്രീ.ജോബി വർഗീസ് ബയോവിന്നിനു വേണ്ടി ആദരവ് ഏറ്റു വാങ്ങുകയും ബയോവിൻ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

**സിഗ്‌വി- സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വുമൺ എന്റർപ്രണേഴ്സ്**

മാനന്തവാടി, പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിംഗ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ**

ഇടവകകളിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സിഗ്‌വി ബസാറിന്റെ പ്രഥമ സ്റ്റാൾ ഉത്ഘാടനവും വിപണവും 2025 മാർച്ച് 9-ാം തീയതി നടവയൽ ഹോളി ക്രോസ്സ് മേജർ ആർക്കി എപ്പിസ്കോപ്പൽ ചർച്ചിൽ വച്ച് നടന്നു. ആർച്ചു പ്രീസ്റ്റ് റവ. ഫാ. ഗർവാസീസ് മറ്റം ആദ്യ വിപണനം നടത്തി. സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തത്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന

നമ്പറിൽ വിളിക്കാവുന്നതാണ്. Mr. ലൻസ് ഫിലിപ്പ്: 8921595366 (info@sigwe.in) NPOP

**ഓഡിറ്റ് പൂർത്തീകരിച്ചു**

വിവിധ പഞ്ചായത്തുകളിലായി 010 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു.

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും ജനുവരി മാസം 815270 കിലോ കാപ്പി 280 രൂപ നിരക്കിലും 71127 ഇഞ്ചി 41 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ജില്ലാ ദുരന്ത നിവാരണ ബോധവത്കരണം**

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കുട്ടികൾക്കിടയിൽ നടപ്പിലാക്കുന്ന ബോധവത്കരണ പരിപാടിയുടെ ഭാഗമായി റേഡിയോ മാറ്റൊലി മലയാള ഭാഷയിലും വിവിധ ഗോത്ര ഭാഷകളിലും വീഡിയോകൾ തയ്യാറാക്കി നൽകി.

**നശാ മുക്ത് ഭാരത് അഭിയാൻ**

ലഹരിമുക്ത സമൂഹത്തെ കെട്ടിപ്പടുക്കാൻ സാമൂഹിക നീതി വകുപ്പും കേന്ദ്ര സർക്കാറും സംയുക്തമായി നടത്തുന്ന നശാ മുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ജില്ലാതല യോഗം മാർച്ച് 17 ന് ചേർന്നു. ജില്ലയിൽ ലഹരിമുക്ത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ ചെയർപേഴ്സണായി ജില്ലാതലകമ്മിറ്റി രൂപീകരിക്കുകയും റേഡിയോ മാറ്റൊലി ലഹരിമുക്ത ബോധവത്കരണ പരിപാടികളുടെ ഒരു മാസ്റ്റർ വോളണ്ടിയറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. മാറ്റൊലിയുടെ സഹകരണത്തോടെ കോളേജ്, ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ ഫ്ളഷ് മോബ്, തെരുവു നാടകം എന്നിവ സംഘടിപ്പിക്കും.

**പങ്കാളിത്തം**

വരൾച്ചാ ലഘൂകരണം, കാട്ടുതീ തടയൽ, മഴക്കാലമുന്നൊരുക്കം എന്നിവയുമായി ബന്ധപ്പെട്ട് ഫെബ്രുവരി 20 ന് കളക്ടറുടെ അധ്യക്ഷതയിൽ കളക്ട്രേറ്റിൽ ചേർന്ന യോഗത്തിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**ഗ്രാമമാറ്റൊലി**

ഫെബ്രുവരി 26 ന് മുട്ടിൽ കുട്ടമംഗലത്ത് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

**കാലാവസ്ഥാ മാറ്റങ്ങളും കൃഷിരീതികളും-** ഫെബ്രുവരി 8 ന് കാലാവസ്ഥാ മാറ്റങ്ങളും കൃഷിരീതികളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. റിട്ടയർഡ് കൃഷി

ഡെപ്യൂട്ടി ഡയറക്ടറും അഗ്രിസെർച്ച് ഗ്രൂപ്പ് ഓഫ് കമ്പനീസ് പ്രൊജക്ട് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമായ മമ്മൂട്ടി കെ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

**ശ്രദ്ധിക്കാം പ്രമേഹത്തെ-** കൾച്ചറൽ സർവൈവലുമായി സഹകരിച്ച് ഫെബ്രുവരി 19 ന് ശ്രദ്ധിക്കാം പ്രമേഹത്തെ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ബത്തേരി വിസ്മയ ഹോസ്പിറ്റൽ എം. ഡിയും സ്റ്റഡി ഓഫ് ഡയബറ്റീസ് ഇൻ ഇന്ത്യ റിസർച്ച് മെമ്പറുമായ ഡോ. ശ്രീനിവാസൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ -** മാർച്ച് 06 ന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. തൊഴിലുറപ്പ് പദ്ധതി ജോയിന്റ് ഡയറക്ടർ ആന്റ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ പി.സി മജീദ് പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ഗ്ലോക്കോമ വാരാചരണം**

ലോക ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലിയും ജില്ലാ ആരോഗ്യ വകുപ്പും സംയുക്തമായി തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. വയനാട് ഗവ. മെഡിക്കൽ കോളേജിലെ നേത്രരോഗ വിദഗ്ദ്ധ ഡോ. സന്ധ്യ റാം (ജൂനിയർ കൺസൾട്ടന്റ്, ഫാക്കോ സർജൻ) ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ -** മാർച്ച് 13 ന് വ്യവസായ വകുപ്പിലെ വിവിധ പദ്ധതികൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി ഉപജില്ലാ വ്യവസായ ഓഫീസർ റഹമുദ്ധീൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ബീറ്റ് ഡയബറ്റിസ്**

USV യുടെ സാമൂഹ്യ പ്രതിബദ്ധതാ സംരംഭവുമായി സഹകരിച്ച് റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന പ്രമേഹ ബോധവൽക്കരണ പരിപാടി ഫെബ്രുവരി 18 ന് ആരംഭിച്ചു.

**ഡോക്യുമെന്ററി**

ലക്കിടി ഓറിയന്റൽ സ്കൂൾ റേഡിയോ മാറ്റൊലിയെക്കുറിച്ച് ഡോക്യുമെന്ററി ചെയ്യുന്നതിന് മാർച്ച് 13 ന് ഷൂട്ടിംഗ് നടത്തി.

**സന്ദർശനം**

ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റ് അസി. എൻജിനീയർ ജിജീഷ് സി.പി വാർഷിക ഇൻസ്പെക്ഷന്റെ ഭാഗമായി ഫെബ്രുവരി 20 ന് മാറ്റൊലി സന്ദർശിച്ചു. ജില്ലാ സാമൂഹ്യനിതി വകുപ്പ് ഓഫീസർ ജോൺ ജോഷി കെ. ജെ മാർച്ച് 07 നും ലീഡ് ബാങ്ക് മാനേജർ ശ്രീ. മുരളീധരൻ മാർച്ച് 14 നും മാറ്റൊലി സന്ദർശിച്ചു.

**പഠന സന്ദർശനം**

അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജ് വിദ്യാർത്ഥികൾ ഫെബ്രുവരി 2 ന് മുക്കം മണാശ്ശേരി MAMO കോളേജ് വിദ്യാർത്ഥികൾ ഫെബ്രുവരി 5 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു. ഫെബ്രുവരി 7 നു കോഴിക്കോട് ജെ.ഡി.റ്റി. ഇസ്ലാം കോളേജ് ഓഫ് ആർട് ആന്റ് സയൻസിലെ വിദ്യാർത്ഥികളും ഫെബ്രുവരി 12 നു വൂർ WIC ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികളും പഠന സന്ദർശനം നടത്തി.

പാലക്കാട് ലക്കിടി ജവഹർലാൽ കോളേജ് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ ഫെബ്രുവരി 21 നും കർണാടക മാലൂർ ക്രൈസ്റ്റ് കോളേജ് ഓഫ് സയൻസ് ആന്റ് മാനേജ്മെന്റ് വിദ്യാർത്ഥികൾ 22 നും മാറ്റൊലി സന്ദർശിച്ചു.

കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികൾ ഫെബ്രുവരി 24 നും അമ്പലവയൽ കാർഷിക സർവ്വകലാശാല വിദ്യാർത്ഥികൾ 28 നും മാറ്റൊലി സന്ദർശിച്ചു.

മുട്ടിൽ ഡബ്ല്യൂ. എം. ഓ ആർട്സ് ആന്റ് സയൻസ് കോളേജ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം ബിരുദ വിദ്യാർത്ഥികൾ മാർച്ച് 01 ന് മാറ്റൊലി സന്ദർശിച്ചു.

**റംസാൻ മാറ്റൊലി**

റംസാൻ മാസാചരണത്തിന്റെ ഭാഗമായി മാർച്ച് 02 മുതൽ ഒരുമാസത്തെ റംസാൻ സന്ദേശം പ്രക്ഷേപണം ആരംഭിച്ചു.

**പിക്നിക് 2025**

ഫെബ്രുവരി 25 ന് ഊട്ടിയിലേക്ക് മാറ്റൊലി ടീം പിക്നിക് നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**Drive Smart Inauguration**

Hon'ble Minister Sri. O R Kelu inaugurated the skill development program "Drive Smart: Empowering Students with Professional Driving Skills," organized by the Women's Cell of our college in association with Payikkadan's Driving Training Institute.

**Jwala 3.0 District-Level Inauguration & Walk-in Training**

The district-level inauguration and walk-in training on women's self-defense, named Jwala 3.0, was conducted in our college on March 10, 2025. The ICC, in association with Janamaithri Police, Wayanad, organized the program.

**Departments and Clubs Activities**

- **Zoology Association Inauguration**
  The Zoology Association was inaugurated on February 14, 2025, with a seminar titled *Mushrooms: A Treasure Trove for Non-Animal Proteins.*
- **Valentine's Day Celebration**
  On February 14, 2025, the College Union organized a celebration for Valentine's Day.
- **Sports Meet**
  On February 20, 2025, the College Union, in collaboration with the Department of Physical Education, organized the Annual Sports Meet.
- **Faculty Development Program**
  On February 20, 2025, IQAC, in collaboration with the Research Cell, organized a seminar on *Proposal Writing: Transforming Ideas into Funded Projects.*
- **Finishing School Program**
  IQAC and the Career Guidance and Placement Cell jointly organized an orientation program, *Today's Student, Tomorrow a Government Officer, to explore oportunities in government sectors.*

- **Coding Challenge**
  The Coding Club and the PG & Research Department of Computer Science organized a coding challenge for students on February 21, 2025.
- **Stress Management Seminar**
  The Women's Cell, in association with IQAC, organized a seminar on *Stress Management* on February 17, 2025.
- **Farewell Party**
  Various departments arranged farewell parties for the outgoing students on February 28, 2025.
- **Book Discussion**
  The Department of English, in association with the Literary Club and IQAC, organized a discussion on the book *Life of Pi* on March 3, 2025
- **Social Outreach Program**
  The Department of Social Science-Economics organized an orientation program on MGNREGA *Financial Inclusion Initiative* focusing on saving and investment schemes on March 4, 2025.
- **Vocational Skill Development Program**
  The Department of Social Science-Economics organized a vocational training on *Poultry Farming – Theory and Practice* on March 4, 2025.
- **Nutrition & Lifestyle Diseases Seminar**
  The Women's Cell, in association with IQAC, organized a seminar on *Nutrition & Lifestyle Diseases* on March 5, 2025.
- **Cancer Screening Camp**
  The Women's Cell, in association with PHC Kurukkanmoola, organized a cancer screening camp for female staff and students on March 7, 2025, as part of International Women's Day celebrations.
- **Prevention of Sexual Harassment and Drug Abuse Seminar**
  The ICC of the college, in association with the Kerala Police Association, Wayanad, organized a seminar on the *Prevention of Sexual Harassment and Drug Abuse* on March 10, 2025.

- **Home-Care Product Making Workshop**
  The Chemistry Club, in association with the Wayanad Social Service Society, organized a workshop on *Home-Care Product Making* on March 10, 2025.
- **Paper Bag Making Workshop**
  The Department of Social Science-Economics organized a workshop on *Paper Bag Making* on March 10, 2025.
- **Association Inauguration**
  The Social Science-Economics Association was inaugurated on March 11, 2025, along with a program titled *Unpacking the Budget 2025,* a discussion on the Union Budget
- **Spell Bee Competition**
  The Department of English organized a Spell Bee competition on March 14, 2025.
- **Pi Day Celebration**
  The Department of Mathematics organized a quiz competition as part of Pi Day celebrations on March 14, 2024.

**Paper Publications and Presentations**

- **Ms. Ardra S. Kumar,** Assistant Professor, Department of Hindi, presented a paper titled *Women in Hindi Drama and Literature* at the national seminar on *Women's Experience & Narrative in Hindi Literature,* conducted by Payyannur College, Kannur, on March 6, 2025.
- **Dr. Sijo A.K.** from the Department of Physics has made significant contributions to the field with several published research papers in reputed journals. His work includes the paper titled *Enhancing Copper-Tin Sulfide Thin Films with Triethanolamine as a Complexing Agent,* published in the *Journal of Molecular Structure* (Impact Factor: 4), co-authored with P. Sapna. Another notable publication, co-authored with P. Sapna, is *Post-Annealing-Induced Enhancement of Structural, Optical, and Electrical Properties in Copper Tin Sulfide (CTS) Thin Films,* published in *Physica Scripta* (Impact Factor: 2.6). He also co-authored *Impact of Cation Distribution in Shaping the Structural and Magnetic Characteristics of Ni-Cu Ferrite* with

J. Mazurenko, published in *Physica Scripta* (Impact Factor: 2.6). In addition, Dr. Sijo A.K. and P. Sapna published *Copper Precursor-Driven Variations in Structural, Optical, and Electrical Properties of SILAR-Deposited CTS Thin Film in Physica Scripta* (Impact Factor: 2.6). He co-authored *Synthesis and Characterization of Copper Ferrite Nanoparticles for Efficient Photocatalytic Degradation of Organic Dyes* with J. Mazurenko, published in the *Journal of Nanotechnology* (Impact Factor: 2.9).

**Students' Achievements**

- **Adithyan P. S.,** II BA Functional English has been appointed as a Forest Beat Officer in the DFO, Mananthavady.
- **Exen Paulson,** III BSc Computer Science has been placed at Christu Jyothi School, Akkalgud, Hassan, as a teacher.
- **Nandana Chalil, Aein Rose Jobin, and Sr. Sibina Jose** secured third prizes in Rangoli, Essay Writing, and Kavyakeli, respectively, at the Kannur University Arts Festival.
- **Manju A. M. and Arjun Das P.,** II MSc Computer Science, qualified the NET exam for admission to PhD. Alumnus **Samuel Benny Varghese and Anamika M.** qualified NET exam and **Fathimath Thabseera** qualified for PhD admissions through the NET exam.
- **Adithyan V. T.,** I Computer Science, secured the second prize, while Parvik Krishna and Aavani Pramodan, both from I Computer Science, secured the second prize in the Face Painting competitions held as part of the National Level College Fest organized by C M College of Arts and Science, Nadavayal.
- **POC Amna Shirin N. P.** (Naval NCC) received appreciation from the commanding officer as the Best Performer
- **Rasna Fathima & Josna Varghese,** I DC Social Science-Economics, secured the third prize in the Debate competition conducted by the District Women and Child Development Department as part of International Women's Day celebrations.

**Dr. Geetha Antony Pullen**
Principal in Charge

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസം വന്ന റിസൽട്ടുകളിൽ ഫെഡാർ ലാങ്ഗ്വേജ് സ്കൂളുകളിൽ പഠിച്ച 5 കുട്ടികൾ B2 പാസ് ആയി. ജർമ്മനിയിലെ ഫെഡാർ മൈഗ്രേഷൻ പാർട്ണർ IBS ഗ്രൂപ്പ് ചെയർമാൻ ഫ്രൗഗു ഡ്രൂൺ ഷെമൽ ഫെഡാർ ക്യാമ്പസുകളിൽ സന്ദർശനം നടത്തുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു. മൈഗ്രേഷൻ സാധ്യതകളും മൈഗ്രേഷൻ സമയത്ത് കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പറ്റിയും ഫ്രൗഗു ഡ്രൂൺ ഷെമൽ വ്യക്തമാക്കി. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്കായുള്ള പുതിയ ജർമ്മൻ ബാച്ച് മെയ് മാസം ആദ്യ ആഴ്ച ആരംഭിക്കും. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9946050857 (ഫാ. ജിഫിൻ മുട്ടപ്പള്ളിൽ) എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫെഡാർ കണക്ട്**

MedPro 2025-26 ബാച്ചുകളിലെ കുട്ടികൾക്കായുള്ള സ്പിരിചൽ റിന്യൂവൽ പരിപാടി ബാംഗ്ലൂർ ഐക്കൺ കോളേജിൽ 16-03-2025 ന് നടത്തപ്പെട്ടു.

വാഴക്കുളം വിശ്വജ്യോതി ബിസിനസ് സ്കൂളിൽ ഫെഡാർ ഫൗണ്ടേഷന്റെ 40000 രൂപ സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം നൽകപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238062388 എന്ന നമ്പറിൽ ബന്ധപ്പെടുക.

കർണാടകയിൽ നേഴ്സിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സെമിനാർ മാർച്ച് 3 ന് നടത്തപ്പെട്ടു. ഈ വർഷം മുതൽ പ്രവേശന പരീക്ഷ എഴുതിയവർക്ക് മാത്രമാണ് നേഴ്സിംഗ് പഠനം കർണാടകത്തിൽ സാധ്യമാവുകയുള്ളൂ. അക്ഷയ സെന്ററുകൾ വഴി ആപ്ലിക്കേഷൻ കൊടുത്തവർക്ക് തുടർന്നുള്ള സേവനങ്ങൾക്ക് ഫെഡാർ ഫൗണ്ടേഷനെ (6238862380) ബന്ധപ്പെടാവുന്നതാണ്

**ഫാ. അരുൺ മഠത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

## സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടി

**യംഗ് ഐസ് വയനാട് പ്രോജക്റ്റ്**

വയനാട് ജില്ലയിലെ വിവിധ സ്കൂളുകളിൽ നേത്ര പരിശോധന ക്യാമ്പ് നടത്തുന്നതിനായി മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റലും, ലയൺസ് ക്ലബ് പനമരവും, ലെൻസ് & ഫ്രെയിംസും സംയുക്തമായി ആരംഭിച്ച യംഗ് ഐസ് പ്രോജക്ട് വയനാട് എന്ന പ്രോജക്ടിന്റെ ഉദ്ഘാടനം നടത്തപ്പെട്ടു. വിവിധ സ്കൂളുകളിൽ നിന്നു വന്ന അധ്യാപകർക്ക് കണ്ണ് പരിശോധനയ്ക്കുള്ള പ്രാഥമിക പരിശീലനം നൽകി. പ്രൊജെക്ടിന്റെ ഭാഗമായി 21 സ്കൂളുകളിൽ, 5574 കുട്ടികൾക്കു നേത്രപരിശോധന ക്യാമ്പ് നടത്തി. അതിൽ 61 കുട്ടികൾക്കു കാഴ്ചയ്ക്ക് പ്രശ്നം കണ്ടെത്തുകയും സമാപന ചടങ്ങിൽ ഈ കുട്ടികൾക്കു സൗജന്യമായി കണ്ണട നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**സൗജന്യ ശ്വാസകോശ നിർണ്ണയ ക്യാമ്പും സ്പൈറോമെട്രി ടെസ്റ്റും**

ആശുപത്രിയിൽ സൗജന്യ ശ്വാസകോശ നിർണ്ണയ ക്യാമ്പും സ്പൈറോമെട്രി ടെസ്റ്റും ഡോ. കിരൺ ശിവാനന്തൻ (പൾമനോളജിസ്റ്റ്) നേതൃത്വത്തിൽ നടത്തി. 72 പേർ ക്യാമ്പിൽ പങ്കെടുത്തു.

**സൗജന്യ നേത്രപരിശോധന**

ആശുപത്രിയിൽ എല്ലാ ദിവസവും സൗജന്യ നേത്രപരിശോധന ലഭ്യമാക്കിയിരിക്കുന്നു.

**നെഫ്രോളജി വിഭാഗം**

ഹോസ്പിറ്റലിൽ നെഫ്രോളജി വിഭാഗത്തിന്റെ സേവനം ആരംഭിച്ചു. മാസത്തിൽ 2 പ്രാവശ്യം നെഫ്രോളജിസ്റ്റിന്റെ (ഡോ. നിതിൻ ആർ. MBBS, MD, DM) സേവനം ലഭ്യമാണ്.

**വിത്തുത്സവം**

ഫെയർ ട്രേഡ് അലയൻസ് കേരളയുടെ നേതൃത്വത്തിൽ വള്ളിയൂർക്കാവിൽ വെച്ച് നടത്തിയ വിത്തുത്സവത്തിൽ സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ മെഡിക്കൽ എയ്ഡ് നൽകി. അതോടൊപ്പം സൗജന്യ ബിപി പരിശോധനയും പ്രത്യേക ഹെൽത്ത് ചെക്കപ്പ് പാക്കേജും ഹെൽത്ത് കൗൺസിലിങ്ങും ഡോക്ടറുടെ സേവനവും ലഭ്യമാക്കി.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും കനിവ് ചാരിറ്റബിൾ സൊസൈറ്റിയും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പും സ്പൈറോമെട്രി ടെസ്റ്റും നടത്തി. ജനറൽ മെഡിസിൻ, പൾമനോളജി, നേത്ര പരിശോധന എന്നീ വിഭാഗങ്ങളിലായി 42 പേർ ക്യാമ്പിൽ പങ്കെടുത്തു.

**ഫാ. മനോജ് കവളക്കാടൻ** (ഡയറക്ടർ)

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

ഒരു വർഷക്കാലം വിവിധങ്ങളായ അനേകം നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് സമൂഹത്തിനുമുന്നിൽ വിദ്യാലയങ്ങളുടെ പേരും പെരുമയുമുയർത്താൻ പ്രയത്നിച്ച വിദ്യാർത്ഥികൾക്കും അവരെ പ്രാപ്തരാക്കിയ അധ്യാപക അനധ്യാപക സമൂഹത്തിനും പിന്തുണകളും പ്രചോദനങ്ങളുമായി കൂടെനിന്ന രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥികൾക്കായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു. സ്കൂൾതല പഠനോത്സവം നടത്തുകയും പഞ്ചായത്തുതല പഠനോത്സവത്തിന് വിദ്യാലയം വേദിയാവുകയും ചെയ്തു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

വിദ്യാലയത്തിലെ പഠനോത്സവത്തിൽ പത്ത് അംഗനവാടികളിൽ നിന്നായി നൂറോളം വിദ്യാർത്ഥികളും അവരുടെ അധ്യാപകരും രക്ഷിതാക്കളും പങ്കെടുത്തു. വിദ്യാർത്ഥികളുടെ പഠനമികവുകളുടെ അവതരണവും പ്രദർശനവും നടത്തപ്പെട്ടു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. മാനന്തവാടി ബി.ആർ. സി. യുടെ സമഗ്രവിദ്യാഭ്യാസ പദ്ധതിയായ ഉജ്ജ്വലം പരിപാടിയുടെ ഭാഗമായി വിദ്യാലയത്തിൽ നടത്തിയ വായന/ലൈബ്രറി പ്രവർത്തനങ്ങൾക്ക് MLA EXCELLENCE പുരസ്കാരം ലഭിച്ചു.

**III എ. എൽ. പി. സ്കൂൾ കണിയാരം**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ നടത്തിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി. പഠനോത്സവം വിപുലമായി നടത്തപ്പെട്ടു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

വിദ്യാർത്ഥികൾ കൈവരിച്ച പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നതിനായി മാതൃക പരീക്ഷകൾ നടത്തി. പഠനോത്സവത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

**V സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്ന പ്രധാനാധ്യാപ

കനുള്ള യാത്രയയപ്പും സമുചിതമായി നടത്തപ്പെട്ടു. ശാസ്ത്രദിനം വിപുലമായി ആചരിച്ചു.

**VI സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാലയത്തിന്റെ വാർഷികാഘോഷവും സർവീസിൽ നിന്നും വിരമിക്കുന്ന പ്രധാനാധ്യാപകനുള്ള യാത്രയയപ്പും വിപുലമായി സംഘടിപ്പിച്ചു. രക്ഷിതാക്കൾക്കായി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പഠനോൽപ്പന്നങ്ങളുടെ പ്രദർശനവും അവതരണവും ഉൾപ്പെടുത്തി പഠനോത്സവം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് നൽകി.

**VII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. കബ്ബ് ബുൾബുൾ വിദ്യാർത്ഥികളെ സംസ്ഥാനതല പരീക്ഷകളിൽ പങ്കെടുപ്പിച്ചു.

**VIII നിർമല എൽ. പി. എസ്. ആലാറ്റിൽ**

വിദ്യാലയത്തിന്റെ വാർഷികാഘോഷം വർണാഭമായി നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്കായി പ്രസംഗ പരിശീലനം നടത്തി. യോഗാ ക്ലാസ് നടന്നുവരുന്നു. കൃഷിയിടങ്ങളിൽ നിന്ന് കൃഷിപാഠങ്ങൾ പഠിക്കുകയും കുട്ടിക്കർഷകരെ ആദരിക്കുകയും ചെയ്തു. പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ സെറിമണി നടത്തി. നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**IX പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി**

ക്ലാസ് അടിസ്ഥാനത്തിൽ മൂല്യനിർണയം നടത്തി വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തി. LSS പരീക്ഷയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. വനിതാദിനം സമുചിതമായി ആചരിച്ചു.

**X സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

വിദ്യാർത്ഥികളുടെ കൈയെഴുത്ത് മാഗസിൻ പ്രകാശനം ചെയ്തു. ലോക മാതൃഭാഷദിനം ആചരിച്ചു. വർധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ ബോധവത്കരണവുമായി സൗഹൃദ പ്രതിജ്ഞയെടുത്തു. ലോകവനിതാ ദിനത്തിൽ വിദ്യാലയത്തിലെ അധ്യാപികമാരെ ആദരിച്ചു.

**XI സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

പ്രൈമറി ചാംസ് ഫുട്ബോൾ ടൂർണമെന്റിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും ജില്ലാ ടീമിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു. 40 വിദ്യാർത്ഥികൾ എൽ.എസ്.എസ് പരീക്ഷയെഴുതി.

വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. പഠനോത്സവവും ഇംഗ്ലീഷ് ഫെസ്റ്റും സംഘടിപ്പിച്ചു. സ്പോർട്സ് അക്കാദമി ലോഗോ പ്രകാശനവും ഉദ്ഘാടനവും നിർവഹിച്ചു. ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ വാട്ടർ കളർ മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**XII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

മാതൃഭൂമി സീഡ് പദ്ധതിയുടെ ജില്ലാതല ഹരിതമുകുളം പുരസ്കാരം വിദ്യാലയം കരസ്ഥമാക്കി. 5000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

**XIII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

മികവുത്സവം ആഘോഷിച്ചു. വിദ്യാർത്ഥികൾക്ക് ബാല്യം സുന്ദരം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നൽകി.

**XIV സി. കെ. എൽ. പി സ്കൂൾ മണിമൂളി**

പഠനോത്സവം വിപുലമായി ആചരിച്ചു. വിദ്യാർത്ഥികൾ തയ്യാറാക്കിയ വിവിധ മാഗസിനുകൾ പ്രകാശനം ചെയ്തു. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അവതരണവും പ്രദർശനവും സംഘടിപ്പിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. 27 വിദ്യാർത്ഥികളെ യു.എസ്.എസ് പരീക്ഷയിൽ പങ്കെടുപ്പിച്ചു. ഏഴാം ക്ലാസ്സുകാർക്ക് യാത്രയയപ്പ് നൽകി. സ്കൂൾതല പഠനോത്സവം സംഘടിപ്പിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

സംസ്ഥാനതല ഉറുദു ടാലന്റ് മീറ്റ് മത്സരത്തിൽ വിജയം കൈവരിച്ചു. കിഴങ്ങുവർഗ വിളകളുടെ പ്രദർശനം സംഘടിപ്പിച്ചു. കിഡ്സീസ് വിഭാഗം ഫുട്ബോൾ ടീം രൂപീകരിച്ചു. സംസ്കൃത സ്കോളർഷിപ്പിന് വിദ്യാർത്ഥികൾ അർഹരായി.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ദേശീയ ശാസ്ത്രദിനത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. ലോക മാതൃഭാഷാദിനം ആചരിച്ചു. ഏഴാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി കൗമാര വിദ്യാഭ്യാസം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. നല്ലപാഠം പദ്ധതിയുടെ ഭാഗമായി ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. പഠനോത്സവം സംഘടിപ്പിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. വനിതാദിനാചരണം നടത്തി. ലഹരി ഉപയോഗത്തിനെതിരെ പ്രതിജ്ഞയെടുത്തു. സംസ്കൃത സ്കോളർഷിപ്പ് കരസ്ഥമാക്കി. വിദ്യാർത്ഥികൾക്കായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തി. പഠനോത്സവം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി സർഗ്ഗസംഗമം നടത്തി. ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് നൽകി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

സംസ്ഥാനതല ഉറുദു ടാലന്റ് മീറ്റ് മത്സരത്തിൽ വിജയം കൈവരിച്ചു. അഡ്മിഷൻ ഫെസ്റ്റ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി ഫുട്ബോൾ മത്സരം നടത്തി. ഏഴാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് നൽകി. സംസ്കൃതം സ്കോളർഷിപ്പിന് അഞ്ച് വിദ്യാർത്ഥികൾ അർഹരായി. ഇക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ പച്ചക്കറി വിളവെടുപ്പ് നടത്തി.

**VI സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

പഞ്ചായത്തുതല പഠനോത്സവത്തിന് വിദ്യാലയം വേദിയായി. സംസ്കൃതം സ്കോളർഷിപ്പ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു.

**VII എ. യു. പി. സ്കൂൾ ദ്വാരക**

അപകടത്തിൽപ്പെട്ട സ്ത്രീയെ രക്ഷിച്ച പൂർവ്വവിദ്യാർത്ഥിയെ ആദരിച്ചു. വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും സമുചിതമായി സംഘടിപ്പിച്ചു. മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തി. ദേശീയശാസ്ത്രദിനം ആചരിച്ചു. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസ്സ് നൽകി. ലഹരിക്കെതിരെ അവബോധമുണർത്തുന്നതിനായി റെഡ് റിബൺ ക്യാമ്പയിന് തുടക്കമായി.

**VIII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

വിദ്യാലയത്തിന്റെ വാർഷികവും ജൂബിലി ആഘോഷവും വിപുലമായി സംഘടിപ്പിച്ചു. ജൂബിലി സ്മാരക കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**IX സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

വിദ്യാലയത്തിന്റെ വാർഷികവും സർവീസിൽനിന്ന് വിരമിക്കുന്ന അധ്യാപകനുള്ള യാത്രയയപ്പും സമുചിതമായി സംഘടിപ്പിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം ഏറ്റു

വാങ്ങി. പഠനോത്സവം സംഘടിപ്പിച്ചു. അഡ്മിഷൻ ക്യാമ്പയിന്റെ ഭാഗമായി ഭവനസന്ദർശനം ആരംഭിച്ചു.

**X സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

ഉപജില്ലാതല സംസ്കൃത സ്കോളർഷിപ്പിന് പത്ത് വിദ്യാർത്ഥികൾ അർഹരായി. വിപുലമായ രീതിയിൽ പഠനോത്സവം സംഘടിപ്പിച്ചു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി.

**XI സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

വിദ്യാലയത്തിന്റെ വാർഷികവും പുതിയ ടോയ്‌ലറ്റ് ബ്ലോക്കിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്കായി ചെസ്സ് ടൂർണമെന്റ് നടത്തി. തരിയോട് പഞ്ചായത്തുതല പഠനോത്സവത്തിന് വിദ്യാലയം വേദിയായി.

**XII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥി പ്രതിഭകളെ ആദരിക്കുകയും സമ്മാനദാനം നടത്തുകയും ചെയ്തു.

**XIII സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും വിപുലമായി ആഘോഷിച്ചു. പഠനോത്സവവും ഗോത്രഫെസ്റ്റും സംഘടിപ്പിച്ചു. വിദ്യാർത്ഥികളെ എൽ. എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ പങ്കെടുപ്പിച്ചു.

**XIV സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. പഴശ്ശിദിനാചരണത്തിന്റെ ഭാഗമായി നടത്തിയ ചിത്രരചനാ മത്സരത്തിൽ രണ്ടാം സ്ഥാനം കൈവരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ക്ലാസ്സ്തലത്തിലും സ്കൂൾതലത്തിലും പഠനോത്സവം സംഘടിപ്പിച്ചു. സംസ്ഥാനതല സംസ്കൃത സ്കോളർഷിപ്പിന് ആറ് വിദ്യാർത്ഥികൾ അർഹരായി. JRC അംഗങ്ങൾ ഗൊരേത്തി ഭവൻ സന്ദർശിച്ചു സമ്മാനങ്ങൾ നൽകി. ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റ് സംഘടിപ്പിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

പ്രാദേശിക പി.ടി.എ യോഗം പതിമൂന്ന് ഇടങ്ങളിലായി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ സംസ്കൃതം സ്കോളർഷിപ്പിന് അർഹരായി. ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റ് സംഘടിപ്പിച്ചു. ഇൻസ്പയർ അവാർഡ് കരസ്ഥമാക്കി.

**III ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ**

ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റ് സംഘടിപ്പിച്ചു. നിയോടെക് ക്ലാസ്റൂമിലേക്ക് കേരള ഗ്രാമീൺ ബാങ്ക് ഇന്ററാക്ടീവ് ബോർഡ് സംഭാവനയായി നൽകി. ലഹരിക്കെതിരെ ക്യാമ്പയിൻ സംഘടിപ്പിച്ചു.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് KCBC മദ്യവിരുദ്ധസമിതിയുടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി. ഭവനസന്ദർശനം നടത്തി. ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റ് സംഘടിപ്പിച്ചു.

**V ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പ്രത്യേക പഠന ക്യാമ്പുകൾ ആരംഭിച്ചു. കേരള എനർജി ക്ലബ്ബ് നടത്തിയ ഉപന്യാസമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. 25 സ്കൗട്ട്, ഗൈഡ് വിദ്യാർത്ഥികൾ രാജ്യപുരസ്കാറിന് അർഹരായി. SPC ജില്ലാ സഹവാസക്യാമ്പിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. അഡ്മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഭവനസന്ദർശനം നടത്തി.

**VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികൾ രാജ്യപുരസ്കാർ കരസ്ഥമാക്കി. ലോകമാതൃഭാഷാദിനം ആചരിച്ചു. ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റ് സംഘടിപ്പിച്ചു. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് നടത്തി. ലിറ്റിൽ കൈറ്റ്സ് സ്കൂൾ മാഗസിൻ പ്രകാശനം ചെയ്തു.

**VII സി. കെ. എച്ച്. എസ് മണിമൂളി**

SSLC വിദ്യാർത്ഥികൾക്കായി പ്രത്യേക പഠനക്ലാസ്സുകൾ നടത്തി. അധ്യാപകർ ഫീൽഡ് വിസിറ്റ് നടത്തുകയും സ്കൂൾ തല പഠനോത്സവം സംഘടിപ്പിക്കുകയും ചെയ്തു.

## VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി

ജെ.ആർ.സി കേഡറ്റുകളെ രണ്ടു ദിവസത്തെ ക്യാമ്പിൽ പങ്കെടുപ്പിച്ചു. പട്ടികവർഗ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ്, നേതൃത്വപാടവം, വ്യക്തിത്വ വികസനം എന്നിവയിൽ ക്ലാസ് സംഘടിപ്പിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സ് നൽകി. പ്രത്യേക അസംബ്ലിയും ഫ്ളാഷ് മോബും സംവാദവും സംഘടിപ്പിച്ചു. SSLC വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. വിദ്യാർത്ഥികൾക്കായി റസിഡൻഷ്യൽ ക്യാമ്പ് ആരംഭിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

## I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി

പഠനക്യാമ്പുകൾ സജീവമായി നടന്നുവരുന്നു. Plus two വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. ലഹരിവിരുദ്ധ ക്യാമ്പസ് എന്ന ലക്ഷ്യവുമായി വരും വർഷങ്ങളിലെ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി.

## II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി

Plus One, Plus Two വിദ്യാർത്ഥികൾക്ക് പബ്ലിക് പരീക്ഷയ്ക്കൊരുങ്ങാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും പ്രത്യേക പരിശീലനങ്ങൾ നൽകുകയും ചെയ്തു.

## III ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ

പൊതുപരീക്ഷയോടനുബന്ധിച്ചു വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന ക്ലാസ്സുകൾ നൽകി. വിദ്യാർത്ഥികൾക്കായി മോണിറ്ററിങ് ക്ലാസ് സംഘടിപ്പിച്ചു.

## IV സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ

പ്ലസ് ടു വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. ഹൈസ്കൂളിൽനിന്നും വിരമിക്കുന്ന അധ്യാപകരെ ആദരിച്ചു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി.

2024-25 അധ്യയനവർഷത്തിൽ സ്വായത്തമാക്കിയ അനുഭവങ്ങളും അറിവുകളും വിദ്യാർത്ഥി സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണങ്ങൾക്ക് തെളിച്ചവും വെളിച്ചവുമേകാൻ സഹായകമാകട്ടെ. നാളിതുവരെ നേടിയ അറിവുകളെ പേപ്പറുകളിലേക്ക് പകർത്തിവെച്ച് തങ്ങളുടെ പ്രയത്നഫലങ്ങൾക്കായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*



| | |
|---|---|
| ***April 2025*** | |
| *01-4 Tuesday - Friday: .......* | *Engaged* |
| *05 Saturday: ......................* | *Cathedral: Death Anniversary of Bishop Emmanuel Pothanamuzhy* |
| *Morning: ................* | *History Book: Editorial Board Meeting* |
| *09 Wednesday: ..................* | *Nilambur (Depot): Inauguration of De Paul College* |
| *11 Friday: .........................* | *Cathedral: Conclusion of Jubilee Pilgrimage* |
| *13 Sunday: ........................* | *Cathedral: Palm Sunday* |
| *14 Monday: .......................* | *Minor Seminary: Minor Orders* |
| *17 Thursday: ......................* | *Cathedral: Maundy Thursday* |
| *18 Friday: ........................* | *Cathedral: Good Friday* |
| *19 Saturday: Evening: ....* | *Cathedral: Easter Vigil & Easter* |
| *20 Sunday: ........................* | *Easter* |
| *21 Monday: ......................* | *Dwaraka: SABS Jubilee* |
| *22 Tue-23 Wed: ..................* | *Pala* |
| *24 Thursday: ......................* | *Valad: Blessing of church* |
| *25 Friday: .........................* | *Engaged* |
| *26 Saturday: .....................* | *Kottathara: First Communion* |
| *Afternoon: ...............* | *FEDAR Governing Body* |
| *27 Sunday: ........................* | *Chulliode; First Holy Communion* |
| *28 Monday: .......................* | *Bavali: Blessing of renovated church* |
| *28 Mon evening-30 Wed: ..* | *MMC: Major Seminarians' Gathering* |
| ***May 2025*** | |
| *01 Thursday: ....................* | *Diocesan Day* |
| *Afternoon: .............* | *Ootty: Blessing of renovated church* |
| *02 Friday: .........................* | *Engaged* |
| *03 Saturday:.......................* | *Chungakkunnu: First Holy Communion* |
| *04 Sunday: .........................* | *Kolavayal: Jubilee Conclusion* |
| *05 Monday:........................* | *Malome* |
| *06 Tuesday: .......................* | *Nadavayal: Bible Convention* |
| *07 Wednesday: .................* | *Dwaraka: SH Final Profession and Jubilee* |
| *08 Thursday: ......................* | *Thonichal: SKD Profession* |
| *09 Friday: .........................* | *Engaged* |
| *10 Saturday: ....................* | *MMC: Major Seminarians' Vestition* |
| *Morning: ........* | *Dwaraka: CEADOM Sadgamaya* |
| *11 Sunday: .........................* | *Chulliana: First Holy Communion* |
| *12 Monday: .......................* | *Bathery: MSMI Jubilee* |
| *14 Wed- 16 Thurs: ............* | *KCYM Youth Synod* |
| *15 Thursday:.......................* | *Thazhekaniyaram: Blessing of New School* |
| *18 Sunday: .........................* | *General Transfer of Priests* |
| *19 Mon - 23 Fri: ................* | *Qatar* |
| *24 Saturday: .......................* | *Vincentgiri: Final Profession and Jubilee* |
| *27 Tue - 28 Wed: ................* | *MMC: Priests' Gathering and Jubilee celebrations* |
| *29 Thu - 31 Sat: ..................* | *Engaged* |

# Auxiliary Bishop's Programme



***April 2025***

*04 Friday: ..................... Rajapuram: Convention: Holy Mass*
*06 Sunday: ..................... Chundel: Jubilee Pilgrimage: Message*
*11 Friday: ...................... Pilgrimage to Cathedral*
*13 Sunday: ..................... Morning: Kenichira: Palm Sunday*
*Evening: ................ Vazhikkadavu: Way of the Cross*
*16 Wednesday:.................. Engaged*
*17 Thursday: .................. Narivalamunda: Maundy Thursday*
*18 Friday: ...................... Kurumbalakotta: Good Friday*
*19 Saturday: ................... Evening: Payyampally: Easter*
*21 Monday: ................... Santhigiri: First Communion*
*24 Thursday: ................ Marakavu: Ordination: Dn Shone Perukunnel RCJ*
*Evening: ................ Thamarassery: PMOC: Jesus Fraternity: Holy Mass*
*22 Tues- May 3 Sat: ........ Auditing*
*26 Saturday: .................. Morning: Dwaraka: Firist Communion*
*Evening: ................... Alattil: First Communion*
*27 Sunday: .................... Pathiripadam: First Communion*
*Chokkad: Holy Mass and Baptism*
*27 Sun - 30 Wed: ............ Major Seminarians Gathering*
*30 Wednesday: ................ Dwaraka: SABS: Golden Jubilee and First Profession*

***May 2025***

*01 Thursday: .................. Dwaraka: CML Gathering*
*03 Saturday: ................... Morning: Ondayangady: First Communion*
*Evening: ........... Kolavayal: Platinum Jubilee: Holy Mass*
*04 Sunday: ...................... Nadavayal: Convention: Holy Mass*
*07 Wednesday: ............... Nadavayal: CMC: First Profession*
*10 Saturday: Morning: ... Thariode: First Communion: Dwaraka : Sadgamaya*
*11 Sunday: ................. Kavummandam: Pastoral Visit*
*12 Monday: .................... Engaged*
*14 Wed-16 Fri: ................ Dwaraka: Youth Synod*
*17 Saturday: ................... Cheengavallam: First Communion*
*18 Sunday: ..................... Pookkottumpadam: First Communion: General Transfer of Priests*
*24 Saturday: .................. Vincentgiri: Jubilee Cum Final Profession*
*25 Sunday: ..................... Karimani: Pastoral Visit*
*27 Tue - 28 Wed:................ MMC: Priests' Gathering and Jubilee celebrations*